2053

# പ്രൊമെത്യൂസ്

## എസ്കിലസ്

വിവർത്തനം

ഡോ. എസ്. കെ. നായർ

[illegible]

~~No. 2523.~~
2653

# പ്രൊമെത്യൂസ്

പ്രസാധകന്മാർ
**സാഹിത്യപ്രവത്തക സഹകരണ**
**സംഘം ലിമിററഡ്**

GRANDHA SALA
THENNOORKONAM
VENGANOOR, A. O.

[Malayalam]

# PROMETHEUS

(A GREEK TRAGEDY)

AESCHYLUS

Translated by

Dr. S. K. NAYAR, M. A., Ph. D.

First Impression December 1957

Copyright held by C. K. Suresh

Publishing right held by C. L. Meenakshi Amma

PRINTED AT THE INDIA PRESS, KOTTAYAM

Copies 1000

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL

KOTTAYAM KERALA STATE

Rs. 1·75

ക്ര.:25523.

# പ്രൊമെത്ത്യൂസ്

7053

എസ്കിലസ്

വിവർത്തനം

ഡാക്ടർ എസ്. കെ. നായർ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1·75

GRANTHASARANA
GRANDHA SALA
THENNOORKONAM
VENGANOOR, A. O.

## എസ്. കെ. നായരുടെ

## കൃതികൾ

| | |
|---|---|
| സംസ്കാരകേദാരം | (ലേഖനങ്ങൾ) |
| കലാചിന്തകൾ | ,, |
| നമ്മസല്ലാപം | ,, |
| സെബുന്നിസാ | (നാടകം) |
| മുല്ലപ്പൂമാല (തർജ്ജമ) | ,, |
| പ്രൊമെത്യൂസ് ,, | ,, |
| തരംഗരംഗം | (റേഡിയോനാടകങ്ങൾ) |
| ഞാൻ കണ്ട സാഹിത്യകാരന്മാർ | |

S760 B530 58/57-58

~~൭൫൨൪~~
2053

# അവതാരിക

മനുഷ്യൻ,—എന്നു പിറന്നവനാവട്ടെ, എവിടെപ്പിറന്നവനാവട്ടെ—മനുഷ്യന്റെ സഹോദരൻതന്നെയാണ്. ഇന്നത്തെ മനുഷ്യൻ ലോകമൊന്നാകെ നേടിയ സമ്പത്തിന്ന് അവകാശിയുമാണ്. ഈ സമ്പാദ്യങ്ങളിൽ ഏററവും വിലപ്പെട്ട ഒന്നത്രേ യവനനാടകം.

ക്രിസ്തുവിന്ന് ഒരായിരം സംവത്സരങ്ങൾക്കു മുൻപാണു യവനസംസ്കാരം മാനവചരിത്രത്തിൽ അവതാരംകൊണ്ടതു്. അഞ്ചു ശതവർഷംകൊണ്ടു്—ക്രി. മു. അഞ്ചാംശതകത്തിൽ—അതു് അത്യുജ്ജ്വലമായ ഒരു ദശാസന്ധിയിൽ എത്തുകയും ചെയ്തു. യവനനാടകകല അതിന്റെ ഏററവും ഉന്നതനിലവാരത്തിലെത്തിയതും ആ സുവർണ്ണശതകത്തിൽ തന്നെയാണ്.

ലോകത്തിലെ ജനതകളുടെ ഭാഷ പലതാണ്; പക്ഷേ, ജീവിതാനുഭവങ്ങൾ എല്ലാവർക്കും ഒന്നുതന്നെ. അതുകൊണ്ടു് അവയുടെ വിനിമയം എടുക്കുന്നവനും കൊടുക്കുന്നവനും ലാഭമുണ്ടാക്കുന്നു. ലിപിയും ശബ്ദവും അർത്ഥത്തിന്റെ ചിഹ്നമായതുകൊണ്ടു ഭാഷ പ്രതീകാത്മകമാണ്. അതുപോലെ, കലയും ഒരു ചിഹ്നരൂപമായ ഭാഷയാണ്. അതിനാൽ, കലകളുടെ നിഗൂഢാർത്ഥതയും അവയുടെ പരിണതരൂപങ്ങളും സുഗ്രഹമാവാൻ അവയുടേതായ പ്രതീകങ്ങളെപ്പററി ആദ്യം പഠിക്കേണ്ടിയിരിക്കുന്നു. യവനനാടകത്തിന്റെ സന്ദേശമെന്തെന്നു് ആരായുന്നതിനു മുൻപു് അതിന്റെ ആകാരവൈശിഷ്ട്യത്തെപ്പററി അറിഞ്ഞിരിക്കണം.

അടുത്തകാലത്തു മലയാളത്തിലുണ്ടായ ഒരു യവനനാടകപരിഭാഷയുടെ മുഖവുരയിൽ, യവനനാടകം — ശുഭാന്തവും ദുരന്തവും "കാമുകനികളുടെ ആവിർഭാവത്തിൽ ആഹ്ലാദിച്ചുകൊണ്ടു മദ്യത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷിക്കപ്പെടുന്ന പെരുന്നാൾ" ആയിരുന്നുവെന്നും, തന്മൂലം അതു് "സന്മാർഗ്ഗപരമായോ സാമൂഹ്യമായോ യാതൊരു നിയന്ത്രണത്തിനും അധീനമായിരുന്നില്ല" എന്നും കുറിച്ചുകണ്ടു. ഇതു്

തീരെ ശരിയല്ല; ശുഭാന്തനാടകത്തിന്റെ ഉത്പത്തി ഇങ്ങനെയായിരുന്നെങ്കിലും ദുരന്തനാടകത്തിൻേറതു തീരെ വിഭിന്നമായിരുന്നു. ഇതിനെപ്പററി 'ഗോപുരം' ദ്വൈമാസികത്തിൽ ഞാനെഴുതിവരുന്ന 'യവനസാഹിത്യചരിത്ര'ത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. സിസിലിയിലെ ഉത്സവവേളകളിൽ തനി നാടന്മാരുടെ ഇടയ്ക്കുണ്ടായ ഒരു വിനോദമാണു ശുഭാന്തനാടകങ്ങൾക്ക്—ഇവയെ പ്രഹസനങ്ങൾ എന്നു വിളിക്കുകയായിരിക്കും ഭേദം—ജന്മകാരണമായതു്. സാമൂഹ്യജീവിതത്തെ നിയന്ത്രിക്കുവാനാണ് ഈ പ്രഹസനങ്ങൾ ഹാസ്യശരങ്ങൾ ചൊരിഞ്ഞതു്. പലപ്പോഴും അതു് അതിരുകവിഞ്ഞു പോയിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. പക്ഷേ, അവയുടെ സന്മാർഗ്ഗപരമായ ഉദ്ദേശ്യം മറക്കുന്നതു ശരിയല്ല. ജനസമൂഹം ഈ കഠിനവിമർശനങ്ങളൊക്കെ പൊറുത്തതും അവരുടെ ആന്തരികമായ സന്മാർഗ്ഗനിഷ്ഠയുടെ സത്ത ഒന്നുകൊണ്ടു മാത്രമാണ്. ദുരന്തനാടകമാകട്ടെ, ആഥൻസിലെ സംസ്കൃതാശയരായ നാഗരികരുടെ സംയുക്താരാധനയിൽനിന്നുമാണു പിറന്നതു്. ഡയോണൈസസ് എന്ന ദേവതയ്ക്കുവേണ്ടി, ഭരണകൂടം നടത്തിയ ആ ദേശീയോത്സവത്തിൽ, വളരെ ഉയൎന്ന ഉദ്യോഗസ്ഥന്മാരും ആരാധകന്മാരായി പങ്കുകൊണ്ടിരുന്നു.

ജനങ്ങൾ പല സംഘങ്ങളായി തിരിഞ്ഞു് ദേവതയുടെ പാർഷദന്മാരെന്നപോലെ വേഷമണിഞ്ഞു ബലിപീഠത്തിനു മുൻപിൽനിന്നു സംഘഗാനം ആലപിക്കാറുണ്ടായിരുന്നു. കാലക്രമേണ സംഘനേതാവു മററു രണ്ടു ഗായകരോടൊപ്പം ആ ഗായകസംഘത്തിൽനിന്നു വിട്ടുമാറി പ്രധാന നടന്മാരായി പരിണമിക്കയാണുണ്ടായതു്. എങ്കിലും ഗായകസംഘം പില്ക്കാലത്തും നിലനിന്നു; ഗ്രീക്കുനാടകകൃത്തുകൾക്ക് ആ ഗായകസംഘത്തെക്കൊണ്ടു് ഏററവും കലാപരമായ ഒരു ധർമ്മം നിർവ്വഹിപ്പിക്കാൻ കഴിഞ്ഞു; പിന്നീടു പറയാം അതിനെപ്പററി.

ഗായകസംഘം ആലപിക്കുന്ന ഗീതങ്ങൾ ഡയോണൈസസ്ദേവൻെറ വീരപരാക്രമങ്ങളെ പ്രശംസിച്ചുകൊണ്ടായതിനാൽ,ഈ ആരാധന എളുപ്പത്തിൽ നാടകരൂപംകൈക്കൊണ്ടു. ക്രമേണ മററു വീരകഥകൾ നാടകത്തിനു ഇതിവൃത്തങ്ങ

ളായി, എങ്കിലും നാടകാന്ത്യത്തിൽ ഡയോണൈസസ്സിനെ സമാരാധിക്കുക എന്ന ചടങ്ങു നിലനിന്നു. മാത്രവുമല്ല, നാടകം നടന്നുകൊണ്ടിരിക്കുമ്പോൾ ഡയോണൈസസ്സിൻെറ ഒരു പ്രതിമ രംഗമണ്ഡപത്തിൽ ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു; ഈ രൂപാന്തരംവന്ന ആരാധനയും—നാടകം—ആ ദേവൻെറ അങ്ഗീകാരത്തിനാണു സമർപ്പിച്ചിരുന്നതു്! ഇക്കാരണത്താൽത്തന്നെ, അശ്ലീലമായ യാതൊന്നിനും യവനമഹാനാടകത്തിൽ കാര്യമില്ല. ദുരന്തനാടകത്തിൽ ചുടുനിണം പുഴപോലെ ഒഴുകും. പാപം പുകഞ്ഞെരിഞ്ഞു ശ്വാസംമുട്ടിക്കും. പക്ഷേ, ഇതൊന്നും സദാചാരത്തിൽനിന്നുള്ള വ്യതിയാനമല്ല. ദുരാചാരപ്രവണത കാണിക്കുന്നതു് ഇതിവൃത്തത്തിലെ കഥാപാത്രങ്ങളാണു്. നാടകത്തിൻെറ നിഗമനം മനുഷ്യകർമ്മത്തിൻെറ—സുകൃതത്തിൻെറയും ദുഷ്കൃതത്തിൻെറയും ഒരുപോലെ—ഫലഭൂയിഷ്ഠതയെയാണു സൂചിപ്പിക്കുന്നതു്.

എസ്കിലസ് (ക്രി. മു. 525–456) വിശ്വസാഹിത്യത്തിലെ ഏററവും മികച്ച നാടകകൃത്തുകളിൽ ഒരാളാണു്; ബന്ധനസ്ഥനായ പ്രൊമെത്യൂസ് ആവട്ടെ അദ്ദേഹത്തിന്റെ ഒന്നാംതരം കൃതികളിൽ ഒന്നും. ടൈററന്മാർ എന്നറിയപ്പെടുന്ന ദൈത്യന്മാരുടെ വംശവിച്ഛേദംവരുത്തി സേയൂസ് (സ്യൂസ്= ദേവേന്ദ്രൻ) സ്വന്തം സാമ്രാജ്യം സ്ഥാപിച്ചു. അദ്ദേഹം മനുഷ്യനെ സൃഷ്ടിച്ചു; പക്ഷേ, മനുഷ്യവംശം അദ്ദേഹത്തെ വെറുപ്പിച്ചു. സേയൂസ് അതിനെയും നശിപ്പിക്കാൻ നിശ്ചയിച്ചു. എന്നാൽ ടൈററന്മാരിൽ ഒരാളായ പ്രൊമെത്യൂസ് സ്വർഗ്ഗത്തിൽനിന്നു് അഗ്നി—ജീവിതോപകരണങ്ങളുടെ നിർമ്മാണത്തിനു നിദാനമായ അഗ്നി—മോഷ്ടിച്ചു് മനുഷ്യനു നല്കി; കൂട്ടത്തിൽ അനേകം കലാരഹസ്യങ്ങളും. ഇതിനാണു പ്രൊമെത്യൂസ് ബന്ധനസ്ഥനായതു്. സേയൂസ് അദ്ദേഹത്തെ തീവ്രയാതനയ്ക്കു പാത്രമാക്കിയതും ഇതുമൂലമാണു്.

ഒരു നാടകത്തിനു് അത്യന്തം വൈഷമ്യമുളവാക്കുന്ന കഥാവസ്തുവാണു് ഈ ഐതിഹ്യത്തിലുള്ളതു്. നാടകകൃത്തു് സേയൂസ്സിൻെറ പക്ഷം പിടിച്ചാൽ മനുഷ്യനുവേണ്ടി യാതനയനുഭവിക്കുന്ന ഒരു മഹാനെ വിഗണിച്ചെന്നുവരും; ദൈത്യവംശജൻെറ പക്ഷത്തിലായാലോ? എന്നാൽ പിന്നെ ചോദി

ക്കാനില്ല. യാഥാസ്ഥിതികർ ഒന്നാകെ അദ്ദേഹത്തോട്ട് എതിരിട്ടു. നാടകകല ഒരു പരിശുദ്ധ ദേവാരാധനയായി നിലക്കൊൾകെ, പാരമ്പര്യത്തെ നിഷേധിക്കുന്ന യാതൊന്നും അതിൽ പാട്ടുള്ളതല്ലല്ലോ. ഏതായാലും എസ്കിലസ്സിന്റെ രചനാത്മകമായ ഭാവനയിൽനിന്നു രൂപമെടുത്ത ഈ നാടകമാവട്ടെ വിഷയത്തിലും വിധാനത്തിലും യവനമാനസത്തെ മാത്രമല്ല, ദേശാന്തരജനതാഹൃദയങ്ങളെയും ആകർഷിച്ചു കഴിഞ്ഞിട്ടുണ്ട്. താന്തോന്നിത്തത്തിനും വിധിയുടെ ക്രൂരതയ്ക്കും എതിരായി മനഃശക്തി സമരം ചെയ്യുന്നതാണ് ഈ നാടകത്തിലെ പ്രതിപാദ്യം. ക്രി. മു. അഞ്ചാംശതകത്തിലാണ് ഗ്രീസിൽ ആദ്യമായി പാരമ്പര്യവിശ്വാസത്തെ യുക്ത്യധിഷ്ഠിതമായ ഒരു ചിന്താഗതി ചോദ്യം ചെയ്തതു്. ആ വിശ്വാസത്തെ എതിർത്ത സോക്രട്ടീസിനെ മരണശിക്ഷയ്ക്കു വിധിച്ച രംഗത്തിനു സാക്ഷി നിന്നതു് അടുത്ത തലമുറയാണ്.

എസ്കിലസ് ഈ നാടകത്തിൽ മാമൂലിന്റെ കക്ഷിയോ യുക്തിപക്ഷപാതിയോ എന്നു തീർത്തുപറയുക ഇപ്പോൾ സാദ്ധ്യമല്ലാതെ വന്നിരിക്കുന്നു. ബന്ധനസ്ഥനായ 'പ്രൊമെതൃസ്'' അദ്ദേഹം രചിച്ച ഒരു 'നാടകത്രയ'ത്തിലെ ഒരു കണ്ണി മാത്രമാണ്; മററതു രണ്ടും നഷ്ടപ്പെട്ടിരിക്കുന്നു. യവനന്മാരുടെ ഐതിഹ്യമനുസരിച്ച് പ്രൊമെതൃസ് അവസാനം സേയൂസ്സിനോടു ക്ഷമായാചനം ചെയ്യുന്നുണ്ട്. എസ്കിലസ് ഒരുപക്ഷേ, ഈ പുരാണകഥയിൽനിന്നും വ്യതിചലിച്ചില്ലായിരിക്കാം. അങ്ങനെയാണെങ്കിൽ പോലും അദ്ദേഹം ദേവാസുരന്മാർക്കുണ്ടായ ഈ ഒത്തുതീർപ്പിനു ശരിക്കും ഒരു നൂതനവ്യാഖ്യാനം നൽകിയിരിക്കുമെന്നു തീർച്ചയാണ്. കാരണം, അദ്ദേഹം അത്രമാത്രം അന്ധനായ ഒരു യാഥാസ്ഥിതികനല്ലായിരുന്നു. മാത്രവുമല്ല, എസ്കിലസ്സിന്റെ യുക്തിചിന്ത, യാഥാസ്ഥിതികർക്കു നീരസം ജനിപ്പിക്കത്തക്കവണ്ണം, മുന്നോട്ടുപോയിരുന്നു എന്നുള്ളതിനു് വേറെ ലക്ഷ്യങ്ങളുമുണ്ട്. അദ്ദേഹത്തോടൊപ്പം പാരസികരോടു പടപൊരുതിയ അദ്ദേഹത്തിന്റെ സഹോദരൻ, അഥീനിയൻ നിയമസഭയുടെ മുൻപിൽ തന്റെ നഗ്നമായ വിരിമാറിടം, വീരകിണാങ്കിതമായ വിരിമാറിടം, കാട്ടിക്കൊടുത്തു് തങ്ങൾ ഇരുവരും ചെയ്ത വീരകൃത്യ

ങ്ങളെപ്പററി ഭരണാധികാരികളെ അനുസ്മരിപ്പിച്ചു; അതിനു ശേഷമാണു് എസ്കിലസ്സിനു ദണ്ഡനവിധിയിൽനിന്നും രക്ഷകിട്ടിയതു്! ഗായകസംഘത്തിൻെറ കത്തവ്യം പ്രേക്ഷകരുടെ ധാമ്മികമായ മാനസപ്രതികരണങ്ങൾ ഉണത്തി അവയെ പ്രതിനിധാനം ചെയ്യു എന്നതാണു്; ഈ നാടകത്തിലെ ഗായകസംഘമായ സാഗരകന്യകകൾ കഥാനായകൻെറ പക്ഷത്തുനിന്നു് അദ്ദേഹത്തോടുള്ള സഹാനുഭൂതി പ്രസ്പഷ്ടമാക്കുന്നുമുണ്ടു്. എങ്കിലും അവരും അവരുടെ യാഥാസ്ഥിതികമനോഭാവം തീരെ കൈവെടിയുന്നതായി കാണുന്നില്ല.

ഒരു പക്ഷേ, എസ്കിലസ് ഈ ധമ്മസങ്കടത്തിനെല്ലാം ഒരു പരിഹാരം ആ നഷ്ടപ്പെട്ട നാടകങ്ങളിൽ കണ്ടിരുന്നിരിക്കണം; അതിനു തക്കതായ ഒരു വിശാലാന്തരീക്ഷം അദ്ദേഹം അവയിൽ സൃഷ്ടിച്ചുകാണും. തീ കണ്ടുപിടിച്ചതു മനുഷ്യന്റെ ശാസ്ത്രഗവേഷണത്തിനു ഒരു നല്ല പ്രതീകമാണു്. പക്ഷേ, കണ്ടുപിടിത്തത്തിൽനിന്നുള്ള അറിവു് യഥാത്ഥ ജ്ഞാനമാകുന്നില്ല. സദ്ഗുണംകൊണ്ടു് ആ അറിവിനെ സത്യജ്ഞാനമായി രൂപാന്തരപ്പെടുത്താമെന്നുള്ളതു ശരിതന്നെ. വിലക്കപ്പെട്ട അറിവിൻെറ കനിതിന്ന മനുഷ്യനെ ദണ്ഡനവിധിക്കു വിധേയനാക്കിയ വേദപുസ്തകകഥ ഒരഗാധസത്യത്തെയാണു വെളിപ്പെടുത്തുന്നതു്. ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളുടെ മഹോന്നതതലത്തിലെത്തിയ മനുഷ്യപ്രതിഭ, ഇന്നു മാനവവംശത്തെത്തന്നെ നശിപ്പിക്കാൻപോരുന്ന അണുകായുധത്തെ കണ്ടെത്തി, അതിനെ നിയന്ത്രിക്കാൻ നിവ്വാഹമില്ലാതെ വിഷമിക്കുന്നതു നോക്കുക! തന്മൂലം അറിവു് എന്നതു് തകരാറുണ്ടാക്കുന്ന ഒരവസ്ഥാവിശേഷമാണു്. അതിനെ ശരിക്കു വിനിയോഗിക്കുന്നതിനു മുൻപു് യാതനാഗ്നിയിൽ നീററിയെടുത്തു ശുദ്ധീകരിക്കതന്നെ വേണം. ലോകസഹായത്തിനെത്തുന്നവർ ഒരൊററമിത്രവുമില്ലാതെ ഒററപ്പെട്ടു പോയേക്കാം. രക്ഷകനെ ലോകം കുരിശിൽ തറച്ചേക്കാം. എങ്കിലെന്തു്? ദൃഢവിശ്വാസത്തെ ഭേദ്യമോ ചോദ്യമോ ചെയ്യുന്ന അധൈര്യം അങ്ങനെയുള്ള ഒരാൾക്കു് ഉണ്ടാകുകയില്ല. ശ്രമിക്കുക; കിണഞ്ഞു ശ്രമിക്കുക; ഉഗ്രപരീക്ഷണങ്ങൾക്കു വിധേയനാകുക; എങ്കിലല്ലാതെ, ലോകത്തിലെ അന്തർഹിത നിയമങ്ങ

ളോടും കർമ്മലക്ഷ്യങ്ങളോടും മററു ജീവിതപരിപാടികളോടും സമരസപ്പെടുക സാദ്ധ്യമല്ലെന്നു തീർച്ച. ഈ നാടകത്തിന്റെ ആന്തരതത്ത്വം ചുരുക്കത്തിൽ ഇത്രയുമാണ്.

ഈ നാടകപരിഭാഷയിൽ എനിക്കും ഒരു മുൻകൈ ഉണ്ടെന്നു ഞാൻ അവകാശപ്പെട്ടപ്പോൾ, ഡോക്ടർ എസ്. കെ. നായർക്ക് ഉള്ളിൽ എന്തു തന്നെ തോന്നിയാലും ശരി, പുറമെ പച്ചയായി എന്നെ എതിർക്കാൻ ധൈര്യം വരികയില്ല. ഈ പരിഭാഷയുടെ ഒരു ഭാഗം ഞാൻ പ്രഭാതം വാർഷികപ്പതിപ്പിൽ വായിക്കയുണ്ടായി. "ദിവ്യമാം ആകാശമേ..." എന്നു തുടങ്ങുന്ന ആ ഗാനം യവനസാഹിത്യത്തിൽ അത്യന്തസുന്ദരമെന്നു പേരെടുത്തിട്ടുള്ളതാണ്. ഡോക്ടർ നായർ അതെങ്ങനെ പരിഭാഷപ്പെടുത്തി എന്നറിയാൻ ആ ഭാഗം ഒന്നുറ്റുനോക്കി. തർജ്ജമയുടെ അസാധാരണമായ പരിശുദ്ധിയും സൗന്ദര്യവും എന്നെ ആകർഷിച്ചു. എത്രയുംവേഗം ഈ തർജ്ജമ പൂർത്തിയാക്കണമെന്നു ഞാൻ നിർബ്ബന്ധവുമായി. സാഹിത്യഅക്കാദമി സംബന്ധിച്ച ചില ജോലിത്തിരക്കുകൾ നിമിത്തം അദ്ദേഹം ഈ തർജ്ജമ കുറച്ചുനാളേയ്ക്കു നിർത്തിവയ്ക്കുകയുണ്ടായി. നയരഹിതമായ എന്റെ നിരന്തരപ്രേരണ ഒരുപക്ഷേ, അദ്ദേഹത്തെ ഒട്ടേറെ ശല്യപ്പെടുത്തിയും കാണും. വിശ്വസാഹിത്യത്തിലെ ഒരുത്തമകൃഷ്ടകൃതി മലയാളം വായനക്കാർക്കു പരിചയപ്പെടുത്തിക്കൊടുത്തു് ആത്മസംതൃപ്തി അടയുന്നതിലേറെ എന്റെ ഈ ബാധ ഒഴിച്ചുമാററാനാണോ അദ്ദേഹം പരിഭാഷ ഒടുവിൽ പൂർത്തിയാക്കിയതെന്നു് എനിക്കു ഇപ്പോഴും തീർച്ചയില്ല. യവനനാടകങ്ങളിലെ സംഘഗാനത്തിൽ പിന്നണിയായി സ്വതേ വേണുവും വീണയുമാണു വായിക്കുക. അവയുടെ നാദവിശേഷങ്ങൾ ഇന്നു വിലയം പൂണ്ടുകഴിഞ്ഞു. നഷ്ടീഭൂതമായ ആ ഗാനമാധുരി ഡോക്ടർ നായരുടെ ഗാനാത്മകവൃത്തവിശേഷങ്ങളിലൂടെ ഉയിർത്തെഴുന്നേററു വരുന്നതായി അനുഭവപ്പെട്ടു.

ഇവിടെ നിർത്തട്ടെ; ഗ്രന്ഥകാരന്റെയും വായനക്കാരന്റെയും ഇടയ്ക്കു കയറി അധികംനേരം നില്ക്കുന്നതു് അത്ര പന്തിയല്ല.

കൃഷ്ണചൈതന്യ

# കടപ്പാടുകൾ

ഒരിന്ത്യൻഭാഷയിൽ പ്രൊമെത്യുസിനുണ്ടായ ഒന്നാമത്തെ വിവൎത്തനമാണു ഇതെന്നു് അറിയുന്നു.

വിവൎത്തനവിഷയത്തിൽ ഒന്നുരണ്ടു നിൎബന്ധങ്ങൾ എനിക്കുണ്ടായിരുന്നു. എൻേറതായി ഈ വിവൎത്തനത്തിൽ ഭാഷമാത്രമേ പാടുള്ളു; മറെറാരുവിധത്തിലും സ്വാതന്ത്ര്യം കാണിക്കരുതു്. അതൊന്നു്. കഴിയുന്നതും ഇതൊരു തൎജ്ജമയാണെന്നു തോന്നരുതു് വായിക്കുന്നവൎക്കു് എന്നതായിരുന്നു രണ്ടാമത്തെ വാശി. ആദ്യത്തേതിൽ ഞാൻ ജയിച്ചുനില്ക്കുയാണു്; രണ്ടാമത്തേതു് എങ്ങനെയായെന്നു പറയേണ്ടതു്, നിങ്ങൾ വായനക്കാരാണു്. ഗ്രീക്കുഭാഷയിലുള്ള മൂലകൃതി (സവ്യാഖ്യാനം), നാലഞ്ചു ആംഗ്ലേയവിവൎത്തനങ്ങൾ ഇവയാണു് എൻെറ തൎജ്ജമക്കുള്ള അവലംബങ്ങൾ. ഇവയിൽ പ്രത്യേകിച്ചൊന്നിനെ ഊന്നിയെന്നോ ഇല്ലെന്നോ പറക വയ്യ. സ്പഷ്ടതയും ലാളിത്യവും ഏതിൽ ഏതുഭാഗത്തിനാണു കൂടുതൽ തോന്നിയതു് അതിനെയാണു ഞാൻ കൂടുതൽ ആശ്രയിച്ചിട്ടുള്ളതും.

ഗ്രീക്കുപദങ്ങളുടെ മലയാളീകരണത്തെപ്പററി ഒരു വാക്കു്. സേയൂസ്, സൂയസ്, സ്യൂസ് എന്നിങ്ങനെ ഒരാളുടെ തന്നെ പേരു പലതരത്തിൽ മലയാളവിവൎത്തനങ്ങളിൽ വന്നാൽ അതത്ര പന്തിയല്ലല്ലോ. ഇതിനുമുൻപുണ്ടായ ഒന്നുരണ്ടു വിവൎത്തനങ്ങളിൽ യവന നാമങ്ങൾ ഉപയോഗിച്ചിട്ടുള്ളതിനെപ്പററി ചില വാദപ്രതിവാദങ്ങളും അടുത്തകാലത്തു് ഉണ്ടായിക്കണ്ടു. യവനഭാഷയും സംസ്കൃതവും ഒരേഗോത്രത്തിൽപ്പെട്ടവയായതുകൊണ്ടു് അവക്കുള്ള ശാബ്ദസാമ്യം മുൻനിൎത്തി

അല്പം ചില സ്വാതന്ത്ര്യങ്ങൾ—ദുഃസ്വാതന്ത്ര്യങ്ങൾ?—ഞാൻ കാണിച്ചിട്ടുണ്ടു്. തൈത്താന്മാർ വാസ്തവത്തിൽ ദൈത്യന്മാരല്ലേ? പ്രൊമെതൃസ് എന്ന പദത്തിൻെറ അൎത്ഥമോ? ടിപ്പണിയിൽ സൂചിപ്പിച്ചിട്ടുള്ളപോലെ പൂൎവ്വമേധസ്സും പ്രൊമെതൃസും ഒന്നാവാൻ തരമില്ലേ?* പക്ഷേ, അത്രമാത്രം ദുഃസ്വാതന്ത്ര്യത്തിനു ഞാൻ ഒരുമ്പെട്ടില്ല. വൃത്തസൗകര്യവും പ്രയോഗസൗകുമാര്യവും ഉദ്ദേശിച്ചു് ചില പേരുകൾ—വിശേഷിച്ചും സ്ഥലനാമങ്ങൾ തെല്ലൊന്നു പരത്താനോ ഒതുക്കാനോ നോക്കിയിട്ടുള്ളതൊഴികെ ഭൂരിപക്ഷം പേരുകളും മൂലഭാഷാനുസൃതമായി കൊണ്ടുവന്നിട്ടുണ്ടു്. അങ്ങനെ ഇല്ലെന്നുതോന്നുന്നപക്ഷം മലയാളക്കരയിലുള്ള യവനഭാഷാപണ്ഡിതന്മാർ സദയം തിരുത്തിവായിപ്പാനപേക്ഷ.

തൎജ്ജമ ഒരു മാസംകൊണ്ടു് യഥാസൗകര്യം നിറവേററി; എങ്കിലും ഏതാണ്ടു് ഒരു സംവത്സരക്കാലം ഈ പരിഭാഷ എൻെറയും എൻെറ ചില സുഹൃത്തുക്കളുടെയും നിഷ്കൃഷ്ടനിരീക്ഷണത്തിനും പരിശോധനക്കും പാത്രമായി പലയിടത്തുമായി ഓടിനടന്നിട്ടുണ്ടു്. അതുകൊണ്ടു് ഈ കൃതിക്കുണ്ടായിട്ടുള്ള മേന്മ ചെറുതുമല്ല. അതുകൊണ്ടു ഈ കൃതി വിശേഷാന്തരമായ ഒരു വിവൎത്തനമായെന്നു അൎത്ഥമാകുന്നുമില്ല! അനേകം സുഹൃത്തുക്കളുടെ പേരുകൾ ഇവിടെ എടുത്തുപറയാനുണ്ടു്—ഈ കൃതി പരിശോധിച്ചവരുടേതായും മററും. എൻെറ പ്രിയമാതുലൻ ചാണാന്ത്ര മാധവൻനായരാണു് ഈ തൎജ്ജമയിൽ പ്രഥമമായും പ്രധാനമായും എന്നെ സഹായിച്ചിട്ടുള്ളതു്. കൂടെയിരുന്നു മൂലഗ്രന്ഥങ്ങളുടെ പാഠാന്തരങ്ങൾ വായിച്ചും വ്യാഖ്യാനിച്ചും അദ്ദേഹം എന്റെ പരിശ്രമത്തെ ഒട്ടേറെ ലഘൂകരിച്ചി

---

* സ്വൎഗ്ഗത്തിൽനിന്നു അഗ്നിമോഷ്ടിച്ചു മനുഷ്യൎക്കു നൽകിയ മാതരിശ്വാവിൻെറ കഥ ഋഗ്വേദത്തിലുണ്ടു്. മാതരിശ്വാവും പ്രൊമെതൃസും ഒന്നായിരിക്കാൻ ന്യായമുണ്ടു്.

ട്ടുണ്ട്. അദ്ദേഹത്തോടൊപ്പം തന്നെ ജി. രാമചന്ദ്രൻ, ജനാർദ്ദനൻ തുടങ്ങിയ യുവസ്നേഹിതന്മാരും ഒട്ടേറെ ക്ലേശം സഹിച്ചു. പണ്ഡിതോത്തംസവും സഹൃദയശ്രേഷ്ഠനും കലാതത്വമർമ്മജ്ഞനുമായ പ്രൊഫസർ പി. സി. ദേവസ്യ എം. ഏ. ഇതിൻെറ ആദ്യഭാഗങ്ങൾ 'ജയഭാരത'ത്തിൽ പ്രകാശിപ്പിക്കയും പ്രോത്സാഹജനകങ്ങളായ കത്തുകൾകൊണ്ട് എൻെറ വിവർത്തനവ്യവസായത്തെ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പി. ഐ. ചെറിയാൻ, അഭയദേവ് എന്നീ സാഹിതീപ്രണയികളായ ഗായകസുഹൃത്തുക്കളുടെ കണ്ഠമാധുരി ഇതിലെ പല ഭാഗങ്ങൾക്കും ഒരപൂർവ്വസുഷമ ചേർക്കാൻ സഹായിച്ചു. ഡോ. കുഞ്ഞുണ്ണിരാജാവും ആനന്ദക്കുട്ടനും കെ. സി. എബ്രാഹവും (കണ്ടത്തിൽ) പി. സി. കുര്യനും (നീലംപേരൂർ) ശ്രദ്ധാപൂർവ്വം ഈ കൃതി വായിച്ചുനോക്കിയതുകൊണ്ട് പലഭാഗങ്ങളും തിരുത്തിനന്നാക്കാൻ വിവർത്തകനു കഴിഞ്ഞു.

പാശ്ചാത്യസാഹിത്യങ്ങളിലും പൗരസ്ത്യകലാവിശേഷങ്ങളിലും അഗാധപാണ്ഡിത്യം നേടിയ കൃഷ്ണചൈതന്യ—കെ. കെ. നായർ, ഡയറക്ടർ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ഇന്ത്യാഗവമെൻ്റ്—ഈ കൃതി അവതരിപ്പിക്കാൻ സർവ്വഥാ അർഹനെന്നു ആ അവതാരികതന്നെ തെളിയിക്കുന്നു. വിലയേറിയ ആമുഖാഭിപ്രായങ്ങൾ നൽകി എന്നെ പ്രോത്സാഹിപ്പിച്ച ഡോക്ടർ കെ. എം. ജോർജ്, ഡോക്ടർ കുഞ്ഞുണ്ണിരാജാ എന്നിവർ എൻെറ നന്ദി കരുതിയല്ലാ അപ്രകാരം ചെയ്തതെന്നു സ്പഷ്ടം. ആ രണ്ടു ഡാക്ടറന്മാരും എൻെറ ഇടതുകണ്ണും വലതുകണ്ണുമാണ്, സാഹിത്യസപര്യയിൽ. ഇതിൻെറ കൈയെഴുത്തുപ്രതികൾ തയ്യാറാക്കാൻ ഒട്ടേറെ ക്ലേശം സഹിച്ച തെക്കൻവീട്ടിൽ ശിവശങ്കരപ്പിള്ള (കടുങ്ങല്ലൂർ) ചെയ്ത സേവനം വിസ്മരിക്കത്തക്കതല്ല.

ഇനി വേദനാജനകമായ ഒരു കഥകൂടി പറയട്ടെ. ഞാൻ

അത്രമാത്രം കാര്യമായി രചിച്ച ഈ കൃതി, അതിൻെറ അന്തസ്സിനും ആഭിജാത്യത്തിനും ഒത്തവണ്ണം പുറത്തിറങ്ങണമെന്ന ഉദ്ദേശ്യം എനിക്കുണ്ടായിരുന്നതിനാൽ, ഈ കൃതിയുടെ കൈയെഴുത്തുപ്രതി, ഞങ്ങളുടെ ചാൻസലറും മദിരാശിഗവർണ്ണരുമായിരുന്ന ശ്രീ. ഏ. ജെ. ജോണിനെ, അദ്ദേഹത്തിൻെറ ആകസ്മികമായ നിര്യാണത്തിനു ഒരു മാസംമുൻപേ കാണിച്ചു. മതപരമായി തകരാറുകളൊന്നുമില്ലെങ്കിൽ ഇതിൻെറ സമർപ്പണത്തിനു സമ്മതം നൽകാമെന്നും അദ്ദേഹം അന്ന് ഏല്ക്കുകയുണ്ടായി. മൂലഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും ഞാൻ ഏല്പിച്ചു. അദ്ദേഹം അനാരോഗ്യം കൊണ്ട് അവശനായിരിക്കുമ്പോഴാണു ഞാനീ അഭ്യർത്ഥന നടത്തിയത്. ആ സമയത്തും ആ നല്ല മനുഷ്യൻ അശേഷം വൈമനസ്യംകാട്ടാതെ, ഈയുള്ളവനുവേണ്ടി ക്ലേശംസഹിക്കാൻ തയ്യാറായകഥ ഓക്കുമ്പോൾ, അടക്കാനാവാത്ത വ്യഥയാണു ഇന്നു തോന്നുന്നതു്....... ആ നല്ലമനുഷ്യൻെറ പാവനസ്മരണക്കു ഈ കൃതി സമർപ്പിക്കട്ടെ.

ഈ കൃതി മുദ്രണംചെയ്യാൻ സദയാനുമതിതന്ന സർവ്വകലാശാലാഅധികൃതരോടും എനിക്കു് കടപ്പാടുണ്ട്.

ലക്ഷ്മീനിലയം,
30—11—1957.

ഡോക്ടർ എസ്. കെ. നായർ

# ആമുഖം

സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ സംസ്കാരം, ഭാഷ, സാഹിത്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിൽ മതിപ്പും അഭിമാനവും വൎദ്ധിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന്നുപാധിയായിരിക്കത്തക്ക യോഗ്യത മലയാളഭാഷയ്ക്കു് അടുത്തെങ്ങും ഉണ്ടാകയില്ല എന്നു വിചാരിക്കുന്ന ആളുകളുടെ ഇടയിൽപ്പോലും നമ്മുടെ ഭാഷയെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചും ഉള്ള അഭിമാനം വർദ്ധിച്ചുവരുന്നു എന്നതിനു സംശയമില്ല. ഭാഷാഭിമാനം എല്ലാവൎക്കും വേണ്ട ഒരു ഗുണം തന്നെയാണെങ്കിലും, അതു മററു ഭാഷാസാഹിത്യങ്ങളെക്കുറിച്ചുള്ള അജ്ഞതയിൽ അടിസ്ഥാനപ്പെട്ടതാണെങ്കിൽ അഭിലഷണീയമായി ഗണിച്ചുകൂടാ. ഭാരതഖണ്ഡത്തിൽ സാഹിത്യം തഴച്ചുവളൎന്നിട്ടുള്ള പതിന്നാലു ഭാഷകളിൽ ഒന്നുമാത്രമാണു മലയാളം. പക്ഷെ, മററു ഭാഷകളിലെ വിശിഷ്ടകൃതികളെക്കുറിച്ചു മലയാളികളുള്ള അറിവ് എത്രയോ തുച്ഛമാണ്. സംസ്കൃതം മാത്രമാണു കഷ്ടിച്ച് ഒരപവാദമായി കണക്കാക്കാവുന്നതു്. ഇനി ഇന്ത്യയ്ക്കു വെളിയിലേയ്ക്കു് ഒന്നു കണ്ണോടിച്ചുനോക്കുക. ചൈനീസ്, ജാപ്പനീസ്, അറബിക്, പേഴ്സ്യൻ, ഗ്രീക്ക്, ലത്തീൻ, ഫ്രഞ്ച്, ജൎമ്മൻ, ഇംഗ്ലീഷ്, റഷ്യൻ, നോർവേജിയൻ, സ്പാനിഷ് ഇങ്ങനെ ഈടുററ സാഹിത്യസൃഷ്ടികളുടെ കലവറകളായ എത്ര ഭാഷകളാണു ള്ളതു്! ലോകവ്യാപ്തി ലഭിച്ചിട്ടുള്ള ഇംഗ്ലീഷ്ഭാഷ മുഖേനയാണ് നാം ഇവയെക്കുറിച്ച് അല്പമെങ്കിലും അറിയുന്നതു്.

സാഹിത്യസംപുഷ്ടമായ ഭാഷകളിലെല്ലാംതന്നെ അനേകനാളത്തെ താരതമ്യപുരസ്കൃതമായ ആസ്വാദനംമൂലം അന്ന

D. V. ... GRANDHA SALA
THENNOORKONAM
VENGANOOR, A. O.

ശ്വതത പ്രാപിച്ചിട്ടുള്ള ഏതാനും കൃതികൾ ഉണ്ടല്ലോ. ഇവയാണു ക്ലാസ്സിക്കുകൾ എന്ന പേരിൽ വ്യവഹരിക്കപ്പെടാറുള്ളതു്. എഴുത്തച്ഛന്റേയും കുഞ്ചൻനമ്പ്യാരുടേയും ഉണ്ണായിവാര്യരുടേയും പ്രധാന കൃതികൾ മലയാളത്തിലെ ചുരുക്കം ചില ക്ലാസ്സിക്കുകളിൽ ഉൾപ്പെടുന്നു. ഇതുപോലുള്ള ക്ലാസ്സിക്കുകൾ ഇന്ത്യയിലുള്ള പ്രധാന ഭാഷകളിലെല്ലാംതന്നെയുണ്ടു്. പക്ഷേ, ലോകക്ലാസ്സിക്കുകൾ (World Classics) എന്ന നിലവാരത്തിൽ അഖിലലോകപ്രശസ്തിയാൎജ്ജിച്ചിട്ടുള്ള കൃതികൾ നമ്മുടെ വകയായിട്ടു് എത്രയുണ്ടു്? ഈ പരിഗണനയിൽ തലകുനിക്കാതെ നില്ക്കുവാൻ നമ്മെ സഹായിക്കുന്നതു സമ്പന്നമായ സംസ്കൃതസാഹിത്യം മാത്രമാണെന്നു ഓൎക്കേണ്ടതാണു്. ലോകക്ലാസ്സിക്കുകളായി ഒരു നൂറു കൃതികൾ എടുക്കുമ്പോൾ, ഇന്ത്യയുടേതായി, മൂന്നോ നാലോ കൃതികൾ മാത്രമേ ഉണ്ടാകയുള്ളു. അത്തരം മഹാകൃതികളിൽ ഭൂരിഭാഗവും യൂറോപ്യൻഭാഷകളുടെ പേരേടിലാണു കാണപ്പെടുന്നതു്. മലയാളത്തിനു് ഈ രംഗത്തിൽ എത്തിനോക്കുവാൻപോലും ഇതേവരെ സാധിച്ചിട്ടില്ല എന്ന കാൎയ്യമാണു നമുക്കിവിടെ പ്രത്യേകം ചിന്തിക്കുവാനുള്ളതു്. നമ്മുടെ ചില വിശിഷ്ടകൃതികൾ കോട്ടവും വാട്ടവും കൂടാതെ ഇംഗ്ലീഷിൽ തൎജ്ജമ ചെയ്യപ്പെട്ടിരുന്നെങ്കിൽ ആ രംഗത്തു പ്രവേശിക്കാൻ കഴിഞ്ഞേനെ എന്നു് നമ്മിൽ ചിലർ പറയാറുള്ളതുപോലെ സഹോദരീഭാഷക്കാരും പറയാറുണ്ടു്. ഇതിൽ കുറെ പരമാൎത്ഥം കണ്ടേക്കാമെന്നും സമ്മതിക്കുന്നു. എങ്കിലും ലോകസാഹിത്യമാകുന്ന വിസ്തൃതവിഹായസ്സിൽ ഒരമ്പിളിക്കുഞ്ഞിനെ അയയ്ക്കാനായി ഇന്നും വെമ്പിക്കൊണ്ടിരിക്കുന്ന ഒരു കൊച്ചുസാഹിത്യമാണു കൈരളി എന്നു നമുക്കു വിനയപൂൎവ്വം സമ്മതിച്ചുകൂടെ?

ഈ വിനയവും മുൻപു സൂചിപ്പിച്ച അഭിമാനവും പരസ്പരവിരുദ്ധങ്ങളല്ല. വാസ്തവത്തിൽ ഇതു രണ്ടുംകൂടി ഒരു

വ്യക്തിയിൽ ഉണ്ടാകുമ്പോഴാണ് അയാൾ കൈരളിയുടെ പുരോഗതിക്കുവേണ്ടി യത്നിക്കുവാൻ പ്രേരിതനാകുന്നതു്. നമ്മുടെ ഭാഷയും സാഹിത്യവും അഭിവൃദ്ധിപ്പെടുത്തുവാൻ പല മാർഗ്ഗങ്ങളുള്ളതിൽ അതിപ്രധാനമായ ഒന്നാണു് മററു സാഹിത്യങ്ങളുമായി ഇടപെഴകുവാൻ അവസ്ഥ കഴിയുക എന്നതു്. ഒരു സാമൂഹ്യജീവിയായ മനുഷ്യനു കല, വിജ്ഞാനം തുടങ്ങിയ ഏതു തുറയിലും കൈവരുന്ന വളർച്ച, അതാതു രംഗങ്ങളിൽ ലഭിക്കുന്ന സമ്പക്കത്തിൻെറ വിപുലതയും ദൃഢതയും മഹനീയതയും അടിസ്ഥാനമാക്കിയിരിക്കും. നമ്മുടെ എഴുത്തുകാക്കോ വായനക്കാക്കോ ലോകത്തിലുള്ള എല്ലാ പ്രധാനപ്പെട്ട ഭാഷകളും പഠിച്ചു വിപുലമായ തോതിൽ സാഹിത്യാസ്വാദനം നടത്തുക എന്നതു സാദ്ധ്യമല്ല. അപ്പോൾ, ലോകക്ലാസ്സിക്കുകളായ വിശിഷ്ടകൃതികളുമായുള്ള സമ്പക്കം സാധിതപ്രായമാക്കാനുള്ള ഏകമാർഗ്ഗം തർജ്ജമയാണെന്നു സിദ്ധിക്കുന്നു. ആ മാർഗ്ഗത്തിൽ ഇനി നമുക്കു ലഭിക്കേണ്ട ലോകോത്തരകൃതികളുടെ ബാഹുല്യത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഹൃദയമുള്ളവർ ഒന്നു നടുങ്ങിപ്പോകും. തർജ്ജമ ഒരു രണ്ടാംതരം പണിയാണെന്നു് ഒരു തെററിദ്ധാരണ ചില എഴുത്തുകാരുടെ ഇടയിലുണ്ടു്. തർജ്ജമചെയ്യുന്ന കൃതി രണ്ടാംതരമോ തർജ്ജമക്കാരൻ അപ്രഗത്ഭനോ ആയാൽ ഫലം രണ്ടാംതരമായിരിക്കും എന്നതു ശരിതന്നെ. വിദേശഭാഷകളിൽനിന്നും ഒന്നാംതരം കൃതികൾ തെരഞ്ഞെടുക്കുവാൻ പ്രയാസമില്ല. പക്ഷേ, നല്ല തർജ്ജമക്കാരെ കിട്ടുവാനാണു പ്രയാസം. സാഹിത്യകൃതികൾ തർജ്ജമ ചെയ്യുമ്പോൾ ആശയപുഷ്ടിയും കലാസൗഷ്ഠവവും നഷ്ടപ്പെടുത്താതെ കാര്യം സാധിക്കുവാൻ എത്രയോ ബുദ്ധിമുട്ടുണ്ടു്! രണ്ടു ഭാഷകൾ നല്ലവണ്ണമറിയുന്ന ഒരാൾ നല്ല തർജ്ജമക്കാരനായിരിക്കണമെന്നില്ല. തർജ്ജമക്കാരൻ ഏതു ഭാഷയിലേയ്ക്കു് തർജ്ജമ ചെയ്യുന്നുവോ ആ ഭാഷയിലെ അംഗീകരിക്കപ്പെട്ട ഒരെ

ഴുത്തുകാരനായിരിക്കണം; എങ്കിലേ തർജ്ജമ നന്നാവുകയുള്ളു. ഏതു ഭാഷയിൽനിന്നും അയാൾ തർജ്ജമചെയ്യുന്നുവോ, ആ ഭാഷയിൽ സാഹിത്യകൃതികൾ തികച്ചും ആസ്വദിക്കുന്നതിനുള്ള പാടവം ഉണ്ടായാൽ ധാരാളം മതിയാകും. മൂലകൃതിയുടെ സാഹിത്യമൂല്യം എത്രയധികമായിരിക്കുന്നുവോ അത്രത്തോളം തർജ്ജമയുടെ പ്രയാസവും വർദ്ധിക്കുന്നു. ഈ മാനദണ്ഡംവച്ചു നോക്കുമ്പോൾ, അനേകശതം വർഷങ്ങൾ അനേകലക്ഷം ജനങ്ങളുടെ അകമഴിഞ്ഞ ആസ്വാദനത്തിനു് വിധേയമായിച്ചമഞ്ഞു് അനശ്വരത നേടിയിട്ടുള്ള ക്ലാസ്സിക്കുകളുടെ തർജ്ജമ എത്ര കൃച്ഛ്റസാദ്ധ്യമാണെന്നു വിശദമാകുന്നുവല്ലോ. വെറുതേയല്ല അവയിൽ ബഹുഭൂരിപക്ഷവും കൈരളിയുടെ കരലാളനങ്ങൾക്കു വിധേയമാകാതെ ഇന്നും അകലെത്തന്നെ സ്ഥിതിചെയ്യുന്നതു്.

ഭാരതീയ സാഹിത്യങ്ങളിൽ സംസ്കൃതത്തിനുള്ള സ്ഥാനമാണു്, യൂറോപ്യൻസാഹിത്യങ്ങളിൽ യവനസാഹിത്യത്തിനുള്ളതു്. യവനസാഹിത്യത്തിൽ എസ്കിലസ്സിനും, എസ്കിലസ്സിൻെറ നാടകങ്ങളിൽ 'ബന്ധനസ്ഥനായ പ്രൊമെത്യൂസിനും' ഉള്ള സ്ഥാനം അദ്വിതീയമെന്നുതന്നെ പറയാം. സേയ്യൂസ്സിൻെറ കൊടിയമർദ്ദനത്തെ മനുഷ്യജാതിയുടെ ഉന്നമനത്തിനുവേണ്ടി സഹിക്കുന്ന പ്രൊമെത്യൂസിൻ്റെ കഥയിൽ നാടകീയമായി അവതരിപ്പിക്കുന്ന പ്രശ്നം അനന്തമായ ചിന്തയ്ക്കു് ഇടം നല്കുന്ന ഒന്നാണു്; അതിലെ കലാവൈഭവം മേത്തരവുമാണു്. എങ്ങനെ നോക്കിയാലും ലോകസാഹിത്യത്തിലെ ഒരതിവിശിഷ്ടരത്നമാണു് ഈ കൃതി എന്നതിനു് സംശയമില്ല. പക്ഷേ, 'ഈ ബന്ധനസ്ഥനായ പ്രൊമെത്യൂസ്'' മലയാളത്തിലേക്കു് വിമോചനം നേടുവാനായി അനേകം വർഷങ്ങൾ ഒരു എസ്സ്. കെ. നായർക്കുവേണ്ടി കാത്തുനിൽക്കേണ്ടി വന്നുവെന്നതു് ചിന്താർഹമായ ഒരു കാര്യമല്ലേ?

മൂലരൂപത്തിലും ആംഗലവേഷത്തിലും പ്രൊമെത്യൂസിനെ കണ്ടുരസിച്ചിട്ടുള്ള അനേകം സഹൃദയന്മാർ മലയാളദേശത്തുണ്ടായിട്ടുണ്ട്. പക്ഷേ, അവരിൽ ആരുംതന്നെ അയാളെ കൈരളിയിൽ അവതരിപ്പിക്കാൻ മുതിർന്നിട്ടില്ല. അഭികാമ്യമെങ്കിലും അതീവദുഷ്കരമായ ആ കൃത്യം ഇതാ ഡോക്ടർ എസ്സ്. കെ. നായർ സാധിച്ചിരിക്കുന്നു. ഇന്നൊരു ഗദ്യകാരനായി പേരെടുത്തിരിക്കുന്ന ഡോക്ടർ നായർ സാഹിത്യക്കളരിയിൽ ആദ്യം പയററിയതു് ഒരു പദ്യകാരനായിട്ടാണു് എന്നതു് ഒരു പക്ഷേ, പുതിയ തലമുറ വേണ്ടത്ര അറിഞ്ഞില്ലെന്നു വരാം. അങ്ങനെ പദ്യരചനയിൽ വിജയം വരിക്കുവാൻ വേണ്ട അച്ചടക്കവും പദസ്വാധീനതയും പണ്ടേ നേടിയിട്ടുള്ളവനും, ക്ലാസ്സിക്കസാഹിത്യത്തിൻെറ വശ്യശക്തിക്ക് വിശിഷ്യ വശംവദനുമായ ഡോക്ടർ നായർ, ഈയിടെയായി ലോകക്ലാസ്സിക്കുകളുടെ പദ്യാത്മക വിവർത്തനത്തിലേക്കു് തിരിഞ്ഞിരിക്കുന്നതു് ചാരിതാർത്ഥ്യജനകംതന്നെ. യവനനാടകമഞ്ജരിയിൽനിന്നും ഇതളുകളൊന്നും കൊഴിയാതെ അതിസൂക്ഷ്മം ഇറുത്തു് കൈരളിയുടെ മുൻപിൽ ആദ്യമായി അദ്ദേഹം അർച്ചനചെയ്തിരിക്കുന്ന ഒരു സുന്ദര സൂനമാണു് ഈ പ്രൊമെത്യൂസ്.

ബന്ധനസ്ഥനായ പ്രൊമെത്യൂസിൻെറമൂലം ഗ്രീക്കുഭാഷയിലാണെന്നു പറഞ്ഞുവല്ലോ. ശാകുന്തളത്തിനു പല മലയാളതർജ്ജമകൾ ഉള്ളതുപോലെ, പ്രൊമെത്യൂസിനു് പല ഇംഗ്ലീഷ് തർജ്ജമകൾ ഉണ്ടായിട്ടുണ്ടു്. മിക്കവാറും അവയെല്ലാംതന്നെ പരിശോധിച്ചും അവയിലൊന്നു പ്രധാനാസ്പദമാക്കിയുമാണു് ഡോ. നായർ ഈ തർജ്ജമ സാധിച്ചിട്ടുള്ളതു്. അപ്പോൾ ഇതൊരു തർജ്ജമയുടെ തർജ്ജമയല്ലേ എന്നു ചോദിച്ചാൽ അതേ എന്നു സമ്മതിക്കണം. പക്ഷേ, ഇംഗ്ലീഷിലുള്ള മിക്ക തർജ്ജമകളും സൂക്ഷ്മവും സമഗ്രവുമായിട്ടുണ്ടു്. അവയെ

അടിസ്ഥാനമാക്കി വിവൎത്തനം നിൎവ്വഹിക്കുന്നതിൽ വലിയ പോരായ്കയൊന്നുമില്ല; ഇന്നത്തെ നിലക്കു് മലയാളത്തിൽ അതിലപ്പുറം സാദ്ധ്യവുമല്ല.

നല്ല ഒഴുക്കും ഓജസ്സുമുള്ള ഈ തൎജ്ജമ വായിച്ചുകൊണ്ടിരുന്നപ്പോൾ, മററു വിവൎത്തനങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുന്നതു് ഒരു അനിഷ്ട പ്രതിബന്ധമായി തോന്നിയെങ്കിലും, ഗ്രന്ഥകാരന്റെ പ്രത്യേകനിൎബ്ബന്ധം നിമിത്തം അതും കുറെയെല്ലാം ചെയ്കയുണ്ടായി. Cookson (Every Man's Library), Plumptre (Harward Classics) എന്നീ പണ്ഡിതന്മാരുടെ ഇംഗ്ലീഷ്തൎജ്ജമകളാണു് ഞാൻ പ്രത്യേകമായി നോക്കിയതു്. ആംഗലഭാഷയിലെ വൈചിത്ര്യസമൃദ്ധമായ ബ്ളാങ്ക്‌വേഴ്സുകളിൽ അടിയുറച്ചു കിടക്കുന്ന ആശയങ്ങളേയും സങ്കേതങ്ങളേയും, സാരാംശത്തിൽ ലേശം ഭേദം വരുത്താതെ, എഴുത്തച്ഛൻ കൈരളിക്കുകൊടുത്ത കേകയെന്ന മൂശയിൽക്കൂടി ഉരുക്കിഒഴുക്കി മിനുക്കിയൊരുക്കി നിരത്തിയിരിക്കുന്നകാഴ്ച ബഹുസന്തോഷവും തെല്ലത്ഭുതവുമാണു് (ഈയുള്ളവനിൽ) ഉളവാക്കിയതു്. ഒന്നുരണ്ടുദാഹരണങ്ങൾ എടുത്തു കാണിക്കട്ടെയോ!

“ദിവ്യമാമാകാശമേ വിദ്രുതം ചരിക്കുന്ന
ഭവ്യനാം ജഗത്പ്രാണാ, വാഹിനീ പ്രവാഹമേ
സൎവ്വദാപൊട്ടിച്ചിരിച്ചാൎത്തുചാഞ്ചാടിത്തുള്ളി
ഗൎവ്വമാൎന്നെഴും സപ്തസാഗര ഭംഗങ്ങളേ,
വിശ്വമാതാവേ! ധാത്രി! സൎവ്വസാക്ഷിതം പൂണ്ട
വിശ്വചക്ഷുസ്സേ! നിങ്ങളാഹന്ത കാണുന്നില്ലേ
ദേവന്മാർ വരുത്തിയോരത്യയമൊന്നാകവേ
ദേവനാമീഞാൻതന്നെ യേകനായ് സഹിപ്പതും?,...
മൎത്ത്യന്നു മഹാശക്തി ദാനംചെയ്കതുമൂലം
ദുഃഖത്തിൻ നുകത്തണ്ടിൽ ബദ്ധനായ് കഴിവൂ ഞാൻ

അവക്കു ജീവാധാര, മവർത്തൻ കലാമർമ്മം,
ഹരിച്ചേൻ ശതകുപ്പത്തണ്ടിന്മേൽ ജ്വാലാബീജം.
ഇത്രയാണപരാധം; ഇതിനാം വിണ്ണിന്നുഗ്ര-
വാത്യയേററഹോ നഗ്നൻ ബദ്ധനായ് തൂങ്ങീടുന്നു."

വിശേഷിച്ചൊരു പശ്ചാത്തലം കൂടാതെ ഈ വരികൾ വായിച്ചുകേൾക്കുന്ന ഒരാൾക്കു് മലയാളത്തിലെ ഏതോ ഒരു പഴയ കാവ്യത്തിലെ ഏതോ ഒരു ഭാഗമാണെന്നേ തോന്നുകയുള്ളൂ. തർജ്ജമയാണെന്നു പ്രത്യേകിച്ചു പറഞ്ഞറിയിക്കേണ്ടിയിരിക്കും. കിഴക്കാംതൂക്കായുള്ള പാറക്കെട്ടിൽ പ്രൊമെത്യൂസിനെ ബന്ധിച്ചശേഷം വിശ്വകർമ്മാവായ ഹെഫെസ്റ്റസ്സും, ശക്തി, ഹിംസ എന്നീ ഉഗ്രപ്രതിരൂപങ്ങളും വിട്ടുപോകുന്ന സന്ദർഭത്തിൽ ബന്ധനസ്ഥൻ ചെയ്യുന്ന ആത്മാലാപമാണു പ്രകൃതം. തർജ്ജമയാണെന്നും അതു് എത്രത്തോളം ഭദ്രമാണെന്നും തെളിയിക്കാനായി ഇംഗ്ലീഷ്മൂലം ഉദ്ധരിക്കുന്നു:

"Aether divine, and winds so swift of wing!
Springs of all rivers! Waves of all the seas,
With your multitudinous laughter! Earth,
All-mother,
And thou, all-seeing circle of the Sun,
See what I suffer—a God!—at hands of Gods!..."

* * * *

"For that privilege of power I gave to men,
The fount of flame I stole in the stalk of fennel,
Stay of their lives, and teacher of their arts.
Such was the guilt that hangs me pinioned here,
Bare to the blast of Heaven!......"

ഗാനസംഘത്തിൻെറ ആകാംക്ഷാപൂരിതമായ വചസ്സുകൾ കേട്ട് അല്പനേരം മൗനംപൂണ്ട പ്രൊമെതൃസ്, മനുഷ്യനു വേണ്ടി താൻ ചെയ്ത പ്രധാന കാര്യങ്ങൾ വിവരിക്കുന്നതു നോക്കുക:

"വാശിയും ധിക്കാരവുംകൊണ്ടല്ല മൗനംകൊണ്ടു
വൈശസംപൂണ്ടോരെന്നെയോർത്തു ഞാൻ ശോകം പൂണ്ടു.
ഞാനൊഴിഞ്ഞാരാണിന്നീപ്പുതുവിണ്ണോരെസ്ഥാന-
മാനാദിനൽകിപ്പോററി?— പറഞ്ഞിട്ടെന്തേ ഫലം?...
ചൊല്ലിടാം മനുഷ്യൻെറയഴലിൻ കഥയിനി
സ്വർല്ലോകാംഗനമാരേ, കേൾക്കുവിനതും നിങ്ങൾ.
ബാലിശമനസ്കരാം മർത്ത്യരെ യുക്തിചിന്താ
ശീലരായ് മാററിബ്ബോധജ്ഞാനത്തെ ദർശിപ്പിച്ചേൻ...
പണ്ടവർ, മനുജന്മാർ, കണ്ണുകളുണ്ടെന്നാലും
കണ്ടിടാൻ കെല്പററോരായ്കഴിഞ്ഞോരൊട്ടേറെനാൾ.
കേട്ടിട്ടും കേട്ടിടാത്തോ;രങ്ങനെയസ്പഷ്ടമാം
സ്വപ്നകോലങ്ങൾപോലെ നിർലക്ഷ്യംജീവിച്ചോരാം"...

എന്നിങ്ങനെ പോകുന്നതു്. ഇതുപോലെ മിക്ക ഭാഗങ്ങളിലും പ്രൗഢിക്കോ ചമത്ക്കാരത്തിന്നോ യാതൊരു കുറവും കൂടാതെ ആശയങ്ങളും വികാരങ്ങളും ലളിതമധുരമായ ഭാഷയിൽക്കൂടെ അനായാസേന പ്രവഹിക്കുന്നു.

ഒടുവിലായി ഒരു ഉദാഹരണംകൂടെ. 'അയോ' എന്ന കന്യക പോകേണ്ട വഴിയിൽ എന്തൊക്കെ ശ്രദ്ധിക്കണം എന്നു പ്രൊമെതൃസ് വിവരിക്കുന്നു:

"ആഴിപ്പെരുമ്പറയൊച്ചയെത്താതെയു-
ണ്ടൊരാൽ ഭയാനകം മൈതാന,മങ്ങുനീ
നേരേ കടക്കുകിൽ കണ്ടിടാം മൂവരെ
പാരം വയോവൃദ്ധനാരീജനങ്ങളെ,
'ഫോർസിസ്" തനയമാരാണവ,രന്നങ്ങൾ-
പോലെ വെളുവെളെന്നുള്ളവർ, വന്ധ്യകൾ,

മൂവക്കുകൂടിയും കണ്ണൊന്നു പല്ലൊന്നു,
മൂവരും വാഴുന്നിതന്ധതാമിസ്രയിൽ.
അല്ലുംപകലുമൊരുപോലെ, ചന്ദ്രാക്ക—
ഫുല്ലകിരണങ്ങളങ്ങെത്തിനോക്കിടാ.
മൂന്നു സഹോദരിമാരുണ്ടടുത്തങ്ങു—
മൂവക്കുമുണ്ടു ചിറകുകൾ—വാഴുന്നു.
മർത്ത്യരേററം ഭയന്നോട്ടുന്ന മാതിരി
അത്രയ്ക്കു ഭീകരദൃശ്യകളാണവർ
നീണ്ടു ചുരുണ്ടു വളഞ്ഞുള്ള പാമ്പുകൾ —
കൊണ്ടു തലമുടിനാരുകൾ ചേരുവോർ!
കണ്ടാൽ ഭയന്നു വിറച്ചു മരിച്ചുപോം;
മിണ്ടാതെ കണ്ണടോട്ടകന്നു നീ പോകണം."

വിദേശച്ചുവയില്ലാത്ത ഒന്നാന്തരം ഒരു വർണ്ണനയല്ലേ ഇവിടെ കാണുന്നതു്. മൂലവുമായി തട്ടിച്ചുനോക്കുമ്പോൾ കടുകിട മാററവുമില്ല. ഇതാണു് ഏതു ചരക്കും കേരളീയമായ മൂശയിൽ കരുപ്പിടിപ്പിക്കുന്നതിൽ ഡോ. നായർ കാണിച്ചിട്ടുള്ള ശില്പചാതുരിയെ ഞാൻ പ്രശംസിക്കുവാൻ കാരണം.

ആകെക്കൂടിപ്പറയുന്നപക്ഷം, ഡോ. നായരുടെ ഈ 'ബന്ധനസ്ഥനായ പ്രൊമെത്യൂസ്'' കൈരളിക്കു് ഒരു വിശിഷ്ടോപഹാരമാണെന്നതിനു യാതൊരു സംശയവുമില്ല. ലോകക്ലാസ്സിക്കുകളുടെ മാഹാത്മ്യം മലയാളികൾക്കു് കൂടുതൽ അനുഭവവേദ്യമാകുമാറു് ഇതുപോലുള്ള സംഭാവനകൾ അദ്ദേഹത്തിൽനിന്നും ഇനിയും പ്രതീക്ഷിക്കുന്നു. ഇഷ്ലിലിയേക്കാൾ ഇലിയഡ്ഡിനെ മാനിക്കുന്ന കുറെപ്പേരെങ്കിലും കേരളത്തിൽ ഉള്ളിടത്തോളം കാലം, ഡോ. നായരുടെ ഈദൃശസേവനങ്ങൾ വിലമതിക്കപ്പെട്ടുമെന്നതിനു സന്ദേഹമില്ല. ആശംസകൾ.

ന്യൂഡൽഹി
23-11-1957

ഡോ. കെ. എം. ജോർജ്ജ്

# അഭിപ്രായം

എസ്കിലസ്സിന്റെ 'പ്രൊമെത്യൂസ്'' എന്ന നാടകത്തിനു് യവനസാഹിത്യത്തിലും, വിശ്വസാഹിത്യത്തിൽ തന്നെയും, ഉള്ള സ്ഥാനം അത്യന്തം സമുന്നതമായ ഒന്നാണു്. ആററംബോംബുകളുടെയും സ്പുട്നിക്കുകളുടെയും കാലഘട്ടമായ ഇന്നു് പ്രത്യേകം ചിന്താർഹവും, മനുഷ്യരാശിയെ ഒന്നാകെ സ്പർശിക്കുന്നതുമായ ഒരു ശാശ്വതതത്വമാണു് മനുഷ്യർക്കു് ദേവലോകത്തുനിന്നു് അഗ്നി സമ്പാദിച്ചുകൊടുത്ത വിശ്വവീരനായ പ്രൊമെതൃസിൻെറ കഥ വഴി എസ്കിലസ് അവതരിപ്പിച്ചിട്ടുള്ളതു്.

സാഹിത്യകൃതികൾ തർജ്ജമചെയ്യുമ്പോൾ ഭാവാവിഷ്ക്കരണത്തിനും ശാസ്ത്രീയഗ്രന്ഥങ്ങൾ തർജ്ജമചെയ്യുമ്പോൾ ആശയാവിഷ്ക്കരണത്തിന്നുമാണല്ലോ പ്രഥമസ്ഥാനം നൽകേണ്ടതു്. മൂലത്തിലെ പ്രധാനപ്പെട്ട ആശയങ്ങൾ അധികമൊന്നും ചോൎന്നുപോകാതെതന്നെ, മൂലത്തിലെ ഭാവസ്ഫൂൎത്തി തികച്ചും പകൎത്തിയെടുക്കുവാൻ സാധിച്ച ഡോക്ടർ എസ്. കെ, യുടെ തൂലികക്കു ധന്യവാദം!

മദ്രാസ് യൂണിവെഴ്സിറ്റി,
1—11—1957. **ഡോക്ടർ കെ. കുഞ്ഞുണ്ണിരാജാ**

## കഥാപാത്രങ്ങൾ

പ്രൊമെത്യൂസ്

ഹെഫെസ്റ്റസ്

ശക്തി

ഹിംസാ

ഓഷ്യാനസ്

അയോ

ഹെർമെസ്

സാഗരകന്യകകൾ (ഗായകസംഘം)

# വംശാവലി

## ടൈറ്റാന്മാരും ദേവന്മാരും




എസ്ക്കിലസ് ഈ വംശാവലിയിലെ തേമീസും ഭൂദേവിയും ഒന്നാണെന്നു സങ്കല്പിക്കുന്നു

[സിഥിയൻകൊടുങ്കാട്ടിനടുത്തുള്ള ഒരു കടലിടുക്ക്. കിഴക്കാംതൂക്കായ ഒരു പാറക്കെട്ട്. ശക്തി, ഹിംസാ എന്നീ രണ്ട് ഉഗ്രപ്രതിരൂപങ്ങൾ പ്രൊമെത്യുസിനെ ബന്ധിച്ചുകൊണ്ടു പ്രവേശിക്കുന്നു. വിശ്വകർമ്മാവും അഗ്നിദേവതയുമായ ഹെഫെസ്റ്റസ് അവരെ അനുഗമിക്കുന്നു.]

ശക്തി

എത്തിനാമവസാനം പൃത്ഥ്വിതന്നന്ത്യസ്ഥാനം
മർത്ത്യനെത്താത്തോരുഗ്രം സിഥിയൻമഹാവനം
വിശ്വകർമ്മാവേ, ഭവാനിപ്പോഴാണോർക്കേണ്ടതു
വിശ്വനാഥനാമസ്മജ്ജനകൻതന്നോരാജ്ഞ.
കുത്തനെ നിൽക്കുന്നൊരിക്കൂററനാം പാറക്കെട്ടിൽ
കെട്ടണമിദ്രോഹിയെപ്പൊട്ടാത്ത തുടലിനാൽ!
ശപ്തമിക്കരമല്ലോ മോഷ്ടിച്ചു സമുജ്ജ്വല-
പുഷ്പിത സ്ഫുലിംഗത്തെ, ത്വത്കലാരഹസ്യത്തെ!
മർത്ത്യനായതു നല്കീ; തന്മൂലം സ്വർഗ്ഗത്തിൻെറ
ശക്തമാം പ്രതികാരമിവനെപ്പിടികൂടി.

അതിനാലവൻ സേയൂസ്സാമ്രാജ്യം മാനിക്കാനും
മനുജപ്രേമം മറന്നീടാനും പഠിക്കട്ടെ!

ഹെഫൈസ്റ്റസ്

ശക്തി! ഹേ ഹിംസേ! കേൾക്കിൻ സേയൂസ്സിന്നഭിലാഷം
വ്യക്തവൈഭവം! നിങ്ങളേതുമേ മടിക്കേണ്ട.
എങ്കിലുമധീരൻ ഞാനെങ്ങനെ ബന്ധിച്ചീടും
വൻകടലിടുക്കിലിദ്ദേവനെ, ച്ചെങ്ങാതിയെ?
എന്നാലും ചൂളില്ലഞാനെത്രയോ ഭയാനക-
മെന്നാവും സർവ്വേശന്റെ നിദേശം നിഷേധിച്ചാൽ.
നിഷ്കൃഷ്ടനീതിജ്ഞയാം തേമീസിൻസന്താനമാ-
മുത്കൃഷ്ടാശയ! നിന്നെ നിഷ്കൃപമിക്കൈകളാൽ
—നമ്മളിന്നിരുപേരുമൊരുപോൽവെറുക്കുമി-
ക്കർമ്മംഞാൻ ചെയ്യേതീരൂ—ശ്ശൂന്യമിപ്പാറക്കെട്ടിൽ
കെട്ടണം ഭവാനെഞാനഴകിപ്പോവാത്തൊരി-
ക്കട്ടിക്കാരിരുമ്പിന്റെ നീണ്ട ചങ്ങലകളാൽ!
മനുഷ്യസ്വരമെത്തിച്ചേരാത്തൊരിടമിതു
മനുഷ്യരാരുംനിന്നെയിന്നിമേൽ കാണില്ലല്ലോ.
സൗരതേജസ്സിൻജ്വാല നീററിടും കറുപ്പിക്കും
ചാരുത ചേരും നിന്റെ മേനിയെ മഷിപോലെ!
ആയതു തടഞ്ഞീടാൻ താരണിരജനിയെ-
യാശിക്കും ഭവാൻ; പിന്നെപ്പാതിര കഴിയവേ
കൊതിക്കും മുന്നേപ്പോലെ മഞ്ഞിനെത്തുരത്തുവാ-
നുദിക്കും പകലോന്റെ പാണ്ഡുരപ്രഭാപൂരം.
ഇങ്ങനെയസഹ്യമാം പീഡകൾ ഭവിച്ചീടും;
സങ്കടനിവൃത്തിക്കായാരുമേ പിറക്കില്ല!

അങ്ങനെയല്ലോ ക്രൂചി മർത്ത്യനെ സ്നേഹിച്ചതി-
നങ്ങൊരു ദേവൻ കഷ്ടം! മാനിച്ചു മനുഷ്യനെ.
വാനവകോപം തെല്ലുംക്രൂസാതെ നിസ്സാരമാം
മാനവപ്പരിഷയ്ക്കു ബന്ധുവായതുമൂലം
കണ്ണുകളിമയ്ക്കാതെ കാല്മുട്ടു മടക്കാതെ
ദണ്ഡിച്ചിക്കരിംപാറക്കെട്ടിലെക്കെട്ടിൽ നില്ക്കൂ!
ഹാ! കഷ്ടം! വൃഥാ ഭവാനാത്തരോദനം ചെയ്യൂ;
സെയൂസ്സിൻഹൃദയമിപ്പാറപോലഭേദ്യംതാൻ!
പുത്തനാമധികാരപ്രൗഢിയിൽ പ്രഭുക്കന്മാ-
രത്യന്തമനുകമ്പാഹീനരാണെല്ലാവരും.

ശക്തി

എന്തിപ്പോൾ വൈകിക്കുന്നി?തെന്തിനീയനുകമ്പ?
നിന്തിരുവടിയുടെ പുണ്യാഗ്നിജ്വാലാമാല
വഞ്ചിച്ചു നരന്നേകിദ്ദേവവിദ്വേഷത്തിന്നു
വഞ്ചികയായോനിവൻ നിന്ദ്യനങ്ങയ്ക്കും നൂനം!

ഹെഫെസ്റ്റസ്

ബന്ധുത്വം സഖിത്വവും;—ഉണ്ടിവയ്ക്കുഗ്രം ബലം.

ശക്തി

എങ്കിലും ലംഘിക്കാമോ സർവ്വേശനിദേശം നി-
ശ്ശങ്ക?മിന്നദ്ദേഹത്തെ ക്കൂടുതൽ പേടിക്കേണ്ടേ?

ഹെഫെസ്റ്റസ്

നിൻകരളറിയില്ല കാരുണ്യം ഗർവ്വല്ലാതെ!

ശക്തി

ഇവനെച്ചൊല്ലിപ്പരിദേവനം പാഴിൽത്തന്നെ
വിഫലമാക്കീടൊല്ല താവക പരിശ്രമം.

ഹെഫെസ്റ്റസ്

എൻകരചാതുൎയ്യങ്ങളാകവേ നശിക്കട്ടെ!

ശക്തി

എന്തിനു ശപിക്കുന്നിതിങ്ങനെ? വിപന്മൂലം
ചിന്തിക്കിൽ, തവ ശില്പചാതുരിയല്ലാ നൂനം

ഹെഫെസ്റ്റസ്

എന്നാലുമാശിപ്പൂ ഞാനന്യനെൻകലാശില്പ-
മൊന്നാകെ ലഭിച്ചെങ്കിൽ! ജീവിതം ഭാരാർദ്ദിതം

ശക്തി

അല്ലെങ്കിൽ ഭരിക്കേണം ദേവലോകത്തെ, സേയൂ-
സ്സല്ലാതെ മററാരുണ്ടു വിശ്വത്തിൽ സ്വതന്ത്രനായ്?

ഹെഫെസ്റ്റസ്

ശരിക്കും ധരിച്ചൂ ഞാനിപ്പോഴാത്തതാപം, മറെറ-
ന്തുരയ്ക്കും സമാധാനമില്ലെനിക്കൊന്നും ചൊല്‌വാൻ.

ശക്തി

പിന്നെന്തു? വിരഞ്ഞാലും; ചങ്ങല മുറുക്കൂ നീ;
മന്ദനായ് ജഗന്നാഥനങ്ങയെഗ്ഗണിച്ചാലോ?

ഹെഫെസ്റ്റസ്

നീതന്നെ ബന്ധിച്ചാലും; ചങ്ങലയൊരുക്കീ ഞാൻ.

ശക്തി

എന്നാലിങ്ങെടുത്താലും കൈക്കുഴയ്ക്കാണിവെച്ചു
നന്നായിക്കൂടംകൊണ്ടു ശക്തിയായടിച്ചാലും

ഹെഫെസ്റ്റസ്

ഞാനെൻെറ കൃത്യം ചെയ്തു; തെല്ലിതിലയവില്ല.

ശക്തി

അങ്ങനെ! പോരാ ബലം; കൂടുതൽ മുറുക്കണം
എങ്ങുമേയണുമാത്രമയവു വരുത്തൊല്ലാ.
ഇദ്രോഹി വിരുതനൊന്നിഴകിയിറങ്ങുവാൻ
വിദഗ്ദ്ധം, പഴുതെത്ര ചെറുതെന്നിരിക്കിലും.

ഹെഫെസ്റ്റസ്

അക്കൈയു തറച്ചു ഞാൻ; രക്ഷയില്ലിവനേതും.

ശക്തി

ഇക്കൈയും തറച്ചാലും വഞ്ചകനിവനിനി
ഓക്കണം സർവ്വജ്ഞനോടൊന്നുമാകാത്തോനെന്നായ്.

ഹെഫെസ്റ്റസ്

എൻകൃത്യമിതിൽ പഴിയേതുമേ കാണില്ലല്ലോ
ബന്ധനം ചെയ്യപ്പെട്ടോനൊഴികെ മററാരുമേ

ശക്തി

ആ വജ്രകീലത്താലിന്നിവനെത്തറയ്ക്കണം
ആഞ്ഞിനിക്കേററു നെഞ്ചിലായതിൻ ക്രൂരം ദംഷ്ട്രം

ഹെഫെസ്റ്റസ്

കഷ്ടമെൻ പ്രൊമെത്യൂസേ! നിന്നെയോർത്തിട നെഞ്ഞു
പൊട്ടുന്നു!......

ശക്തി

.........ശങ്കിക്കുന്നോ പിന്നെയും ഭവാനേവം?
സേയൂസ്സു വെറുത്തോനിൽ കാരുണ്യം കാട്ടീടുന്നോ?

ഹെഫെസ്റ്റസ്

ബീഭത്സം തന്നെ മുററുമിക്കാഴ്ച നിൻ കൺമുന്നിൽ!

ശക്തി

കാണ്മം ഞാൻ വേണ്ടും ശിക്ഷ കിട്ടിയ നികൃഷ്ടനെ;
ശൃംഖല വരിഞ്ഞാലും നെഞ്ഞെല്ലു തകരട്ടെ!

ഹെഫെസ്റ്റസ്

പോംവഴിയുണ്ടോ വേറെ! നിൎത്തുകീനിലവിളി.

ശക്തി

ഹാ! വിളിയെന്നോ? കൊള്ളാം! നിൎത്തുകില്ലതു;വീണ്ടു-
മാവിളിതന്നെ നിന്നെക്കൊണ്ടിതു ചെയ്യിച്ചീടും.
ഇറങ്ങു താഴെ;ച്ചേൎത്തു കെട്ടുക കണങ്കാൽകൾ

ഹെഫെസ്റ്റസ്

നുറുങ്ങുനേരം പോരുമീവേലയ്ക്കി;താ തീൎന്നു

ശക്തി

ആയത്തിൽ തറയ്ക്കുക പൂട്ടുകൾ; മുറുകട്ടെ
ആജ്ഞ നാമനുഷ്ഠിപ്പതാരുടെയെന്നോൎക്കണം

ഹെഫെസ്റ്റസ്

നിന്മൊഴി നിന്ദ്യംതന്നെ നിന്നുടെ കോലംപോലെ

ശക്തി

നിന്മനം നവനീതം നന്നായിട്ടലിയട്ടെ!
ഞാനൊരു മഹാദുഷ്ടൻ കൎക്കശനാണെന്നാലും
മാനിയാം ഭവാനെന്നിൽ കുററമാരോപിക്കൊല്ലാ.

ഹെഫെസ്റ്റസ്

പാദങ്ങൾ ബന്ധിച്ചു ഞാൻ പോയിടാം നമുക്കിനി,

ശക്തി

(പ്രൊമെത്ത്യൂസിനോട്)

കോയ്മകൊണ്ടാലുമിപ്പോൾ കൊട്ടുതാം നിൻഗർവ്വത്താൽ
പോയിനിക്കവെന്നാലും സ്വർഗ്ഗീയനിധികളെ!
മാനുഷന്നവ നൽകു കാണണമെനിക്കിപ്പോ-
ളാനരൻ വന്നു നിന്നെ രക്ഷിക്കും പ്രകാരങ്ങൾ
ദേവകൾ 'പ്രൊമെത്ത്യൂസെ'ന്നിട്ട പേർ നിനക്കിപ്പോൾ
കേവലം പാഴായ്വന്നു; നിന്നുടെ മേധാബലം
മുഴുവൻ പ്രയോഗിക്കിലാവില്ലിക്കെണ്ണിയുടെ
പഴുതിൽനിന്നും വിട്ടു വഴുതാനൊരിക്കലും!

(അവർ പോകുന്നു)

പ്രൊമെത്ത്യൂസ്

ദിവ്യമാമാകാശമേ, വിദ്രുതം ചരിക്കുന്ന
ഭവ്യനാം ജഗത്പ്രാണാ, വാഹിനീപ്രവാഹമേ,
സർവ്വദാ പൊട്ടിച്ചിരിച്ചാർത്തു ചാഞ്ചാടിത്തുള്ളി-
ഗ്ഗർവ്വമാർന്നെഴും സപ്തസാഗരഭംഗങ്ങളേ,
വിശ്വമാതാവേ! ധാത്രി! സർവ്വസാക്ഷിത്വംപൂണ്ട
വിശ്വചക്ഷുസ്സേ! നിങ്ങളാഹന്ത കാണുന്നില്ലേ
ദേവന്മാർ വരുത്തിയൊരത്യയമൊന്നാകവേ
ദേവനാമീഞാൻതന്നേയേകനായ് സഹിപ്പതും?
വ്രണമുണ്ടാക്കും ലോഹച്ചങ്ങലയെനിക്കായി-
പ്പണിതു പുത്തൻ വാഴ്ചക്കാരനാം ദേവേശ്വരൻ!
അതുലമവമാനം വേദനയിവയേറ്റൊ-
ട്ടുവശം നാളെത്ര ഞാൻ പോക്കണം ഭഗ്നാംഗനായ്

അങ്ങനെ തുടർന്നുപോം യാതന! എന്നാണാവോ
മങ്ഗലം പിറന്നീടുമദ്ദിനം താപാപഹം?
എന്തിനു മിഥ്യാലാപം? വരുന്നതെല്ലാംതന്നെ
സന്തതം തെളിഞ്ഞാണെൻ കൺമുന്നിൽ വിളങ്ങുന്നു.
മുന്നറിവില്ലാതെകണ്ടിന്നോളമാപത്സന്ധി-
യൊന്നുമെൻമുൻപിൽ വന്നുപെട്ടിട്ടില്ലസഹ്യമായ്
ഹാ! വിധിയജയ്യനാണാർക്കുമെന്നറിഞ്ഞു ഞാ-
നാവുംപോലനുഭവിച്ചീടണം ശിരോലേഖ!
എന്തു ദുർവ്വിധി!യൊന്നും മിണ്ടുവാനാളല്ലാ ഞാൻ;
എങ്കിലുമെന്തെങ്കിലും മിണ്ടാതെ കഴിയുമോ?
മർത്ത്യനു മഹാശക്തി ദാനംചെയ്തതുമൂലം
ദുഃഖത്തിൻനുകത്തണ്ടിൽ ബദ്ധനായ് കഴിവൂ ഞാൻ.
അവർക്കു ജീവാധാര,മവർതൻ കലാമർമ്മം,
ഹരിച്ചേൻ ശതകുപ്പത്തണ്ടിന്മേൽ ജ്വാലാബീജം.
ഇത്രയാണപരാധം; ഇതിനാം വിണ്ണിന്നുഗ്ര-
വാത്യയേററഹോ നഗ്നൻ ബദ്ധനായ്ത്തൂങ്ങീടുന്നു!

(ആരോ സംസാരിക്കുന്നതായി കേൾക്കുന്നു)

എന്തുവാനൊരുനാദം? തെന്നലിലല ചിന്നും
മന്ദസൗരഭമേവം ശൂന്യമിദ്ധരാന്തത്തിൽ?
വന്നതാരുവാനൊരു ദേവനോ? മനുജനോ?
കിന്നരസ്വരൂപനോ? വരുവാനെന്തേ ബന്ധം?
ഇണ്ടലാണ്ടെഴുമെന്നെ കാണ്മാനോ? ശരി,യിതാ
കണ്ടാലും! ഒരു ദേവൻ സന്താപബദ്ധൻ നില്പൂ.
മാനവസുതന്മാരെയേററവും മാനിക്കയാൽ
വാനവസദസ്സിങ്കൽ നിന്ദ്യനാ,യതും പോരാ

ഇന്ദ്രനും വെറുത്തുപോയ് ഞാനിതാസംബദ്ധനായ്;
എന്തിതു മൃദുരവം? ചൂഴവുമതിരുന്നു?
പക്ഷികൾ പറക്കുന്നോ? തൂവലിന്നൊലിതന്നെ
നിശ്ചയം വിഹായസ്സിൽ; ഭീരു ഞാനേതിങ്കലും.

(അന്തരീക്ഷത്തിലൂടെ ജലദേവതകളുടെ സംഘഗാനം കേൾക്കാകുന്നു.)

### സംഘഗാനം

അരുതരുതൊരുഭയമകതളിരി-
ലത്യന്തസൗഹൃദമെത്തി ഞങ്ങൾ
(അനുമതി, വരുവതിനിവിടെ ഞങ്ങൾ-
ക്കച്ഛനിന്നേകിയതില്ലെന്നാലും)
അനിലനിൽച്ചിറകടിച്ചുലകൾ ചേർത്തി-
ങ്ങാഗതരായ് ജവമാർന്നു ഞങ്ങൾ.
അടിക്കടിക്കടിക്കുമ്പോളുതിർന്നിടുന്നോ-
രായസനാദത്തിൻ മാറ്റൊലികൾ
അതിരയമെങ്ങളുടെ ചെവിയിലല-
ച്ചാകവേ നാണം വെടിഞ്ഞു ഞങ്ങൾ
അഴൽപ്പാടിൽ പാദുകകൾ മറന്നുപോകെ-
യാഴിതൻ ഗുഹയ്ക്കകം വിട്ടുപോന്നു.
അനിലനിൽച്ചിറകടിച്ചുലകൾ ചേർത്തി-
ങ്ങാശുഗവേഗത്തിലാഗതരായ്!

### പ്രൊമെത്യൂസ്

സന്താനസമ്പന്നയാം തെത്തീസിൻ പൈതങ്ങളേ,
സന്തതമനിമേഷം ലോകത്തെച്ചുഴന്നീടും

ജലധിക്കെഴും സ്വന്തമരുമപ്പെൺമക്കളേ,
സദയം കടക്കണ്ണാൽ നോക്കുകിക്കൈയാമങ്ങൾ!
വിണ്ണിനെച്ചൂണ്ടും കുന്നിൻമുടിയിൽ ബന്ദിയായോ-
രെന്നുടെ യാതനയ്ക്കു സാക്ഷിയായ് നിന്നീടുവിൻ.

ഗായകസംഘം

കാണ്മൂ ഞാൻ പ്രോമെത്യൂസേ, അത്യന്തം ഭയാനക-
യാകുമിക്കഠിനമാം ചങ്ങലക്കെട്ടും, പിന്നെ
താവകശിഥിലാങ്ഗം തറഞ്ഞുനില്ക്കും പാറ-
യാകവേ കാണ്മൂ; കൺകളിരുണ്ടു കണ്ണീരിനാല്.
ഓർക്കുക, സ്വർഗ്ഗലോകപ്രഭുത്വമൊരു പുത്തൻ
വർഗ്ഗത്തിനധീനമായ്; സേയൂസ്സിന്നാജ്ഞാചക്രം
നിഷ്ഠുരനീതിന്യായം പുതുതായ് പുലർത്തുന്നു
ശക്തമാം വഴക്കങ്ങൾ ചവിട്ടി മെതിക്കുന്നു.

പ്രോമെത്യൂസ്

അനന്തനരകത്തിലന്തകൻ പിതൃക്കളെ-
യവനംചെയ്തുകൊള്ളും പാതാളപ്രദേശത്തിൽ,
അവിടെദ്ദേവേന്ദ്രന്റെ നൈഷ്ഠുര്യമെന്നെ, രക്ഷാ-
കവചം കൂടാതെന്നും ബന്ദിയായ് പാർപ്പിച്ചെങ്കിൽ!
എങ്കിലിന്നാരുംതന്നെ ദേവനോ മററാരാനോ
എന്നെയിസ്സന്താപത്തിൽ ഹസിക്കാതിരുന്നേനെ!
അത്രഞാൻ ശത്രുക്കൾക്കു നിത്യവും പരിഹാസ-
പാത്രമായ് കാററിൻ കളിപ്പാട്ടമായാടീടുന്നു!

ഗായകസംഘം

എന്തിതു? പരിഹാസപാത്രമായെന്നോ, സ്വർഗ്ഗ-
ത്തിങ്കലുമുണ്ടോ ദേവനിത്രയ്ക്കു കഠോരനായ്?

ആരുവാനല്ലാ ദയാപൂരിതനങ്ങിൽ, സേയൂ-
സ്സേകനല്ലാതെ? ശരി,യത്ദ്രഹം ക്ഷമിക്കില്ല!
നിർദ്ദയനദ്രോഹത്തിൻ പകയ 'ക്രോണസ്'വംശം
നിശ്ശേഷം നശിപ്പിക്കും; അല്ലെന്നാലാരെങ്കിലും
വിപ്ലവമുണർത്തണം സ്വാരാജ്യസിംഹാസന-
മപ്പാടേ ഹരിക്കേണം സേയൂസ്സിൻ പക്കൽനിന്നും

പ്രൊമെത്യൂസ്

നിശ്ചയമുദിച്ചീടുമദ്ദിനം, നാകാധിപ-
നിച്ഛിക്കുമന്നെന്നോടു സാഹായ്യമപേക്ഷിക്കാൻ
തന്നതാം സിംഹാസനം മാഹാത്മ്യമിവകൊള്ളാൻ
പുതുതാം ഗ്രദ്ധോദ്ദേശ്യമൊന്നെങ്ങോ കിളക്കവേ
ആ രഹസ്യാന്വേഷണം ചെയ്യുവാനന്നാളെന്നോ
സേയൂസ്സു നിയോഗിക്കും തത്ബന്ദിയായോരെന്നെ!
എന്നെയാ മധുവാണീധാരയാൽ മയക്കാനും
പിന്നെയങ്ങൊരുമ്പെടാം നിഷ്ഫലം പേടിപ്പിക്കാൻ.
അമത്താനാവില്ലെന്നെ;യഴലും നാണക്കേടു-
മണച്ചോൻ സ്വയം പശ്ചാത്തപിച്ചേൻ
കെട്ടോരരേന്നും
അഴിച്ചു പരിഹാരം ചെയ്തിട്ടംവരെയൊന്നും
ലഭിക്കില്ലെന്നിൽനിന്നും നിശ്ചയമാനുകൂല്യം.

ഗായകസംഘം

എന്തൊരു ദുർവാശി!—ഈ രോഷജല്പനം
സന്താപമൂർച്ഛയിൽപ്പോലും കുറഞ്ഞില!
ആപത്തിനിയും വരുമെന്ന ഭീതിയാ-
ലാകെപ്പിടയ്ക്കുന്നിതെന്നുടെ ഹൃത്തടം

എന്നീയഴൽക്കൊടുങ്കാററിൽനിന്നും ഭവാൻ
വന്നണഞ്ഞീടുന്ന സങ്കേതസീമനി?
'ക്രോണസി'ൻ പുത്രൻെറ ചിത്തം കഠിനമാം
കേണപേക്ഷിക്കിലും തെല്ലുമിളകില്ല!

പ്രൊമെത്യൂസ്

സ്വേച്ഛയാ നിയമങ്ങൾ നടത്തും കാടൻ പ്രഭു
സൂക്ഷ്മമായറിയും ഞാ;നെങ്കിലുമവസാനം
മൃദുലചിത്തനായി മാറിടുമദ്ദേഹവും
നിയതം വിപത്ഭാരം സ്വേച്ഛയെ നിഹനിക്കും!
അപ്പൊഴക്കഠിനമാം ഹൃത്തടമലിഞ്ഞിടു-
മുത്പന്നമോദം സന്ധി യാചിക്കും; നല്കിടും ഞാൻ.

ഗായകസംഘം നേതാവ്

ഞങ്ങളോടോതുക, നേരെല്ലാമെന്തിനാ-
ണങ്ങയ്ക്കു സേയൂസ്സിശ്ശിക്ഷനൽകി?
ഇങ്ങനെ നാണക്കേടുണ്ടാക്കി യാതന-
തിങ്ങിടുമ്മാറൊരു ശിക്ഷയേല്ക്കാൻ
കുററമെന്താണങ്ങു ചെയ്തതെന്നുള്ളതു
തെററാകയില്ലെങ്കിൽ ചൊല്ലിയാലും!

പ്രൊമെത്യൂസ്

എങ്ങനെ ചൊല്ലും ശോകതിക്തമക്കഥ; മിണ്ടാ-
തിങ്ങിരിപ്പതുമേറെസ്സങ്കടം, കുഴങ്ങീ ഞാൻ.
അന്നൊരു ദിനം വിണ്ണിൽദ്ദേവന്മാർ പരസ്പരം
ഭിന്നിച്ചാരധീശത്വമാർക്കെന്നു വരുത്തുവാൻ.
ക്രോണസ്സിന്നധികാരം പിടിച്ചുവാങ്ങിക്കൊണ്ടു
സേയൂസ്സിൻ കരങ്ങളിലർപ്പിക്കാനൊരുകൂട്ടർ

മററുള്ളോർ സേയൂസ്സിന്റെ വെൺകൊററക്കുടക്കീഴിൽ
പററില്ലാ കഴിയുവാനെന്നോറേ ശഠിക്കുവോർ.
ഉത്തമമുപദേശം നല്കിനേൻ യുറാനസ്സിൻ
പുത്രരാം ഭൗമന്മാർക്ക്,ത്തൈത്താനവംശ്യർക്കായി.
കേട്ടതില്ലവരത്തു; ശഠിച്ചു ജയമാളാൻ
നിഷ്ഠുരബലത്താലേ നയത്തെ വിഗണിച്ചും!
എന്നമ്മ ഭൂമീദേവി 'തേമീസും' പലകുറി
മുന്നറിവിപ്പായ് ചൊല്ലിക്കേട്ടിട്ടുണ്ടീയുള്ളോനും
'ശക്തിയുമക്രമവുംകൊണ്ടല്ല ജയിക്കേണ്ട-
തെത്രയും സൂക്ഷ്മമാകും നയത്താ'ലെന്നിങ്ങനെ!
മാനിച്ചില്ലവരേതുമെന്നുപദേശം, സ്വയ-
മ്മാനികളവരെ ഞാൻ വെടിഞ്ഞേനതുമൂലം.
അമ്മയോടൊരുമിച്ചു സേയൂസ്സിൻകൂടെച്ചേർന്നു
സമ്മതമായീ ദേവദേവനുമതുതന്നെ.
ക്രോണസ്സും കൂട്ടക്കാരും നരകക്കുണ്ടിൽവീണു
കേണിടാൻ ഹേതുവെന്റെ തന്ത്രമൊന്നല്ലോ നൂനം!
ദേവാധിരാജനേവം സേവനംചെയ്യേനതി-
ന്നീവിധം പ്രതിഫലം! യാതന ഭുജിക്കണം!
വിശ്വാസംപുലർത്തുക സാദ്ധ്യമല്ലല്ലോ തെല്ലും
സ്വേച്ഛാധികാരംകൊള്ളും കൂട്ടർക്കു മിത്രങ്ങളിൽ.
ഇത്രമേലെന്നിൽക്കോപമാളുവാനപരാധ-
മെത്ര ഞാൻ ചെയ്യേനല്ലീ നിങ്ങളും ചോദിക്കുന്നു?
കേൾക്കുവിനെങ്കിലെന്റെ തെററുകളധികാര-
മേല്ക്കവേ സേയൂസ് ദേവവർഗ്ഗത്തിനാവുംവിധം
കല്പിച്ചാനധികാരം വെവ്വേറെ ബഹുമതി-
യർപ്പിച്ചാൻ; ഭാഗ്യംകെട്ട മർത്ത്യനെ മറന്നല്ലോ!

മാനവവംശം ശേഷമില്ലാതെ മുടിച്ചൊരു
നൂതനസൃഷ്ടിക്കല്ലോ മുതിർന്നു വിണ്ണോർനാഥൻ!
ഒരുവൻപോലും ചെറുവിരലൊന്നുയർത്തീല
പൊരുതാനീയുള്ളോൻതാൻ മുന്നാഞ്ഞുപോവാൻ വെമ്പി
മർത്ത്യരെ മുഴുവനും മൃത്യുവിൻ പാതാളത്തി-
ലാഴ്ത്തിടും കരത്തിന്റെ മുന്നേറ്റം തടഞ്ഞു ഞാൻ.
അതിനാലല്ലോ ഞാനീയഴലിൽപ്പെട്ടു. കാണ്മോർ
മനതാർ വാടുംവണ്ണം സഹിപ്പാനാവാതേവം
സ്വപ്നത്തിൽപ്പോലും ശങ്കിച്ചീല ഞാൻ മനുഷ്യനി-
ലപ്പിച്ചോരനുകമ്പ തിരികെക്കിട്ടില്ലെന്നും!
സേയൂസ്സിൻ സത്‌പേരിന്നു കളങ്കമണയ്ക്കാനാ-
യീയുള്ളോനിതാ തീവ്രയാതനയേറ്റീടുന്നു.

ഗായകസംഘം

ശിലയാൽത്തീർത്തുള്ളൊരുദേഹത്തിന്നാകമയോ-
മയമാംഹൃത്തുണ്ടെങ്കിൽ സേയൂസ്സാം നിസ്സന്ദേഹം!
അല്ലെങ്കിലിക്കാഴ്ചയിലാരുവാനലിയാത്തു?
തെല്ലുമിന്നിതു നോക്കിനിൽക്കുവാനാവില്ലല്ലോ.

പ്രൊമെത്യുസ്

എന്നോടു കൂറുള്ളവർക്കെല്ലാംതന്നെ അസഹ്യമാണിതു്.

ഗായകസംഘംനേതാവ്

മനുഷ്യനുവേണ്ടി പിന്നെയും അങ്ങ് എന്തെങ്കിലും ചെയ്യാൻ ധൈര്യപ്പെട്ടുവോ?

പ്രൊമെത്യുസ്

വരാൻപോകുന്ന നാശത്തെപ്പറ്റി മുൻകൂട്ടി അറിയാനുള്ള കരുത്ത് ഞാൻ മനുഷ്യനില്ലാതാക്കി.

ഗായകസംഘംനേതാവ്

ഏതൗഷധംകൊണ്ടാണതു്?

പ്രൊമെത്യൂസ്

അന്ധമായ ആശകളുടെ ഒരു പഞ്ജരമാക്കി ഞാനവൻെറ ഹൃദയത്തെ!

ഗായകസംഘംനേതാവ്

മനുഷ്യനു തികച്ചും ഒരു മഹാനുഗ്രഹംതന്നെയാണ് അങ്ങു നല്കിയതു്.

പ്രൊമെത്യൂസ്

പിന്നെ, ഞാനവൎക്കു തീയ്യുണ്ടാക്കിക്കൊടുത്തു.

ഗായകസംഘംനേതാവ്

അപ്പോൾ, ആ അല്പായുസ്സുകൾക്കു് അഗ്നിയുടെ തേജസ്സിനെപ്പററി അറിയാം, അല്ലേ?

പ്രൊമെത്യൂസ്

അതോടെ പല കലകളും അവരുടേതായി!

ഗായകസംഘംനേതാവ്

ഇതിനാണോ അങ്ങയെ സേയൂസ്......?

പ്രൊമെത്യൂസ്

തീരാത്ത വേദനയിലിട്ടു വരട്ടുന്നതു്.

ഗായകസംഘംനേതാവ്

ഇതിന്നൊരവസാനവുമില്ലെന്നോ?

പ്രൊമെത്യൂസ്

ഇല്ല—അല്ലെങ്കിൽ അദ്ദേഹം അങ്ങനെയൊരു നന്മ കരുതണം.

ഗായകസംഘംനേതാവ്

അങ്ങനെ നന്മയോ? കൊള്ളാം, കരുതുവ-
തെങ്ങനെ നന്മകൾ, തെററുകൾ മുററവേ?
തെറെറന്നു ഞാനത്ര ധൃഷ്ടമായ്ചൊല്‌വീല
കുററമായ്; വേദന മുററിത്തഴയ്ക്കവേ.
നിർത്തുക നമ്മളിബ്ഭാഷണം, രക്ഷയ്ക്കു-
പററിയ പോംവഴിയെന്തെന്നു ചിന്തിക്ക.

പ്രൊമെത്യൂസ്

തത്വോപദേശങ്ങളോതിടാറുണ്ടുപോ-
ലത്യാഹിതത്തിന്നടിമപ്പെടാത്തവർ.
സത്യം! അറിഞ്ഞാണു ഞാൻ പിഴ ചെയ്തതും
സത്യമതൊട്ടു നിഷേധിപ്പതില്ല ഞാൻ.
മർത്യനെയാപത്തിൽനിന്നു രക്ഷിക്കുവാ-
നിത്തരം സന്താപഗർത്തത്തിലാണ്ടു ഞാൻ!
എങ്കിലുമിന്നിതു ചിന്തിച്ചുചിന്തിച്ചു
സങ്കടമാളാതിറങ്ങണേയൂഴിയിൽ
ആസന്നമാകുമൊരത്യയത്തിൻ കഥ-
യാകവേ കേൾക്കൂ കഥിക്കാം കഥഞ്ചന
ഒന്നു കനിഞ്ഞിതു കേൾക്കണേ, വേദന-
യ്ക്കിന്നൊരു പങ്കാളിയാകവേണേ ഭവാൻ.
നിത്യചപലമിദ്ദുഃഖമോർത്താലെന്നെ
വിട്ടിതു പെട്ടെന്നു മററൊരാൾക്കേററിടാം.

ഗായകസംഘംനേതാവ്

കെഞ്ചുന്നതെന്തിനോ? സമ്മതം ഞങ്ങൾക്കു
സഞ്ചിതമാക്കുവാനിങ്ഗിതം താവകം

പക്ഷികൾ പാറിപ്പറക്കുമീ വിണ്ണിൻെറ
വക്ഷഃസ്ഥലംവിട്ടിറങ്ങിവന്നീടുവൻ.
ഇപ്പാറമേൽനിന്നു കേൾക്കുവനത്യന്ത-
ദുഃഖാസ്പദം ത്വച്ചരിതം സകൗതുകം.

(സാഗരകന്യകകൾ താഴെ ഇറങ്ങുന്നു. മുകളിൽ, ചിറകുള്ള കുതിരയുടെ പുറത്തു കയറി ഓഷ്യാനസ് പ്രവേശിക്കുന്നു.)

ഓഷ്യാനസ്

പ്രഗ്രഹംകൂടാതെയെന്നാഗ്രഹംപോലെ പായു-
മുഗ്രമാംരയംപൂണ്ട വിഹംഗതുരംഗത്തിൽ
വായുവേഗത്തിലെത്തിയങ്ങയെക്കാണാനൊട്ടു-
ദൂരത്തുനിന്നും ബന്ധുസ്നേഹത്താൽ പ്രചോദിതൻ
ഉത്കടം ഭവദീയദുഃഖത്താലതിമാത്രം
ഹൃത്തടം മാമകീനം പീഡിതമെന്നോർക്കണം.
രക്തബന്ധത്താൽ ബദ്ധരല്ലനാമെന്നാകിലു-
മിത്രയും മാനിക്കുന്നതില്ല ഞാൻ മററാരെയും.
കേവലം പുകഴ്ത്തുവാനല്ല ഞാൻ വന്നു ഞാനി-
ന്നാവതു ചെയ്യാമല്ലോ ചൊല്ലണം മടിയാതെ
ഇന്നിവനല്ലാതെകണ്ടന്യരാം സുഹൃത്തുക്ക-
ളില്ലല്ലോ ഭവാനെന്നു നിർണ്ണയിച്ചീടാം ദൃഢം.

പ്രൊമെത്യൂസ്

എന്തിനു വന്നു ചൊല്ക, സന്തതം സന്താപത്തിൽ
വെന്തിടുമെന്നെപ്പാർത്തുനില്പതിന്നായോ ഭവാൻ?
ത്വന്നാമം വഹിച്ചീടുമജ്ജലപ്രവാഹവും
ത്വത്കൃതം ശിലാമയഗഹ്വരപ്രദേശവും

ഇവയെ സ്വയം വെടിഞ്ഞിരുമ്പിൻ പെററമ്മയാം
ധരയെസ്സമീപിക്കാനെങ്ങനെ തോന്നീ ധൈര്യം?
എന്നുടെ ധൈര്യം നേരിൽക്കാണ്മാനോ? സഹതാപ-
മെന്മേലിൽച്ചൊരിയാനോ വന്നതു ഭവാൻ? നോക്കൂ
സേയൂസ്സിന്നുററതോഴൻ, തത്സാർവ്വഭൗമപ്രാപ്തി-
ക്കായേററം തുണച്ചവനീയുള്ളോനിതാ കാൺക
ദുർവ്വഹവ്യഥാഭാരം ചുമന്നു ചുമൽതാഴ്ത്തി
നിർവ്വഹിക്കുന്നു ദേവദേവൻെറ നിയോഗത്തെ!

ഓഷ്യാനസ്

കാണ്മൂ ഞാൻ പ്രൊമെത്ത്യൂസേ, ലോലമാനസ! ഞാനി-
ന്നുണ്മയിൽ ഭവാനെയൊന്നുപദേശിക്കാൻ വന്നു.
നിന്നെനീയറിഞ്ഞാലും നീയിനിപ്പഴമയെ-
യൊന്നോടെ വെടിഞ്ഞാലും പുതുമ പുണർന്നാലും
ദേവലോകത്തിൽ പുത്തൻ പ്രഭുവാണാളുന്നതും;
കേവലം ഭവാനേവം ദുർവ്വാക്കു പറഞ്ഞെന്നാൽ
എത്രയും വിദൂരത്തിലാണങ്ങോരെന്നാകിലു-
മത്രയുമറിഞ്ഞീടു,മേതാണോ ശേഷം പിന്നെ?
ഇന്നു നീയനുഭവിച്ചീടുന്നതെല്ലാമൊരു
പൊന്നാരക്കളിയാമ്മാറുഗ്രമാം പകയാലും
നിർഭാഗ്യവാനേ, വേഗം വെടിയൂ രോഷം രക്ഷാ-
മാർഗ്ഗങ്ങൾ തേടൂ ഘോരതാപത്തിൽനിന്നും ഭവാൻ
തുരുമ്പിച്ചുള്ള തത്വമോതുന്നു ഞാനല്ലായ്കിൽ
വെറും പിച്ചുരയ്ക്കുന്നു എന്നു തോന്നീടാം; പക്ഷേ
ശിക്ഷയിന്നിതു മഹാഗർവ്വത്തിൻ, ധിക്കാരത്തിൻ
വാക്കുകൾ സമർപ്പിച്ച ദുഷ്ഫലമല്ലോ നൂനം.

ഹൃദയം ധൃഷ്ടം തവ, നിർല്ലേപം ദുഃഖത്തിനു,
നിതരാമതിൽച്ചേർപ്പൂ പുതുതാമഴൽ വീണ്ടും.
എന്നെ നീ ഗുരുവായി വരിക്ക; താന്തോന്നിയായ്
നിന്നിടുമൊരു സർവ്വശക്തന്റെ കഠോരമാം
ദുർന്നയം കണ്ടിട്ടിന്നു നീയേതുമിളകൊല്ല
ചെന്നു ഞാനോതാം നിന്റെ വിടുതൽക്കാര്യം, സഖേ.
ഒന്നിനിപ്പരീക്ഷിക്കാം ഭാഗ്യ;മെന്നാലോ ഭവാ-
നൊന്നും മിണ്ടാതെ കണ്ടിങ്ങൊതുങ്ങിക്കഴിയണം.
അറിയാമല്ലോ, പക കാത്തിരിക്കുന്നു ചുമ്മാ
പുലമ്പും ചുണ്ടത്തെല്ലാം; വിജ്ഞാനിയല്ലോ ഭവാൻ!

പ്രൊമെത്യൂസ്

ഞാനസൂയാലു, ഭവാനെന്നോടു ചേർന്നിട്ടോരോ
പോരിലും പങ്കാളിയായെങ്കിലും സുരക്ഷിതൻ!
ശരി; പോകട്ടെ,യതു നിങ്ങളെയലട്ടാതെ;
കഴിയാ നിങ്ങൾക്കിന്നാ ഹൃദയമിളക്കുവാൻ.
അത്രയുമല്ലാ ഭവാനാത്മദൂഷകമായി-
ട്ടത്ര വന്നേക്കാമിന്നിസ്സന്ദേശസമാരംഭം

ഓഷ്യാനസ്

നിപുണൻതന്നെ ഭവാനന്യരെപ്പഠിപ്പിക്കാൻ
നിയതം സ്വന്തംകാര്യം നോക്കുവാൻ കഴിയാത്തോൻ!
അനുമാനത്താലല്ലാ കണ്ണിനാൽ കണ്ടീടുന്ന
തെളിവാലല്ലോ ഞാനീ നിശ്ചയം ചെയ്തീടുന്നു
അതിനാലെന്നുത്സാഹം തടയൊല്ലമരേശ-
നരുളും സുനിശ്ചിതമാവരം, ത്വന്മോചനം.

പ്രൊമെത്യൂസ്

നന്ദികുറവന്നു ഞാനിന്നുണ്മയിൽ സനാതന-
നന്ദി ഞാൻ തചത്സവനവ്യഗ്രതയ്ക്കോതീടട്ടെ
എങ്കിലും ശ്രമിക്കൊല്ലേയെൻപേരിൽ, തവോദ്യമം
ഭംഗമായീടും നൂനം ഫലിക്കില്ലതു തെല്ലും
പാടില്ല, വേണ്ട വേണ്ട ശാന്തനായിരുന്നാലും
ആപത്തിൽപ്പെടാതങ്ങൊട്ടകലെ നിന്നീടണേ
ഞാനൊരു നിർഭാഗ്യവാനായിപ്പോയ് മററുള്ളോൎക്കും
ഞാനിനിനാശംചേൎക്ക യോഗ്യമോ? വയ്യേ വയ്യ.
നോക്കുക പടിഞ്ഞാട്ടെൻ സോദരനാററ്ലസ്—എനി-
ക്കോൎക്കുക വയ്യാ!—പാരും വാനവും ചുമക്കുന്നു!
എന്തൊരു വിധിയിതു? ദുഃഖം ഭാരമതു
ബന്ധുരാശ്ലേഷമല്ല;—ഞാനനുശോചിക്കുന്നു.
അത്രയുമല്ലാ, കാൺക മററൊരു ദയനീയ-
ദൃശ്യമെന്നുടൽത്താർ നീററിനില്പതു, സിലീഷ്യയിൽ
പാതാളതലാന്തത്തിൽ പാൎത്തിടും തൈഫൂൺ,ധരാ-
മാതാവിൻ പുത്രൻ, ശതശീർഷകൻ, സാഹസികൻ,
നാശത്തിൻ ശകുനമായ് നില്ക്കുമദ്ദേവൻ, ദേവ-
രാശിയോടെതിൎത്തുപോൽ, സേയൂസ്സിനൊതിരാളി!
ബീഭത്സം തദാസ്യത്തിൽനിന്നു നിൎഗ്ഗളിച്ചിതു
ഭീകരസീത്കാരങ്ങൾ, കൺകളിൽ മിന്നൽപ്പിണർ.
നിഷ്ഫലം!—സേയൂസ്സിന്റെ നിൎന്നിദ്രമേഘോത്ഘോഷം
നിഷ്കൃപമയച്ചുള്ള തീക്ഷ്ണമാം വിദ്യുന്നാളം
ധിക്കൃതദേവേശമാം ധാൎഷ്ട്യത്തെബ്ഭസ്മീകരി-
ച്ചുഗ്രം തത്പ്രഭാവത്തെ നാമാവശേഷമാക്കി.

ഇന്നിതാ നോക്കൂ! പാവം! 'എററീനാ' ധരാധര–
ത്തിന്നടെയധോഭാഗത്തക്കടലിടുക്കിങ്കൽ
മലച്ചു കിടക്കുന്നു നിസ്സഹായനാ,യേററം
ചതഞ്ഞും പിന്നെത്തെല്ലൊന്നിഴഞ്ഞും കഴിയുന്നു.
അഗ്ഗിരിമൂൎദ്ധാവിങ്കൽ കുത്തനെ നില്ക്കും ശിലാ–
മദ്ധ്യത്തിലല്ലോ വീഴ്വൂ വിശ്വകൎമ്മാവിൻകൂടം.
അവിടെനിന്നും പിന്നൊയൊഴുകും തീനാളത്തി–
ന്നരുവിയനിഷേദ്ധ്യപ്രാഭവമുഖത്തോടെ
സിസിലിദ്വീപത്തിലെ വിസ്തൃതകേദാരങ്ങൾ
ശിഥിലീകൃതമാക്കുമാ'ലാവാ'പ്രവാഹങ്ങൾ
സെയൂസ്സിൻ നിശിതമാമശനിനിപാതത്താ–
ലാവിധം കത്തിക്കാളിക്കരിയായ്ത്തീൎന്നെങ്കിലും
ഏതൊരു പേമാരിക്കും നിൎത്തുവാനാവാത്തതാം
മാതിരി തീനാളങ്ങൾ വമിക്കും തൈഫൂൺ വീണ്ടും.
എന്തിനു ഞാനീവക നിങ്ങളോടോതീടുന്നു?
സന്തതം ഭവാനെല്ലാം കൺകൊണ്ടു കണ്ടോനല്ലോ
കഴിയുംപോലെ ഭവാനാത്മരക്ഷയ്ക്കായ് നോക്കൂ;
കഴിയും ഞാനീവിധം കഷ്ടതസഹിച്ചെന്നും.
അല്ലെങ്കിൽ സെയൂസ്സിൻെറ ഹൃദയം പശ്ചാത്തപി–
ച്ചല്ലലിൽനിന്നുമെന്നെ തന്നെത്താൻ കരേററട്ടെ.

ഓഷ്യാനസ്

എങ്കിലുമറിയില്ലേ, സൂക്തികൾ, പ്രൊമെത്യൂസേ,
തൻകരൾക്കകംകത്തും രോഷത്തെ തണുപ്പിക്കും.

പ്രൊമെത്യൂസ്

കാലാനുകൂല്യംനോക്കിച്ചൊല്ലിയാൽ ശരി; വിങ്ങും
ഭാവത്തിൽ കടുംകെട്ടു കെട്ടിയാലാപത്തല്ലോ.

ഓഷ്യാനസ്

പക്ഷേ, സൗഹാർദ്ദത്തിൻെറ കുളിർമ്മയിൽ ആരെന്തു ചെയ്താലും അതൊരാപത്തായി വരുമോ?

പ്രൊമെത്യൂസ്

ഫലിക്കാത്ത യത്നങ്ങളും പൊള്ളയായ വിഡ്ഢിത്തങ്ങളും!

ഓഷ്യാനസ്

എൻെറ തീരുമാനം തെററാണെന്നോ? ആവട്ടെ; അതു തെററായിക്കൊള്ളട്ടെ. ജ്ഞാനവും ബുദ്ധിയും അന്ധമെന്നു ഗണിക്കുന്നു!

പ്രൊമെത്യൂസ്

പക്ഷേ, ഇക്കാര്യത്തിൽ വരുന്ന തെററ് എൻേറതു തന്നെ; ഞാൻ അതേററു.

ഓഷ്യാനസ്

അപ്പോൾ, ഇതാണല്ലേ നിങ്ങൾ പച്ചയായി പറയുന്നതു്?—ഞാൻ വീട്ടിലേക്കു മടങ്ങണമെന്ന്?

പ്രൊമെത്യൂസ്

എന്നിൽ അനുകമ്പ ചൊരിയുന്ന അങ്ങ് ആപത്തിൽപ്പെട്ടമെന്ന പേടികൊണ്ടാണ് അങ്ങനെ പറയുന്നതു്.

ഓഷ്യാനസ്

സ്വർഗ്ഗം വാഴുന്ന പുതിയ രാജാവുനിമിത്തമായിട്ടെന്നോ?

പ്രൊമെത്ത്യൂസ്

അതെ; അദ്ദേഹത്തെയാണു സൂക്ഷിക്കേണ്ടത്. അദ്ദേഹത്തെ കുപിതനാക്കരുത്.

ഓഷ്യാനസ്

ശരിയാണു, പ്രൊമെത്ത്യൂസ്; നിങ്ങളുടെ കഥയോർക്കുമ്പോളും ശരിയാണത്.

പ്രൊമെത്ത്യൂസ്

എന്നാൽ പൊയ്ക്കൊള്ളൂ ഇവിടന്ന്; പൊയ്ക്കൊള്ളൂ. അടങ്ങിപ്പാർത്തുകൊള്ളൂ.

ഓഷ്യാനസ്

എന്നെ ഇനി ത്വരിതപ്പെടുത്തേണ്ടതില്ല. ഞാനിതാ പോകയാണ്, നോക്കൂ:

എന്നുടെ തുരംഗമം സഞ്ചലത്പക്ഷങ്ങളെ
നന്നായി വിടർത്തിക്കൊണ്ടടിച്ചു കുതിച്ചല്ലോ
എത്രയും വഴങ്ങുന്ന വാനാകും വഴിയൂടെ-
യെത്തിടും തൻലായത്തിലൊന്നിളകൊള്ളാൻ വെമ്പി.

(ഓഷ്യാനസ് കുതിരപ്പുറത്തുകയറി ആകാശത്തിലൂടെ പറന്നു മറയുന്നു)

ഗായകസംഘം

എത്രയുമഴലാണ്ടിടുന്നു ഞാൻ
മിത്രമേ, നിൻ നിനവിനാൽ.
കണ്ണാടിക്കൊത്തൊരെൻ കവിളും മങ്ങി
കണ്ണുനീർക്കണം തങ്ങിയും
പുത്തനാം ദേവരാജൻ സ്വേച്ഛയാ
മത്തനായ് ഗർവകോടിയാൽ

കുത്തിടുന്നു പഴയ ദേവരെ
ക്രൂർത്ത തൻനിയമങ്ങളാൽ!

ഭൂതലമാകെയിന്നിതാ തവ
ഭൂതചര്യ്യകളോക്കവേ
കേണിടുന്നു വിധുരം സോദര്യ-
ശ്രേണീമാഹാത്മ്യമോർത്തുമേ

പുണ്യഭൂവേഷ്യാതന്നിലുള്ളോരും
കണ്ണീർവാർക്കുന്നു ധാരയായ്
പോരിലെത്രയും ധീരകൾ 'കൊൾച്ചിസ്'-
നാരി'മാരും കരയുന്നു.

മേയോത്തീസ്തടാകത്തിന്നു ചുററു-
മായിബ് ഭൂതല സീമയിൽ
വാണിടും 'സിഥിയാവലി', ദീനം
കേണിടുന്നു വിവശമായ്.

ക്രുത്ത കുന്തവുമേന്തി,യാഹവ-
വാർത്തയിലാർത്തു നിന്നിടും
മാനവതപത്തിൻ സൂനമാ'മാരബ്'
സേനകൾ 'കാക്കസെസ്സി'ലെ
കോട്ടകൊത്തളം കാത്തുനില്പൂവേ
ഞെട്ടിടുന്നിതു കേട്ടവർ.

മുററുമീയഴലങ്ങയെപ്പോലെ
പററുവോനൊരാൾമാത്രമാം
'തൈത്താൻ'വംശതിലകമായ്മിന്നു-
'മാററ്‌ലസ്', താവക സോദരൻ,

തൻചുമലിലീവാനലകങ്ങൾ
താങ്ങിത്താങ്ങിത്തളർന്നവൻ.
ചങ്ങലക്കെട്ടിൽപ്പെട്ടുതിത്തിടും
തേങ്ങലെങ്ങുമുയരവേ
ആഴിയുമനുവേലം തൻതിര-
മാലകളിൽപ്പകത്തവേ
മാറെറാലിക്കൊൾവൂ മാമലകളിൽ
മുററും പാതാളഗത്തത്തിൽ
ആററലകളും ശോകനിർഭര-
മേററുപാടുന്നിതിക്കഥ.

(അല്പനേരത്തേക്കു് പ്രൊമെത്യൂസ് മൗനംപൂണ്ടു നിന്നുപോയി)

പ്രൊമെത്ത്യൂസ്

വാശിയും ധിക്കാരവുംകൊണ്ടല്ല മൗനംകൊണ്ടു
വൈശസംപൂണ്ടോരെന്നെയോർത്തു ഞാൻ ശോകംപൂണ്ടു.
ഞാനൊഴിഞ്ഞാരാണിന്നീപ്പുതുവിണ്ണോരെ സ്ഥാന-
മാനാദി നൽകിപ്പോററീ?—പറഞ്ഞിട്ടെന്തേ ഫലം?
നിങ്ങളെല്ലാരും നേരിട്ടറിഞ്ഞ കഥയല്ലോ
വിണ്ണവരെന്നെപ്പിന്നെപ്പ്രകരം ദണ്ഡിച്ചതും.
ചൊല്ലിടാം മനുഷ്യൻെറയഴലിൻകഥയിനി
സ്വർല്ലോകാങ്ഗനമാരേ, കേൾക്കുവിനതും നിങ്ങൾ.
ബാലിശമനസ്കരാം മർത്ത്യരെ യുക്തിചിന്താ-
ശീലരായ്മാററിബ്ബോധജ്ഞാനത്തെ ദർശിപ്പിച്ചേൻ
അക്കഥ പറയുന്നതവരെപ്പഴിക്കാന-
ല്ലുൽകൃഷ്ടംമാമകീനദാനമെന്നോതാൻമാത്രം.

പണ്ടവർ, മനുജന്മാർ, കണ്ണുകളുണ്ടെന്നാലും
കണ്ടിടാൻ കെല്പററോരായ് കഴിഞ്ഞോരൊട്ടേറെനാൾ.
കേട്ടിട്ടും കേട്ടിടാത്തോ;രങ്ങനെയസ്പഷ്ടമാം
സ്വപ്നകോലങ്ങൾപോലെ നിർലക്ഷ്യംജീവിച്ചോരാം.
മരത്തിൽപ്പണിയാനും, ഇഷ്ടക പലമട്ടിൽ
നിരത്തി വെയിലേല്ക്കും വീടുകളുണ്ടാക്കാനും
അറിയില്ലവർക്കന്നാൾ,—അന്നോളമെറുമ്പുപോ-
ലിരുളാണ്ടീടും ഗുഹയ്ക്കകമേ പാർത്താരവർ.
വർഷവും പുഷ്പോജ്ജ്വലവാസന്തകാലം ഫല-
പുഷ്കലം ഗ്രീഷ്മർത്തുവും വരുവതറിയാതെ
ബോധമില്ലാതെ നിത്യകർമ്മങ്ങൾ ചെയ്തുവാണോർ
മേധയില്ലാതെ മർത്ത്യജാതികൾ മൃഗോപമം.
നക്ഷത്രമുദിപ്പതുമസ്തമിച്ചീടുന്നതും
സൂക്ഷ്മമായ് പഠിപ്പിച്ചേനവരെപ്പിന്നീടു ഞാൻ.
ജ്ഞാനത്തിൻകിരീടമാമക്കങ്ങൾ പഠിപ്പിച്ചേൻ
ഞാനതിൻശേഷം നൽകിയക്ഷരവിദ്യാമർമ്മം.
അതിൽനിന്നല്ലോ പോന്നു ശില്പതന്ത്രത്തിൻസ്മൃതി;
അതുതാനല്ലോ കലാവിദ്യതൻ ജനയിത്രി.
മൃഗശക്തിയെ നുകത്തണ്ടിലും ജീനിയിലും
വശഗമാക്കിക്കൊണ്ടു തങ്ങൾക്കു മഹാഭാരം
വിരയെ ലഘുവാക്കാൻ മർത്ത്യരെപ്പഠിപ്പിച്ചേ-
നതിനാലവർക്കെന്തൊരാശ്വാസം ലഭിച്ചീല!
ശക്തർക്കും കുബേരർക്കും ഗർവ്വചിഹ്നമായ്മിന്നു-
മശ്വത്തെ രഥത്തിന്മേൽ ഞാനാണു ബന്ധിച്ചതും.
കാററുപാകെട്ടിക്കപ്പലാഴിയിൽപ്പായിച്ചതും
മററാരുമല്ലാ ചൊല്ലാം; എന്നിട്ടും മരമണ്ടൻ

പലതും മനുഷ്യന്നു കൗശലം കാണിച്ചുള്ളോൻ
നിലവിട്ടിന്നീനാശകൂപത്തിലുഴലുന്നോൻ!

ഗായകസംഘംനേതാവ്

തിക്തമീ ദുരന്തം ഹാ! ബുദ്ധിയുംകെട്ടു ഭവാൻ
രിക്തവൈഭവമേവമലഞ്ഞുതിരിയുന്നു
രോഗിയായ്ത്തീർന്ന വൈദ്യനെന്നപോലാരോഗ്യത്തിൻ
യോഗം കൈവന്നീടാതെ യാതനകൊൾവൂ ഭവാൻ!

പ്രൊമെത്യുസ്

കേൾക്കുക മുഴുവനും—ശില്പവും തന്ത്രങ്ങളു-
മൊക്കയും നരന്നു ഞാനേകിയ കഥയാകെ.
കേൾക്കുമ്പോളത്യാശ്ചര്യമുളവാം നിങ്ങൾക്കിനി
മിക്കതുമവനുള്ള നേട്ടങ്ങളെന്മൂലം താൻ.
രോഗങ്ങൾ വരുംനേരം ചികിത്സയ്ക്കായിപ്പേയ-
ലേഹ്യഭോജ്യാദ്യൗഷധമൊന്നുമില്ലാതെ ചിരം
വേദനയ്ക്കധീനരായൊടുവിൽ നൈരാശ്യത്തിൽ
ജീവിതം വ്യർത്ഥമാക്കിപ്പോന്നവരിന്നോളവും.
ആ രോഗശാന്തിക്കായുള്ളൗഷധമുപദേശി-
ച്ചാരോഗ്യരഹസ്യങ്ങൾ നല്കിനേൻ നരക്കു ഞാൻ
ഇന്നവർക്കേതുരോഗം വന്നാലുമുപശാന്തി
നന്നായിട്ടറിഞ്ഞീടാം; ഇനിയും കേട്ടീടുവിൻ
വഴിക്കു കണ്ടീടുന്ന ശകുനത്തിൻെറയർത്ഥം
മൊഴിക്കു വരാവുന്ന ഗുണദോഷാദികളും
കുടിലപാദങ്ങളാം പക്ഷികൾ പറക്കുമ്പോ-
ളുദിതം ശുഭാശുഭ ഫലവും പഠിപ്പിച്ചേൻ

കുക്കുടകുലത്തിന്റെ തരഭേദങ്ങ,ളവ
വക്കാണം ചെയ്യുന്നതുമന്യോന്യം രമിപ്പതും
ഏതൊരു ബലിമൃഗമെന്തൊരു വർണ്ണംകൊണ്ടു
ദേവന്മാർക്കുളവാക്കും സന്തൃപ്തിയെന്നുള്ളതും
നൽകിനേനവർക്കു ഞാ'നൽത്താര' തന്നിലഗ്നി-
ജ്വാലയിലർപ്പിക്കുന്ന ഹവിസ്സിൻ മാഹാത്മ്യവും
അന്ധമായിരുന്നതാം കണ്ണുകൾ തുറപ്പിച്ചു
ബന്ധുരം ഭാവിഫലം ഞാനാണു കാണിച്ചതും.
മണ്ണിലാണ്ടിരിക്കുന്ന ഭൗതികസമ്പത്തുകൾ,
സ്വർണ്ണവും രജതവുമിരുമ്പും ചെമ്പുമെല്ലാം
ഞാനല്ല, മററാരാണു കണ്ടതു നടാടെയെ-
ന്നാരാനും പറയുമോ? പറഞ്ഞാൽ ഫലമെന്തേ?
എന്തിനു മിഥ്യാലാപം? ചൊല്ലുവനൊരു വാക്കി-
ലുണ്മഞാൻ 'പ്രൊമെത്ത്യൂസാം' നരർക്കു കലാദാതാ

ഗായകസംഘംനേതാവ്

സ്വാന്തമാമാപത്തേതും ഗണിക്കാതെവം മർത്ത്യ-
സന്തതിക്കുപകാരം ചെയ്തതുപോരും ഭവാൻ
ബന്ധനവിമുക്തനായ് സേയൂസ്സിൻ പ്രതാപത്തിൽ
സന്തതം ഭവാനെ ഞാൻ കണ്ടീടുമൊരുനാളിൽ.

പ്രൊമെത്ത്യൂസ്

അത്രവേഗത്തിൽ; സർവ്വസാധകൻ വിധിയെന്നൊ
വിട്ടയയ്ക്കില്ലാ നൂനം; ഞാനനുഭവിക്കണം
അന്തമില്ലാതെനീളും യാതന മുഴുവനും;
ഹന്ത! ദുർബലം തന്നെ കലകളാവശ്യത്തിൽ!

ഗായകസംഘം

ആരാണ് ആവശ്യത്തിന്റെ അമരക്കാരൻ?

പ്രൊമെത്യൂസ്

മൂന്നുകോലങ്ങൾ പൂണ്ട വിധിയും, മറക്കാനാവാത്ത വിദ്വേഷങ്ങളും.

ഗായകസംഘം

സേയൂസ് ഇവരോളം ശക്തനല്ലെന്നോ?

പ്രൊമെത്യൂസ്

അദ്ദേഹത്തിനുപോലും വിധിയെ തോല്പിക്കാനാവില്ല.

ഗായകസംഘം

എന്നെന്നും ഭരിക്ക എന്നതാണോ സേയൂസ്സിന്റെ വിധി?

പ്രൊമെത്യൂസ്

അതു നിങ്ങളറിയേണ്ടതില്ല; അതറിയാൻ ശ്രമിക്കയുമരുത്.

ഗായകസംഘം

നിങ്ങൾ ഏതോ ഒരു മഹാരഹസ്യം മറച്ചുപിടിക്കുന്നു; തീർച്ച.

പ്രൊമെത്യൂസ്

ചിന്തിക്കൂ, ഭവാനന്യവിഷയം; ഇപ്പോളിതു
മിണ്ടുവാൻ വയ്യ ഗൂഢഗൂഢമായിരിക്കട്ടെ.
ആയതിൻ രഹസ്യത്തിലാണെന്റെയാത്മരക്ഷോ-
പായമീയപമാനച്ചങ്ങലക്കെട്ടിൽനിന്നും.

ഗായകസംഘം

അഖിലേശനായിട്ടും സേയൂസ്സിൻെറ
അഭിലാഷമേതും മറുത്തിടാ ഞാൻ
ഗുരുവരനോഷ്യാനസ് തന്നരുവി-
ക്കരയിലെ യജ്ഞശിലാതലത്തിൽ
പരിശുദ്ധ ഗോമേധം ചെയ്തുദേവ-
പരിതോഷം നേടാൻ മടിക്കില്ലാ ഞാൻ
നിയതമെന്നാസ്യം വിബുധദ്വേഷ-
പ്രിയതയുമാന്നിടാ—സത്യം സത്യം.

സുരഭിലസ്വപ്നസാമ്രാജ്യഭൂവിൽ
മധുരപ്രതീക്ഷകൾ പൂത്തുനില്ക്കും
കമനീയകന്യകാ ജീവിതം ഹാ!
കരളിനാനന്ദദമെന്നാകിലും
ഭവദീയ യാതന കാൺകെ, ഞെട്ടി-
പ്പിടയുന്നു തോഴരേ,യെൻെറ ചിത്തം
സുരപതിനിന്ദയിലാണ്ട മർത്ത്യ-
തതിയെബ് ഭവാനേററം നന്ദിപ്പിച്ചു!

ഹൃദയാലോ, ചൊന്നാലുമെന്തുഫലം
തവസേവനത്തിനാലെന്തുലാഭം?
ഒരുദിനംകൊണ്ടു നശിച്ചിടുന്നോ-
രെന്തുവിധമങ്ങയ്ക്കു രക്ഷയേകും?
മനുജരോ, ദുർബലസ്വപ്നതുല്യ-
മലയുന്ന ക്രൂരരറിഞ്ഞതില്ലേ?
അവരോളമന്ധരായ് ഭീരുക്കളായ്
മഹിയിൽ മററാരും പുലരുന്നില്ല!

പരമേശനിശ്ചയം മാററുവാന-
പ്പരിഷയ്ക്കു സാദ്ധ്യമല്ലൊന്നുകൊണ്ടും

തവദയനീയത കാൺകെയോരോ-
ന്നുയരുന്നിതോർമ്മകളെന്നിലിപ്പോൾ
ചതുരതകൊണ്ടങ്ങു നേടിയൊരു
തരുണി 'ഹിഷ്യോണ'യെൻ സോദരിയെ
പരിണയംചെയ്തു നവോഢയുമായ്
മണിയറ പൂകിയ വേളയിങ്കൽ
മധുരഗീതാവലി പാടി ഞങ്ങൾ—
വിധുരിതമിന്നവയോർത്തിടുമ്പോൾ!

('അയോ' എന്ന കന്യക പേ പിടിച്ചു പ്രവേശിക്കുന്നു. ചന്ദ്രക്കലപോലുള്ള രണ്ടുകൊമ്പുകൾ അവളുടെ നെററിത്തടത്തിൽ എഴുന്നു നില്ക്കുന്നുണ്ടു്.)

അയോ

ഏതൊരു രാജ്യമി,തെന്തൊരാൾക്കാരിവ-
രാരെഞാൻ കാണ്മിതെൻ മുന്നിൽ?
കാററിനും കോളിനും പാത്രമായിക്കൊട്ടും
കാട്ടിലെപ്പാറപ്പിളർപ്പിൽ
ഇങ്ങനെ വേദനതിന്നു പിടയുവാ-
നങ്ങെന്തു പാപമോ ചെയ്തു?

ചൊല്ലുക, പാരിലിന്നേതൊരു കോണിലാ-
ണല്ലലിലോടി ഞാനെത്തി?
ആഹന്ത! കത്തുന്നു പിന്നെയുമിന്നെന്നെ-
യാർഗസ്സിൻ ക്ഷുദ്രമാം പ്രേതം,

ആയായിതെന്തൊരു വേദന ദൈവമേ
പേയാം കടന്നലിൻ കുത്തൽ!
ചത്തവനെങ്കിലുമക്കുഴിമാടത്തി-
നൊത്തില്ലവനെയൊളിക്കാൻ.
എന്നെവിടാതിതാ പിൻതുടൎന്നീടുന്നു
കന്നത്തമേറുമക്കൺകൾ.
പാതാളഗൎത്തത്തിൽ നിന്നെഴുന്നേററവൻ
പാഞ്ഞുവരുന്നു പിന്നാലെ.
ആഴിക്കരവഴിയോടി വിശന്നല-
ഞ്ഞൊത്തനായെന്നെപ്പിടിക്കാൻ.

(അവൾ ഒരു ഗാനം മൂളുന്നു.)

ആരും മയങ്ങുമാറിന്നൊൻ ചുഴലവും
നേരേ തുളുമ്പുമിഗ്ഗാനം
ആയവൻതൻമെഴുവിട്ട കുഴലിൽ നി-
ന്നായാതമായുള്ളതല്ലോ.
ആവൂ! ഞാനെങ്ങെങ്ങലഞ്ഞു തിരിഞ്ഞിട്ടു-
മാകുലമേകയായേവം?
ക്രോണസിൻ പുത്രനോടെന്തു ഞാൻ ചെയ്തതി-
ന്നീവിധ മാന്തകം പേറാൻ?
കന്യയാമെന്നെക്കടന്നലിൻ കുത്തിനാ-
ലിങ്ങനെ സംഭീതയാക്കി!
ചുട്ടാലും തീയിനാലെന്നെ,യല്ലെങ്കിലി-
ന്നിട്ടാലുമൂഴിക്കടിയിൽ
അല്ലെങ്കിലെന്നെയെറിഞ്ഞാലുമാഴിയി-
ലുള്ള ജന്തുക്കൾക്കു തിന്മാൻ.

കേട്ടാലും നാഥ! വലഞ്ഞുകുഴഞ്ഞു ഞാ-
നൊട്ടേറെയിങ്ങനെ നീണാൾ.
പോരു;മെനിക്കെങ്ങു മോചനമെന്നതി-
ന്നോതുമറിഞ്ഞതില്ലയ്യോ!
നെററിയിൽക്കൊമ്പുള്ള കന്യതൻ രോദന-
മത്ര നീ കേൾക്കുന്നതില്ലേ?

പ്രൊമെത്യൂസ്

നിർണ്ണയം കേൾക്കുന്നുണ്ടു കടന്നൽക്കുത്തേല്ക്കുന്ന
കന്യകേ, ഇനാക്കൂസിൻ തനയേ, നിൻരോദനം
നീയല്ലീസ്യൂസ്സിൻെറ ഹൃദയം രാഗാഖ്യമാം
തീയിനാൽ നീററീ കഷ്ട;മിന്നിതാ 'ഹേരാ'വിൻെറ
പകയാലൊരേടത്തും നില്ക്കുവാനരുതാതെ-
യലയുന്നല്ലോ നീന്നാളിങ്ങനെ ദയനീയം!

അയോ

എങ്ങനെയെല്ലാമറിഞ്ഞൂ—ഭവാ-
നെൻപിതാവിൻപേർ മൊഴിഞ്ഞൂ?
എന്നേപ്പോലേററമുഴന്നു—വാഴ്-
മങ്ങാരാണെന്നു പറയൂ.
പാപിനിയാമെൻ ചരിത—മെല്ലാം
ചേരുംപോൽ നിന്നാലുദിതം
നാകീയപ്രേരിതപ്രേത—മെന്നെ
യാകെ വലച്ചതും ജ്ഞാതം
'ഹേരാ'പ്രതീകാരമെന്നെ—ദൂര-
ദൂരമോടിച്ചിങ്ങു വന്നോൻ

പാരം വിശന്നു വലഞ്ഞേ—നൊട്ടു
നേരമലഞ്ഞു തിരിഞ്ഞേൻ
ആരാനുമെന്നെപ്പോലുണ്ടോ—ശാപ
ഭാരാർത്തരായങ്ങു കണ്ടോ?
ഒന്നു പറയണേ നേരേ—എന്നോ-
ടിനിയും ക്ലേശങ്ങൾ വേറേ
എന്തുസഹിക്കണമെന്നും—അതി-
നെന്തുപശാന്തിയാണെന്നും
പാപിനി,യെങ്ങുമലയു—മൊരു
ഭാമിനിയോടു പറയൂ.

പ്രൊമെത്യൂസ്

നിശ്ചയം പറയാം ഞാൻ തെളിച്ചുമൊരു സുഹൃത്-
സത്തമൻപോലെ വക്രഭാഷണമിയലാതെ
ഞാനല്ലോ പ്രൊമെത്യൂസാം വാനവൻ, പാവപ്പെട്ട
മാനവർക്കഗ്നിദാനം ചെയ്തോരു ശാപാക്രാന്തൻ!

അയോ

മനുഷ്യജാതിക്ക് ഉപകാരംചെയ്ത അല്ലയോ ഭാഗ്യംകെട്ട പ്രൊമെത്യൂസ്, എന്താണിങ്ങനെ അങ്ങ് ബന്ധനത്തിലാവാൻ കാരണം?

പ്രൊമെത്യൂസ്

ഒരു നിമിഷമേ ആയുള്ളൂ ഞാനെന്റെ ആ ദയനീയ കഥ പറഞ്ഞിട്ട്.

അയോ

എന്നാലും എന്റെ ഈ അപേക്ഷ അങ്ങു കൈയ്ക്കൊള്ളണം.

പ്രൊമെത്യൂസ്

ആശിക്കുന്നതെന്തു്? ചോദിക്കൂ. നിങ്ങൾക്കതിനു മറുപടി കിട്ടും.

അയോ

പറയൂ, എന്നാൽ, ആരാണങ്ങയെ ഈ പാറക്കെട്ടിൽ ആണിയടിച്ചുനിർത്തിയതു്?

പ്രൊമെത്യൂസ്

സേയൂസ്സിൻെറ അഭിലാഷമാണതു്; ഹെഫൈസ്റ്റസ്സിൻെറ കൈയാണതു നിർവ്വഹിച്ചതു്.

അയോ

എന്തുകുററം ചെയ്തിട്ടാണു് ഈ ശിക്ഷയേററതു്?

പ്രൊമെത്യൂസ്

ഞാൻ പറഞ്ഞതുകേട്ടു തൃപ്തിപ്പെടുക; കൂടുതലൊന്നും ചോദിക്കരുതു്.

അയോ

എങ്കിലും എന്നോടൊന്നു പറയൂ, എന്നായിരിക്കും ഈ അലച്ചിലുകളുടെ അവസാനം? ഈ അഴൽപ്പാടുകൾ എപ്പോൾ തീരും?

പ്രൊമെത്യൂസ്

അറിയുന്നതിനേക്കാൾ എത്രയോ നല്ലതാണു് അറിയാതിരിക്കുന്നതു്.

അയോ

ഹാ! എൻെറ തലയിലെഴുത്തു് അങ്ങു് എന്നിൽ നിന്നും മറയ്ക്കരുതു്.

പ്രൊമെത്യസ്

അല്ല, അതല്ല; നീ കെഞ്ചുന്ന ഈയൊരു വരം തരാൻ എനിക്കു മടിയുണ്ടായിട്ടല്ല.

അയോ

എന്നാൽപ്പിന്നെ എന്താ ഇത്ര സംശയം, അതിങ്ങു പറയാൻ?

പ്രൊമെത്യസ്

പറയാൻ വിഷമമുണ്ടായിട്ടുമല്ല. നിൻെറ ഹൃദയം തകക്കരുതല്ലോ എന്നു കരുതിയാണ്.

അയോ

ഞാനാശിക്കുന്നതിലും അർഹിക്കുന്നതിലും കൂടുതൽ അനുകമ്പ അങ്ങ് എന്നോടു കാണിക്കരുതേ.

പ്രൊമെത്യസ്

അത്രയ്ക്കു് ആകാംക്ഷയോ? എന്നാൽ ഞാൻ പറയാം, കേട്ടോളൂ.

ഗായകസംഘംനേതാവ്

നില്ക്കൂ നിമേഷ,മരുളണേ ഞങ്ങൾക്കു
തക്കോരവസരമാറ്റാദദായകം.
ആരാഞ്ഞിടാം നമുക്കിന്നവൾക്കുള്ളൊരു
തീരാത്തഴലിനു കാരണ;മായതു
നേരേയവൾതന്നെ ചൊല്ലണം, പില്പാടു
ചേരുമഴലങ്ങു പിന്നെപ്പറയണം.

പ്രൊമെത്യസ്

കന്യകേ, തവതാതസോദരിമാരാണിവ-
രെന്നോർത്തു പറഞ്ഞാലും താവകോദന്തം ഭദ്രേ!

കണ്ണീരു ചൊരിഞ്ഞാലും കഥകൾ പറഞ്ഞാലും
നിർണ്ണയമത്തു നിനക്കാശ്വാസമരുളീടും.
എന്നതുമല്ല ദയനീയം നിൻകഥ കേട്ടീ-
ട്ടുന്നവരനുകമ്പാപൂർണ്ണാശ്രുപൊഴിച്ചീടും.

അയോ

ചൊല്ലാം നിങ്ങളോടെൻ ചരിതങ്ങ-
ളെല്ലാമൊന്നും മറച്ചുവയ്ക്കാതെ.
എന്നെ വിണ്ണവർ മാനം കെടുത്തി
പിന്നെയിങ്ങനെ പേക്കോലമാക്കി
ഇന്നു ഞാനതു ചൊന്നീടുന്നേരം
വന്നീടുന്നുണ്ടു നാണവും പാരം

എന്നും രാതോറുമെന്നറയ്ക്കുള്ളിൽ
വന്നീടാറുണ്ടു സ്വപ്നകോലങ്ങൾ
എന്നുമായവ മന്ത്രിക്കുമാറു-
ണ്ടെന്നോടോരോരോ കിന്നാരമേവം:

"ധന്യേ, സുന്ദരി, എന്തിനാണേവം
കന്യയായിക്കഴിയുന്നു നീയും?
വിണ്ണോർനായകൻ തൻ വധുവായി
മിന്നിടേണ്ടവളല്ലയോ നീയും?
നിന്നിൽ പ്രേമപരവശനായി-
ത്തീർന്നു നിന്നെപ്പുണരുവാനായി
ഇന്നാസ്സേയൂസ് കൊതിക്കുന്നു കുഞ്ഞേ
നിന്ദിയായ്ക്കുശ്ശയനീയമേത്തും.
തൽപിതാവിൻ പശുക്കൾ മേഞ്ഞിടും
ശഷ്പപുഷ്കലരമ്യമൈതാനം

‘ലേർണാ’നാമവിശാലതലത്തി-
ലണ്ണോജാക്ഷി നീ പോരൂ വൈകാതെ
നിന്നെക്കാണാൻ കൊതിച്ചോരക്കൺകൾ
വിണ്ണോർനായകൻ ധന്യമാക്കട്ടെ.”

നിത്യമിങ്ങനെ ദുഃസ്വപ്നജാല-
മാഴ്ത്താറുണ്ടെന്നെയല്ലൽച്ചുഴിയിൽ
ചൊല്ലി ഞാനെൻപിതാവിനോടായി-
ട്ടല്ലൽപ്പാടിതു പോക്കുവാനായി
പെട്ടെന്നാച്ഛനും ദിവ്യദൂതരെ
വിട്ടു ‘ദെൽഫി’ക്കു തത്വമാരായാൻ
‘ദോദോണ’യ്ക്കുമയച്ചു ദൂതരെ
ഓരോരുത്തരെ തത്വമാരായാൻ
വന്നുവന്നവരോരോരോ വാർത്ത
ചൊന്നാരേതും തിരിഞ്ഞതുമില്ല!
പിന്നെ വന്നിതൊടുവിൽ തെളിവായ്
തന്നെ നിഷ്കൃപമാകുമൊരാജ്ഞ
എന്നെയെൻപിതാ‘വിനാക്കൂസ്” വീട്ടിൽ-
നിന്നുമാട്ടിക്കളയണമെന്നായ്
ദൂരെദ്ദൂരെയിബ്ഭൂതലംതന്നിൽ-
ക്രൂരിരുട്ടിലലയണംപോലും
അല്ലെന്നാകിലോ സേയൂസ്സയയ്ക്കും
സ്വർല്ലോകത്തിലെ മിന്നൽപ്പിണർകൾ
അസ്മദ്വംശമശേഷവുമന്നോ
ഭസ്മമാക്കുവാനാജ്ഞയും നൽകി.
അപ്രവചനവാക്കിനധീനൻ
മത്പിതാവു വിഷണ്ണനായേറ്റം

അപ്പോൾത്തന്നെയെൻ ഗേഹത്തിൽനിന്നു–
മാട്ടിയോടിച്ചാൻ നാട്ടിങ്കൽനിന്നും.
അച്ഛനിന്നിതു ചെയ്തതോ സേയൂ–
സ്സിച്ഛിച്ചെന്നതുകാരണമല്ലോ.
ആ നിമിഷമെന്നാകാരമാകെ
മാറി മാനസം വൈകൃതമായി.
നിങ്ങൾ കാണ്മീലേ കൊമ്പിതു രണ്ടും
അന്നു വന്നു മുളച്ചവയല്ലോ.
കൂർത്തകൊമ്പുകൾകൊണ്ടക്കടന്നൽ
കുത്തിയെന്നുടലാകെത്തുളച്ചു.
തൽക്ഷണത്തിൽ ഞാൻ പേപിടിച്ചോടി
‘സേർഷേണാ’ഖ്യമാം ചോലയിൽച്ചാടി.
‘ലേർണാ’മൈതാനവാപിവാരിയിൽ
ച്ചെന്നേൻ പിന്നെയൊഴുകിയൊഴുകി
പാഞ്ഞുപാഞ്ഞെത്തിയെന്നെപ്പിൻതുട–
ന്നാഞ്ഞുപുൽകുവാനാർഗസ്സെന്നുള്ളോൻ
കാലിമേച്ചുനടപ്പവനായിരം
കണ്ണാലെന്നെത്തുറിച്ചവൻ നോക്കി
മൃത്യു വന്നു വിഴുങ്ങിയവനെ;–
യെത്തി പിന്നാലെ വീണ്ടും കടന്നൽ
നാടുതോറും ഞാനോടിയലഞ്ഞേൻ
നാകദണ്ഡനഭീതയായേററം
ഏവമാണെൻ ചരിത,മോതണം
വേറെയെന്തെന്തു ഞാൻ സഹിക്കേണം.
ഇമ്പമേറുംനുണകളാലെന്നെ
സാന്ത്വനത്തിനൊരുമ്പെടരുതേ.

വഞ്ചനാത്മകമായവാക്കുകൾ
നഞ്ചിലേറെ വെറുക്കുന്നു ഞാനും.

ഗായകസംഘം

നിർത്തണേ! നിർത്തണേ! ഭീകരം! ഭീകരം!
ഇത്തരമത്ഭുതവാർത്തയിന്നോളവും
സ്വപ്നലോകത്തിലും കേട്ടിട്ടുമില്ല ഞാൻ;
ഇപ്രകാരം ഘോരദുർന്നയദണ്ഡനം
അനല്പതരക്രൂരമാമനുഭൂതിക-
ളെക്കാലവുമിനിക്കാൺകയുമില്ല ഞാൻ
ക്രൂർത്തുമൂർത്തുള്ളതാം ശൂലത്തിനാലെന്റെ
ഹൃത്തടം കുത്തിപ്പിളർക്കുന്നിതിക്കഥ.
ഞെട്ടുന്നു ഞാൻ വിധേ! ഞെട്ടുന്നു ഹാ വിധേ!
ഞെട്ടുന്നിതിക്കന്യതൻ കഥ കേൾക്കവേ.

പ്രൊമെത്ത്യൂസ്

ഇത്ര നേരത്തേ പേടിച്ചരണ്ടു കരഞ്ഞാലോ?
നിൽക്കുക! ശേഷംകൂടി കേൾക്കുക! കേഴാം പിന്നെ.

ഗായകസംഘം നേതാവ്

തുടരൂ കഥ വേഗം പറയൂ, ശോകത്താലേ
പിടയും ചിത്തം ശാന്തിയേന്തിടുമതുകേൾക്കെ.

പ്രൊമെത്ത്യൂസ്

നിങ്ങളാശിച്ചു മുറവുമിക്കഥ കേൾക്കാനിന്നി-
ക്കന്യക പറഞ്ഞെല്ലാം; ആയതു സാധിച്ചല്ലോ.
കേട്ടാലു,മിനി 'ഹേരാ' പുതുതാം താപോൽക്കര-
മേല്പിക്കുമിവൾക്കുള്ള യൗവനാങ്കുരത്തിന്മേൽ.

അയി! സോദരി, 'ഈനാക്കൂസി'ന്റെ സുതേ, നിന-
ക്കിനി നിൻ ലക്ഷ്യം കേൾക്കാമെന്മുഖത്തിങ്കൽനിന്നും.
ഇവിടംവിട്ടു സൂര്യനുദിക്കുംദിക്കിൻനേരേ
നടകൊണ്ടാലുമാദ്യം തരിശാം നിലത്തൂടെ
കണ്ടിടാം നിനക്കപ്പോൾ സിഥിയന്മാരെ,യൂരു-
തെണ്ടിടുംകൂട്ടക്കാരെ, വണ്ടിയിൽപ്പാർക്കുന്നോരെ.
വില്ലെടുത്തെയ്യുന്നോരാമവരെക്കണ്ടെന്നാകിൽ
ചെല്ലരുതടുത്തെങ്ങു;മൊഴിഞ്ഞു പൊയ്ക്കൊള്ളണം.
അവിടെ, കടൽത്തിരയിരമ്പും തീരംവഴി
വിരയെപ്പൊയ്ക്കൊണ്ടാലും, കാണുകില്ലവരാരും.
ഇടതുഭാഗത്തല്ലോ വസിപ്പൂ 'ചാലിബ്ബ്'രാ-
മിരുമ്പുവേലചെയ്വോ;രവരും ക്രൂരന്മാരാം.
അന്യരെക്കണ്ടെന്നാകിൽ കൊന്നിടുമവർ നൂനം
കന്യയാം നിനക്കേററം വർജ്ജ്യമാണാരാജ്യവും.
'ഹൈബ്രിസ്റ്റസ്'പുഴ കാണാമപ്പുറമതുമേറെ
വൈഷമ്യമല്ലോ കടന്നീടുവാ,നാപത്തുണ്ടാം.
'കാക്കസസ്'കൊടുമുടി കണ്ടിടാമേററം തല-
പ്പൊക്കത്തിൽ, വെള്ളച്ചാട്ടമുണ്ടങ്ങു ഭയാനകം.
നക്ഷത്രമാർഗ്ഗത്തിങ്കലെത്തിടാമതുവഴി
ദക്ഷിണദിക്കിലേക്കു തിരിക്കാം നിനക്കപ്പോൾ.
മനുജദ്വേഷികളാം 'ആമസൺ'ജാതിക്കാരെ-
ത്തരസാ കാണാം,മവർ നേർവഴി കാണിച്ചീടും.
കടലിന്നിടുക്കൊന്നുണ്ടവിടെ 'സിമ്മേറിയ',-
നുടനേ ചാടേണം നീ നിർഭയമതിന്നുള്ളിൽ.
നീന്തുക 'മെയോററിക്കാം' മറെറാരു കടലിടു-
ക്കെന്തൊലാ ഭീരുത്വം നീയപ്പോഴുമാരോമലേ.

നിന്നുടെയോൎമ്മയ്ക്കായിട്ടുകടലിടുക്കെന്നും
കന്യകേ, 'ബൊസ്പൊറസ്സ്'നിങ്ങനെ വിഖ്യാതമാം.
യൗരോപഖണ്ഡത്തിൻെറയതിർത്തി വെടിഞ്ഞേവം
ചാരുവാം നിൻപാദങ്ങളേഷ്യയെയാശ്ലേഷിക്കും.

(ഗായകസംഘത്തോട്)

ചൊല്ലുവിനിപ്പോൾ നിങ്ങൾ വിണ്ണവർപുരാനുഗ്ര-
നല്ലയോ നാനാതരത്തിങ്കലും താന്തോന്നിതാൻ.
ദേവൻപോലിയ്യാൾ കഷ്ടം ദേവൻ പോൽ! ഒരു മൎത്ത്യ-
നാരിതൻ സൗന്ദൎയ്യത്തിൽ പേപിടിച്ചല്ലോ കഷ്ടം!
പാവത്തെപ്പലായനംചെയ്യിപ്പൂ പലപാടു-
മാപത്തിൽ വലയ്ക്കുന്നു പിന്നാലെ പാഞ്ഞീടുന്നു!

(കന്യകയോട്)

കഷ്ടമെൻ വത്സേ! നിൻെറ കാമുകൻ കാമക്രോധാ-
വിഷ്ടനാം മൃഗമല്ലോ; ഹത നീ! ഹാ ഹാ! ബാലേ!
ഒന്നു ഞാനോതാം നിൻെറ ദുഃഖനാടകത്തിൻെറ
നാന്ദിയുമായിട്ടില്ല!

അയോ

കഷ്ടമേ കഷ്ടം കഷ്ടം!

പ്രൊമെത്യൂസ്

പിന്നെയും ചൊല്ലീടുന്നോ കഷ്ടമെന്നിപ്പോൾ ബാലേ
ഇന്നി നീയെന്തോതീടും ഭാവിയൊട്ടറിയുമ്പോൾ?

ഗായകസംഘംനേതാവ്

എന്തിതു? വേറേ കഷ്ടപ്പാടുകളുണ്ടാമെന്നോ?

പ്രൊമെത്യൂസ്

ചിന്തിക്കിലിനിയല്ലോ കോളേറും പെരുങ്കടൽ.

അയോ

എന്തിനെൻജീവിതം? ഇപ്പൊഴിപ്പൎവ്വത-
ശൃംഗത്തിൽനിന്നു ഞാൻ കീഴോട്ടു ചാടുവൻ.
പാടേതകൎന്നു തരിപ്പണമാകുവൻ
പാടേതുമില്ലാത്ത വിശ്രാന്തിപൂണുവൻ
നിത്യമീ വേദന തിന്നുന്നതിൽനിന്നു-
മെത്രയോ മെച്ചം മരണം മനോഹരം.

പ്രൊമെത്യൂസ്

മൃത്യുവിൻമാൎഗ്ഗമടച്ചു വിധിയെനി-
ക്കത്യന്തദുസ്സഹമീ നിത്യയാതന!
ഇല്ല ഞാൻ കാണുന്നതില്ലൊരു പോംവഴി-
യല്ലലിൽത്തന്നെ കഴിയണം നാളിനി.
സേയൂസ് പ്രതാപത്തിൽനിന്നു വീഴുംവരെ-
യീയുള്ളവൻ ബന്ദിയായിക്കഴിയണം!

അയോ

എങ്ങനെ? സേയൂസ് പ്രതാപത്തിൽനിന്നു വഴുതി വീഴുമെന്നോ? അങ്ങനെയൊന്നു സംഭവിക്കുമോ?

പ്രൊമെത്യൂസ്

ആഹ്ലാദിക്കും, നീ തീൎച്ചയായും ആ ദിവസം പുലരുമ്പോൾ.

അയോ

എങ്ങനെയെല്ലാം ഞാൻ ആഹ്ലാദിക്കുമെന്നോ! സേയൂസ്സല്ലയോ ഈ വിനയെല്ലാം എനിക്കു വരുത്തിവെച്ചതു്?

പ്രൊമെത്യസ്

ഇതു തീർച്ച. നീയതു തീർച്ചപ്പെട്ടത്തിക്കൊള്ളൂ.

അയോ

പക്ഷേ, ആരായിരിക്കും ആ ചെങ്കോൽ തട്ടിപ്പറിക്കുന്നതു്?

പ്രൊമെത്യസ്

അദ്ദേഹം സ്വയംതന്നെ. ആ പൊള്ളത്തലയിൽ നിന്നുണ്ടാകുന്ന ആലോചനകൊണ്ടുതന്നെ!

അയോ

അതെങ്ങനെ? അപകടമില്ലെങ്കിൽ ഒന്നു പറഞ്ഞുതരൂ.

പ്രൊമെത്യസ്

അദ്ദേഹം വേൾക്കും; സ്വയം പശ്ചാത്തപിക്കും അതോടെ.

അയോ

ദേവാങ്ഗനയേയോ നരനാരിയേയോ?—പറയാവുന്നതാണെങ്കിൽ പറയൂ.

പ്രൊമെത്യസ്

ആരെയായാലെന്തു്? അതല്ലാ കാര്യം. പക്ഷേ, എനിക്കതു പുറത്തു മിണ്ടാൻപാടുള്ളതല്ല.

അയോ

സ്വന്തം വധുതന്നെയായിരിക്കുമോ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുന്നതു്?

പ്രൊമെത്യൂസ്

പിതാവിനെക്കാരം പ്രതാപവാനായ ഒരു പുത്രനെ അവരം പ്രസവിക്കും.

അയോ

ഈ ആപത്തിൽനിന്നും രക്ഷാമാൎഗ്ഗം ഒന്നും അദ്ദേഹത്തിനുണ്ടാവില്ലെന്നോ?

പ്രൊമെത്യൂസ്

ഒന്നുമില്ല; ആരുമില്ലാ രക്ഷിക്കാൻ, ഞാനല്ലാതെ. അതും ഈ ചങ്ങലക്കെട്ടുകരം അഴിച്ചാൽ മാത്രം.

അയോ

പക്ഷെ, ആക്ക്ഴിക്കാൻ കഴിയും അവ, സേയൂസ്സിന്റെ അനുമതിയില്ലാതെ?

പ്രൊമെത്യൂസ്

അതും വിധിച്ചുകഴിഞ്ഞിരിക്കുന്നു—ഈ നിൻെറ പരമ്പരയിൽ പിറക്കുന്ന ഒരാളാണ് അതു ചെയ്യുന്നത്.

അയോ

എന്ത്? എൻെറ രക്തത്തിൽനിന്നു പിറക്കുന്നവനോ അങ്ങയുടെ രക്ഷിതാവ്?

പ്രൊമെത്യൂസ്

പന്ത്രണ്ടു തലമുറ കഴിഞ്ഞോട്ടെ, അയാരം പിറക്കും.

അയോ

ഇരുണ്ടുമൂടിയതായിത്തോന്നുന്നു അങ്ങയുടെ പ്രവചനം; എനിക്കതു മനസ്സിലാവുന്നില്ല.

... GRANTHA SALA ... NOOR, ...

പ്രൊമെത്ത്യൂസ്

വേണ്ട; ഇത്രയും മതി. ഇനി ഇതിലേറെ നിൻെറ നിർഭാഗ്യങ്ങളെപ്പററി ചോദിക്കരുത്.

അയോ

ഹാ! ആദ്യമങ്ങ് എനിക്ക സഹായം വാഗ്ദാനംചെയ്തു. ഇപ്പോൾ അവിടുന്ന ദത്താപഹാരം ചെയ്യുന്നോ?

പ്രൊമെത്ത്യൂസ്

ഇതാ രണ്ടു പ്രവചനങ്ങളുള്ളതിൽ ഏതെങ്കിലും ഒന്നിനെപ്പററി ചോദിച്ചുകൊള്ളൂ—ഒന്നിനെപ്പററിമാത്രം.

അയോ

ഏതെല്ലാമാണവ? തെളിച്ചു പറയൂ. ഒന്നു ഞാൻ തിരഞ്ഞെടുക്കാം.

പ്രൊമെത്ത്യൂസ്

തിരഞ്ഞെടുക്കൂ! ഞാൻ പച്ചയായി പറയാം, എന്തെല്ലാം ആപത്തുകളാണു നിന്നെ കാത്തിരിക്കുന്നതെന്ന്. അല്ലെങ്കിൽ ആരായിരിക്കും എന്നെ മോചിപ്പിക്കുന്നതെന്ന്.

ഗായകസംഘംനേതാവ്

ഇന്നാവരങ്ങളിൽ നല്കണേ ഒന്നവൾ-
ക്കൊന്നെനിക്കും ഭവാൻ; യാചിച്ചിടുന്നു ഞാൻ.
ചൊന്നാലുമെങ്ങെങ്ങലയുമിപ്പെൺകൊടി?
പിന്നെ,ബ് ഭവാനെയാർ മോചിക്കുമെന്നതും.

പ്രൊമെത്ത്യൂസ്

ഇങ്ങനെ യാചനചെയ്യുന്നതുമൂല-
മെങ്ങനെ വയ്യെന്നു ഞാൻ തടഞ്ഞീടുന്നു?

എല്ലാം പറഞ്ഞിടാം ബാലികേ, നീ തുട-
ന്നല്ലൽപ്പെടുന്ന കഥകൾ സവിസ്തരം
ഓരോന്നുമേററവും ശ്രദ്ധിച്ചുകേൾക്കണെ-
മോരേണ്ടതുണ്ടതിലോരോ വിശേഷവും.

രണ്ടുഖണ്ഡങ്ങളെ വേർതിരിച്ചീടുന്ന-
തുണ്ടു കടലിടുക്കൊന്നു മുൻചൊന്നപോൽ
അപ്പുറം കാണാമുദയസൂരകര-
മുജ്ജ്വലിപ്പിക്കുന്ന പൗരസ്ത്യഭൂതലം.
ആഴിപ്പെരുമ്പറയൊച്ചയെത്താതെയു-
ണ്ടാരാൽ ഭയാനകം മൈതാന,മങ്ങു നീ
നേരേ കടക്കുകിൽ കണ്ടിടാം മൂവരെ,
പാരം വയോവൃദ്ധനാരീജനങ്ങളെ,
'ഫോർസിസ്'തനയമാരാണവ,രന്നങ്ങൾ-
പോലെ വെളുവെളെന്നുള്ളവർ, വന്ധ്യകൾ,
മൂവർക്കുകൂടിയും കണ്ണൊന്നു പല്ലൊന്നു,
മൂവരും വാഴുന്നിതന്ധതാമിസ്രയിൽ.
അല്ലും പകലുമൊരുപോലെ, ചന്ദ്രാർക്ക-
ഫുല്ലകിരണങ്ങളങ്ങെത്തിനോക്കിടാ.
മൂന്നു സഹോദരിമാരുണ്ടടുത്തങ്ങു—
മൂവർക്കുമുണ്ടു ചിറകുകൾ—വാഴുന്നു.
മർത്ത്യരേററം ഭയന്നോടുന്നമാതിരി
അത്രയ്ക്കു ഭീകരദൃശ്യകളാണവർ
നീണ്ടു ചുരുണ്ടു വളഞ്ഞുള്ള പാമ്പുകൾ-
കൊണ്ടു തലമുടിനാരുകൾ ചേരുവോർ!
കണ്ടാൽ ഭയന്നു വിറച്ചു മരിച്ചുപോം;
മിണ്ടാതെ കണ്ടൊട്ടകന്നുനീപോകണം.

ഉണ്ടിനി വേറെയും പേടിതോന്നിക്കുമാ-
റണ്ടർകോൻതൻവേട്ടനായ്ക്കൾ കരുതുക.
നീണ്ട തുണ്ഡങ്ങൾപോലുള്ള മുഖങ്ങളെ-
ക്കൊണ്ടവയൊന്നും കുരയ്ക്കുമാറില്ലെടോ.
പിന്നെയും കണ്ടിടാം‘മേകാക്ഷ’നായിട്ടു
മിന്നു‘മരിമാസ്പ്യ’നെന്നൊരശ്വഗണം
വർണ്ണശബളമാം ‘പ്ലൂട്ടോണിയൻ’നദി-
തന്നിലെപ്പൊന്മണൽത്തട്ടിൽ നില്പിതവ
ദൂരെയൊഴിഞ്ഞുമാറേണമവയുടെ
ചാരത്തു പോകിലോ നാശം സുനിശ്ചിതം
അങ്ങനെയെത്തും വിദൂരദേശത്തു നീ-
യങ്ങുതാൻ ഖ്യാതമാം‘മെത്ത്യോപ്’നദീതടം.
ശ്യാമളവർണ്ണമെഴുമൊരു വർഗ്ഗമാ-
ണാമഞ്ജുഭൂതലംതന്നിൽ വസിപ്പതും
പോക നീ വീണ്ടും പുഴക്കരതന്നിലൂ-
ടാകമ്രമാം ‘ജലപാത’വും ദൃശ്യമാം.
നില്ക്കങ്ങു ‘ബൈബ്ലിസ്’ഗിരിനിരയ്ക്കുള്ളിൽനി-
ന്നക്കല്യ ‘നീലാ’നദി പിറക്കുന്നപോൽ.
ആ നദീതീരത്തിലൂടെ നീ പോകണ-
മങ്ങനെ നീ നിൻെറ ലക്ഷ്യമണഞ്ഞിടും.
മുക്കോണമായിടും ‘മിസ്ര’യല്ലോ നിൻെറ
മക്കൾക്കു ജന്മഭൂവാകും വിദൂരത!

ചൊന്നതേതെങ്കിലുമസ്പഷ്ടതകൊണ്ടു
സന്ദേഹമങ്കുരിപ്പിച്ചുവെന്നാകിലോ
കന്യേ,യിനിയും പറയാം വിശദമാ;-
യിന്നെനിക്കേറെയുണ്ടല്ലോ സമയവും.

ഗായകസംഘംനേതാവ്

എത്രയും താപസങ്കീർണ്ണമിവളുടെ
യാത്രയിൽ വക്തവ്യമായതേതെങ്കിലും
വിട്ടെങ്കിലോതണ,മില്ലെങ്കിലേകണം
മറേറ വരം ഞാനപേക്ഷിച്ചതു ഭവാൻ.

പ്രൊമെത്യൂസ്

കേട്ടുകഴിഞ്ഞിത'ഇയാ'തൻെറ നീണ്ടുള്ള
യാത്രാകഥയുമതിനുടെ ലക്ഷ്യവും
കേവലം മിഥ്യയല്ലകഥയെന്നു ഞാ-
നാവോളമങ്ങയെ വിശ്വസിപ്പിച്ചിടാം
ഇന്നോളമിത്തയ്യലേതേതനുഭവി-
ച്ചെന്നതുമെല്ലാമറിയുന്നു ഞാൻ സഖേ
ചൊന്നതിനുള്ള തെളിവായ് കഥാന്ത്യത്തിൽ-
നിന്നൊരു ഭാഗം പറയാം ചുരുക്കി ഞാൻ.

എത്തീലയോ നീ 'മെലോഷ്യ'നിൽ പിന്നെയ-
ങ്ങുത്തുംഗശൈലപരീതം 'ഡൊഡോണ'യിൽ
'തെസ്പ്രോഷ്യ'നെന്നുള്ള സേയൂസ്പ്രവചന-
സുസ്ഥാനമങ്ങാണു, പേശും മരങ്ങളും
ഒട്ടു തെളിഞ്ഞ വചസ്സിനാൽ സ്വാഗതം
സ്പഷ്ടമായ് ചൊന്നാരവനിനക്കാദ്യമേ
പിന്നെപ്പറഞ്ഞു മധുരമായ്, സേയൂസു
നിന്നെപ്പരിണയംചെയ്യുമെന്നുള്ളതും
—ഇക്കഥ കേൾക്കവേ നിന്നിൽ സ്മരണക-
ളുൾക്കമ്പമേകിയുണരുന്നു—കാണ്മു,ഞാൻ

അപ്പൊഴാണല്ലോകടന്നാലിൻകുത്തോരു
നില്ക്കുവാനാകാതെ നീളെയലഞ്ഞെത്തും
അക്കടൽവക്കിലൂടോടിക്കിതച്ചു 'റീ'-
യുൾക്കടലിൽച്ചെന്നു നീ വീണു പിന്നെയും
പിന്നോട്ടു പിന്നോട്ടു പായിച്ചു നിന്നെയാ-
ദുർന്നയ ദൗർഭാഗ്യവാത്യ ഭയാനകം!
ഭാവിയിൽ നിന്നുടെയോർമ്മയ്ക്കു 'യോണിയാ'
നാമത്തിനാലതു വിഖ്യാതമായിടും.

ഭാവിപ്രവചനമീവകചൊൽവതെ-
ന്നാവിലാത്മാവിന്റെ വീക്ഷണവൈഭവം!
ഇന്നി ഞാൻ വീണ്ടും പഴയ കഥാഗതി
തന്നെ തുടരുന്നു കേൾക്കുവിൻ ശേഷവും.

നീലാനദീമുഖത്തിന്നു തിലകമായ്
ലാലസിക്കുന്നു 'കനോപ്പസാം' പട്ടണം.
ദേവരാജൻ നിജസ്പർശനത്താൽ നിന-
ക്കേകിടുമങ്ങു സുബോധം സുലോചനേ!
ശ്യാമളവർണ്ണം കലർന്നകുമാരനെ-
ക്കോമളാകാരനെപ്പെറ്റിടുമന്നു നീ
ദേവകരസ്പർശജാത'നെപ്പാഫ്''സ്സെ-
ന്നാവുമവന്നു പേരന്വർത്ഥമായ് ശുഭേ!
നീലാനദി നിജവിസ്തൃതവക്ഷസ്സിൽ
നിന്നുമൊഴുകും പയസ്സാൽ വളർത്തിടും
തീരകേദാരദ്രുമങ്ങളുതിർക്കുന്ന
ചാരുഫലങ്ങളശിക്കും തവസുതൻ.

അൻപതുകന്യകളക്കുമാരൻതൻെറ-
യഞ്ചാം തലമുറക്കാരായ് പിറന്നിട്ടും
അൻപതുപേരും തിരിക്കുമാർഗസ്സിലേ-
യ്ക്കങ്ങു പോവാനവർ നിർബദ്ധരായിട്ടും
ബന്ധുക്കളാം യുവകാമുകസഞ്ചയം
ബന്ധുരഗാത്രികൾക്കത്യന്തഭീതിദം
എന്നതുമൂലം മണിയറവിട്ടവ-
രൊന്നാകെയോടിയൊളിക്കും ഭയാകുലം
പിന്നാലെ മാടപ്പിറാക്കളെ ഗ്ഗൃദ്ധ്രങ്ങ-
ളെന്നപോൽ പാഞ്ഞിട്ടും കാമുകവൃന്ദവും.
അത്തരുണർക്കു നിഷിദ്ധപ്രണയസം-
വിദ്ധമാം ഹൃത്തടം രോഷാകുലമാകെ
ദൈവമവരെത്തടയുമപ്പൂമേനി
കേവലമൊന്നു തൊട്ടുകയുമില്ലവർ!
'ആരെസി'ൻകോപവിഭ്രാന്തികലന്നുള്ളൊ-
രാരാമമാരൊരു പാതിരാവേളയിൽ
അക്കാമുകഗണഹൃത്തടം രാഗാർദ്ര-
മാക്കിട്ടും തങ്ങടെ ക്രുത്ത കഠാരയാൽ!
(ആശിച്ചിട്ടുന്നു ഞാനെൻെറ ശത്രുക്കൾക്കു-
മവ്വിധമാകും പ്രണയപ്രകടനം!)
തന്മണവാളനെക്കൊല്ലുവാനാകാതെ-
യമ്മങ്കമാരിലൊരു മനോഹാരിണി
പാരം ദയാകുലയായൊരു ഭീരുവായ്-
ത്തീരാൻകൊതിക്കും കൊലക്കുററമേലാതെ
അക്കുലകന്യകതൻെറ ഗർഭത്തിൽനി-
ന്നൽപന്നമാം രാജവംശമൊന്നാർഗസ്സിൽ.

ഇക്കഥയെല്ലാം പറഞ്ഞുവെച്ചുള്ളതോ
വക്രഗതിയിലാണെന്നു തോന്നുന്നുവോ?
ചൊല്ലാം ചുരുക്കി ഞാനാവംശജാതനായ്
വില്ലാളിവീരൻ പിറക്കുമെൻ മോചകൻ!
എന്നമ്മ 'തേമീസ്' പ്രവചിച്ചതാണേവ-
മിന്നും സവിസ്തരമോർമ്മിച്ചിടുന്നു ഞാൻ.
എല്ലാമതുപോൽ പറയുവാനാവില്ല;
ഇല്ലതുകൊണ്ടു നിനക്കും പ്രയോജനം.

അയോ

കത്തിജ്വലിക്കുന്നൊരെന്നുടെ ചേതന
തത്തിപ്പിടയുന്നു പിന്നെയും പിന്നെയും
ബോധം മറയുന്നു, കുത്തുന്ന കൂർത്തുള്ള
ക്രൂരമ്പുകൊണ്ടെന്നപോലിക്കടന്നാലും.
നെഞ്ചിലടിക്കുന്നു കൂടംകണക്കിനെ
നെഞ്ചിടിപ്പോരോന്നുമാഞ്ഞാഞ്ഞു നിർദ്ദയം.
പേയാം കൊടുങ്കാററിലെന്നുടെയാത്മാവു
പായുന്നു തൻനിലവിട്ടു തെരുതെരെ
കൺമിഴി രണ്ടുമുഴന്നു ചുഴലുന്നി-
തെൻമൊഴി തെന്നുന്നു വിഭ്രമംകൊണ്ടഹോ
ചൊല്ലുകൾ നാവിൽനിന്നെൻപിടി വിട്ടിതാ-
നില്ലാതെ പായുന്നു നീർച്ചാട്ടമെന്നപോൽ.
(അവൾ പുറത്തേക്കു പാഞ്ഞോടുന്നു)

ഗായകസംഘം

തന്നോടു സമമായിത്തന്നെയിരിപ്പവളെ-
ത്തന്നെ വേൾക്കണമെന്ന പരമസത്യം

മന്നിടത്തിങ്കലാരോ ചെന്നതിന്നാദ്യ,മവൻ
തന്നോളം പ്രാജ്ഞനന്യനില്ലയല്ലോ
തന്നെത്താൻ നേടുന്നവൻ താലിവക്കൊലാ ധന-
ധാന്യാദികളിലേററം മികച്ചവളെ.
തന്നുടെ പൂവ്വികരെ തന്നെത്താൻ പുകഴ്ത്തീടും
ധന്യമ്മന്യരെ വേളികഴിക്കരുതേ.

വിണ്ണവർനാഥൻ സേയൂസ്സെന്നൊത്തൻ ശയനീയം
തന്നിൽ നയിക്കും ദിനം പുലരരുതേ
മാന്യനാം വിധേ! കനിഞ്ഞെന്നെക്കാക്കണമൊരു
വിണ്ണവനെന്നെപ്പരിണയിച്ചിടാതെ.
വഞ്ചിതയിക്കന്യയെക്കാൺകെ ഞാൻ ഞെട്ടീടുന്നി-
തെൻ ചിത്തം ഭയാകുല മിളകിടുന്നു.

ഇല്ലൊരു ഭയമെനിക്കേതുമേ പരസ്പരം
തുല്യതയുള്ളോർക്കനുരാഗമെങ്കിൽ
സൊല്ലയായ് വരുമെന്നേൽ നിർദ്ദയമൊരു ദേവൻ
നില്ലാതെ കടാക്ഷങ്ങളയച്ചുവെന്നാൽ!
നിഷ്പ്രയോജനനിത്യമത്സരമതിൻ ഫല-
മത്യന്തഭയാനകദുരിതമല്ലോ.
എന്താവുമെൻ ജീവിതം? സേയൂസുകൊതിച്ചെങ്കി-
ലെങ്ങനെയതിൽനിന്നു വഴുതിമാറും?

പ്രൊമെത്യൂസ്

എങ്കിലും സേയൂസ്സേത്ര ശഠനെന്നാലും തോററു
സങ്കടപ്പെട്ടും സ്ഥാനഭ്രഷ്ടനായ് ഭവിച്ചീടും
ആപത്തിൽ സ്വയം വീഴാൻതക്കപോലൊരു വേളി-
ക്കായവൻ കൊതിച്ചീടു;മായതു ഫലിച്ചീടും

തത്പിതാ 'ക്രോണസ്'മുന്നമപ്പുരാതനമാകും
സ്വർഗ്ഗീയസിംഹാസനം വിട്ടധഃപതിക്കവേ
ഉഗ്രമാമൊരു ശാപമുച്ഛ്വസിച്ചതു മുററ-
മപ്പൊഴതനുഭവിച്ചീടുമിപ്പിതൃഹന്താ.
ദേവന്മാരാരും ശക്തരല്ല ഞാനല്ലാതിന്നീ-
യാപത്തിൻ പരിഹാരമോരുവാനോതീടുവാൻ
ഞാൻമാത്ര,മതേസത്യം ഞാൻമാത്രമറിയുന്നു
ഞാൻമാത്രമതുചെയ്യാൻ ശക്തനായ്മരുവുന്നു
തീജ്വാലവമിച്ചീടുമശനി ചുഴററിയു-
മുഗ്രമാം സ്തനിതത്താലാകാശം നടുക്കിയും
ഊർജ്ജിതാത്മാവായ്ഗർവ്വശൃംഗത്തിൽ വിളങ്ങട്ടെ
നിർജ്ജരാധീശൻ നിജ വൈഭവം കാണിക്കട്ടെ!
ഭ്രഷ്ടനായ്ഭവിക്കുമ്പോളവനെസ്സഹായിക്കാൻ
സ്പഷ്ടമിപ്രഭാവങ്ങളെത്തുകില്ലടുത്തെങ്ങും.
അത്രയ്ക്കു ഭയങ്കര നിർഭാഗ്യമല്ലോ സ്വയം
സൃഷ്ടിച്ചു തന്നോടേററു പൊരുതാൻ പോരുന്നതായ്.
തടുക്കാനാവാത്തതാം മട്ടിലത്യുഗ്രം ശക്തി
തിടുക്കെന്നെയ്ന്നീടും തീനാളമുതിർത്തിടും
മിന്നലിന്നൊളിയാകെ മഞ്ഞളിപ്പിക്കുമതു
നിർണ്ണയം മേഘനാദഗർവത്തെ നടുക്കീടും!
പൃഥ്വിയെ വിറപ്പിക്കും സാഗരത്രിശൂലത്തെ
മിഥ്യയാക്കീടും മട്ടിലായതു തകർത്തീടും
അപ്പൊഴേ സേയൂസ്സേവമാപത്തിൻ ഭാരംഭസി
യുത്ബുദ്ധനാവൂ നിത്യയാതനാബദ്ധനാവൂ.
അപ്പൊഴേ സാർവഭൗമസ്ഥാനത്തിൽ നിന്നുമെത്ര-
വ്യത്യസ്തം ബന്ദീഭാവമെന്നതുമറിഞ്ഞീടൂ!

ഗായകസംഘംനേതാവ്

തീർച്ചയായും ആവക ഭീഷണികൾ നിങ്ങളുടെ മോഹന സ്വപ്നങ്ങളല്ലേ?

പ്രൊമെത്യുസ്

എൻെറ ആശകളാണു ഞാൻ പറയുന്നതു്—സത്യവുമാണു്.

ഗായകസംഘംനേതാവ്

എന്തു്? ഇതുമൊരു സത്യമെന്നോ—സേയൂസ്സിനും ഒരു നാഥനുണ്ടാവുക?

പ്രൊമെത്യുസ്

ഇതിലും കഷ്ടേറിയ അനുഭവങ്ങൾ അയാൾക്കുണ്ടാവാൻ ഇരിക്കുന്നേ ഉള്ളു.

ഗായകസംഘംനേതാവ്

എങ്കിലും നിങ്ങൾക്കതു വിളിച്ചുപറയാൻ തോന്നുന്നല്ലോ—എന്തു ചങ്കുററം!

പ്രൊമെത്യുസ്

ഞാനെന്തിനെ ഭയപ്പെടണം? മരിക്കാൻ തലയിലെഴുത്തില്ലാത്ത ഈ ഞാൻ?

ഗായകസംഘംനേതാവ്

പക്ഷേ, ഇതിലുമേറെ മൂർച്ചയുള്ള വേദനകൾ ഏല്പിക്കാൻ അദ്ദേഹത്തിനാവും.

പ്രൊമെത്യുസ്

ഏല്പിക്കട്ടെ! വരാനുള്ളതെല്ലാം ഞാൻ മുൻകൂട്ടി കണ്ടുകഴിഞ്ഞു.

ഗായകസംഘംനേതാവ്

കർമ്മഫലത്തിനു കീഴ്‌വഴങ്ങുന്നവരത്രേ ബുദ്ധിമാന്മാർ.

പ്രൊമെത്യൂസ്

യാചിക്കുക! കെഞ്ചുക! തത്കാലത്തേയ്ക്കുമാത്രം കോയ്മകൊള്ളുന്ന ഒരുവനെ ആരാധിക്കുക! ഈ സേയ്യൂസ്സുണ്ടല്ലോ, അയാളെനിക്കു പുല്ലാണ്! അയാൾ ഇഷ്ടം പോലെ പ്രവർത്തിക്കട്ടെ. കുറച്ചുനേരത്തേയ്ക്ക് അയാൾ ചക്രവർത്തിയായി ഞെളിയട്ടെ. അധികംനാൾ അയാൾ സ്വർഗ്ഗം വാഴില്ല.

ഇതാ, വരുന്നു, സേയ്യൂസ്സിന്റെ ഒരു സേവകൻ. എന്തോ ഒരു ദൗത്യവും കൊണ്ടാണു വരവ്; തീർച്ച.

(ആകാശത്തുടെ പറന്നുകൊണ്ട് ഹെർമെസ് പ്രവേശിക്കുന്നു.)

ഹെർമെസ്

നീചാതിനീചനാം വഞ്ചക! ചൊല്ലുക!
നീയല്ലയോ തീയു കട്ടതു കശ്മല!
ദേവവംശത്തെച്ചതിച്ചുമർത്ത്യർക്കതത്
പ്രാഭവം നല്കിയനിന്നോടുചൊല്‌വു ഞാൻ
അസ്മജ്ജനകനാജ്ഞാപിപ്പു;നീതെളി-
ച്ചിപ്പോൾപറയണമാരഹസ്യംദ്രുതം.
ആപത്തണച്ചിടുമെന്നു നീ ഘോഷിച്ചൊ
രാവിവാഹത്തിൻ കഥപറഞ്ഞീടണം.
എന്നൊനീയേതുമപദ്രവിച്ചീടൊലാ.
വന്നിടാനാവില്ലെനിക്കിങ്ങുവീണ്ടുമേ.

സേയൂസ്സിതുവിധമുള്ള തന്ത്രങ്ങളാ-
ലേതും മയപ്പെട്ടുകില്ലെന്നറിക നീ.

പ്രൊമെത്ത്യൂസ്

എന്തധികാരമിതെന്തൊരാടോപമി-
തെന്തുകൊണ്ടും ദേവഭൃത്യനയുക്തമാം
നിങ്ങൾ പുതുവാഴ്ചയാണ്ടവരൈശ്വര്യ
ശൃംഗത്തിലേറിയാഹന്തയാളുന്നവർ
നിങ്ങടെ കോട്ടയ്ക്കുഴലിൻ കരിനിഴൽ
മങ്ങലേല്പിക്കയില്ലെന്നു കരുതുന്നു!
കണ്ടവനാണു ഞാനെങ്കിലുംരണ്ടുപേ-
രണ്ടർപുരാന്മാരധഃപതിക്കുന്നതും
അങ്ങതാ വാഴുന്ന മൂന്നാമനും ദ്രുതം
മങ്ങിനാണംകെട്ടു വീഴ്വതുംകണ്ടിടും.
കൈക്കുമ്പിൾകാട്ടിഞാൻ കെഞ്ചുമെന്നോ,നിങ്ങൾ
കഷ്ടം പുതു വിണ്ണവന്മാർകരുതുന്നു?
ഇല്ലഞാൻ ചെയ്യുകയില്ലതു;പോകനീ
വന്നവഴിയേ വഴിപിഴയാതിനി.
എന്നോടുചോദിച്ചകാര്യങ്ങളൊന്നുമേ
നിന്നോടുഞാനുരിയാടില്ല പോകനീ.

ഹെർമെസ്

കരുതിക്കോ; ഈ ദുർവാശിതന്നെയാണു നിനക്കീ ആപത്തെല്ലാം വരുത്തിവെച്ചതു്.

പ്രൊമെത്ത്യൂസ്

ഒന്നു നീയും മനസ്സിലാക്കിക്കോ. എന്റെ ഈ കഷ്ടത

കളും നിൻെറ ഈ ദാസ്യവുംകൂടി വെച്ചുമാറാൻ എനിക്കു സമ്മതമില്ല.

ഹെർമെസ്

കൊള്ളാം. തീർച്ചയായും സേയൂസ്സിൻെറ ദൂതനാവുന്നതിൽ ഭേദം ഈ പാറക്കെട്ടിൻെറ അടിമയായിക്കഴിയുന്നതുതന്നെ!

പ്രൊമെത്യൂസ്

നിൻെറ ഈ അഹന്തയ്ക്കു ഞാനെങ്ങനെ നിന്നെ നിന്ദിക്കാതിരിക്കും?

ഹെർമെസ്

എനിക്കു തോന്നുന്നു, ഇതൊക്കെ അനുഭവിച്ചിട്ടും നീ മതിമറന്ന് അഹങ്കരിക്കുന്നുവെന്ന്.

പ്രൊമെത്യൂസ്

മതിമറന്ന് അഹങ്കരിക്കുന്നുവെന്നോ? ഓ, ശരി. എൻെറ ശത്രുക്കൾ അങ്ങനെ ചെയ്യുന്നതു കാണാൻ ഞാൻ കൊതിക്കുന്നു. ആ ശത്രുസമൂഹത്തിൽ ഒരുവനാണു നീയും.

ഹെർമെസ്

എന്ത്? നിൻെറ ആപത്തിനു കാരണക്കാരനായി നീ എന്നെയും കണക്കാക്കുന്നോ?

പ്രൊമെത്യൂസ്

ചുരുക്കിപ്പറയാം—എല്ലാ ദേവന്മാരെയും ഞാൻ വെറുക്കുന്നു—എന്നിൽനിന്നു നന്മനേടി പകരം എനിക്കു തിന്മചെയ്യു എല്ലാ ദേവന്മാരെയും!

ഹെർമെസ്

നിന്റെ ഈ വാക്കുകൾ നിന്നെ ഒരു മുഴുഭ്രാന്തനെന്ന് ഉത്ഘോഷിക്കുന്നു.

പ്രൊമെത്യൂസ്

ഭ്രാന്തനായിരിക്കും ഞാൻ; സമ്മതിച്ചു. ശത്രുക്കളെ വെറുക്കുക എന്നതാണു ഭ്രാന്തിനർത്ഥമെങ്കിൽ, ഞാൻ ഭ്രാന്തൻതന്നെ!

ഹെർമെസ്

നിനക്കു നന്മയാണു വന്നിരുന്നതെങ്കിൽ നീ ഇതിലും കൂടുതൽ അസഹ്യനായിത്തീരുമായിരുന്നു.

പ്രൊമെത്യൂസ്

കഷ്ടം!

ഹെർമെസ്

കഷ്ടമെന്നോ? സേയൂസ്സിന് അങ്ങനെ ഒരു വാക്കേ അറിഞ്ഞുകൂടാ.

പ്രൊമെത്യൂസ്

പക്ഷേ, വളർന്നുവരുന്ന കാലത്തിനു പാഠങ്ങൾ പലതുമുണ്ട് പഠിപ്പിക്കാൻ.

ഹെർമെസ്

എന്നിട്ടും ആ കാലത്തിനു നിന്നെ യുക്തിയുടെ ബാലപാഠം പോലും പഠിപ്പിക്കാൻ കഴിഞ്ഞില്ലല്ലോ.

പ്രൊമെത്യൂസ്

നേരാണ്; അല്ലെങ്കിൽ ഞാൻ ഒരടിമയായ നിന്നോടു വാദിക്കുമോ?

ഹെർമെസ്

നമ്മുടെ പിതാവിൻെറ ചോദ്യത്തിന്, അപ്പോൾ, മറുപടിയൊന്നും ഇല്ലെന്നോ?

പ്രൊമെത്ത്യൂസ്

ഞാനയാളുടെ കടക്കാരനാണെങ്കിൽ തീർച്ചയായും ആ കടം തീൎത്തേ മതിയാവൂ.

ഹെർമെസ്

നീയെന്നെ കളിയാക്കുകയാണ്; അല്ലേ? ഞാൻ നിൻെറ ഒരു കളിക്കുട്ടിയും!

പ്രൊമെത്ത്യൂസ്

കുട്ടിയല്ലേ ഭവാൻ? അല്ലെങ്കിലെന്തിനോ
കേട്ടു പലതുമെന്നോടു പഠിക്കുവാൻ?
പീഡയും തന്ത്രവുംകൊണ്ടാ രഹസ്യങ്ങ-
ളേതും പിടുങ്ങുവാനാവില്ല വന്നിനി.
അല്ലെങ്കിലെന്നെയീ മാനംകെടുത്തുന്ന
ചങ്ങലക്കെട്ടിങ്കൽ നിന്നു വിട്ടീടണം.
എത്രമേലയയ്ക്കട്ടെ സേയൂസ്സശനിയിൽ
നിന്നു പുറപ്പെട്ടും മിന്നൽപ്പിണരുകൾ
വെൺചിറകാളുന്ന മഞ്ഞിനാൽ, ഭൂകമ്പ
സഞ്ജാതമാകും സ്തനിതധ്വനികളാൽ,
ആകെയീ വിശ്വം കലക്കിമറിക്കട്ടെ
ആകയില്ലെന്നിച്ഛ മാററിമറിക്കുവാൻ
സേയൂസ്സിനാവില്ല തത്സാർവ്വഭൗമത്വ
നാശകനാരെന്നറിയുവാനേതുമേ.

ഹെർമെസ്

എന്നാലും ഒന്നു ചിന്തിക്കൂ, ഇതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുമോ നിനക്ക്?

പ്രൊമെത്യൂസ്

എത്രയോ നാളുകൾക്കുമുൻപ് ഞാനിതെല്ലാം കണ്ടിരിക്കുന്നു! എന്നിട്ടുചെയ്ത തീരുമാനമാണിത്.

ഹെർമെസ്

എങ്കിലും പമ്പരവിഡ്ഢി, നീ ഇനിയെങ്കിലും ഈ കഷ്ടതകളോർത്ത് ഒന്നു ബുദ്ധിമാനാവാൻ നോക്കു്.

പ്രൊമെത്യൂസ്

എന്നെയുപദ്രവിക്കൊല്ലാ ഭവാനിനി-
ച്ചെന്നു ശാസിക്കൂ കടലിൻ തിരകളെ!
ശങ്കിക്കൊലാ ഭവാൻ സേയൂസ്സിൻ രോഷാഗ്നി
മങ്കയായ് മാററിടുമെന്നെയെന്നുള്ളതും!
പിന്നെ ഞാനഞ്ജലി കൂപ്പിയെൻ ചങ്ങല
യൊന്നഴിച്ചീടണമെന്നുമർത്ഥിക്കുമോ?
ആരെ വെറുപ്പിച്ചു ഞാനിന്നവനുടെ
ചാരത്തു ചെന്നിനിയർത്ഥന ചെയ്തിടാ.

ഹെർമെസ്

ഞാനെന്തു ചൊന്നാലുമെല്ലാം വിഫലമാ-
മേതുമലിവീല നീയെൻമൊഴികളാൽ!
തീരെ മെരുങ്ങാത്തൊരശ്വം കടിവാള-
മോരാതെ ചാടിക്കുതിക്കുന്ന പോലവേ
നീ കിടന്നിങ്ങനെ മല്ലിട്ടുവാഴണം
നിന്നുടെ ദുഷ്ടമാം കഷ്ടതയോടിനി.

നിന്നുടെ ഹിംസ ഹാ! വിശ്വസിച്ചീടുന്ന
തന്നുടേതായുള്ള തന്ത്രവിധികളിൽ
എത്രയോ നിഷ്ഫലമായതു; വിസ്മിത-
ന്നിപ്പോൾ ശൂന്യമായെന്തുണ്ടു മന്നിതിൽ?

എങ്കിലുമോർക്കനീ, യെന്മൊഴി പാഴിലായ്
നിങ്കലെന്നാകിലോ രക്ഷയെന്തോ തവ?
സങ്കടവാരാശിതന്നലച്ചാർത്തുകൾ
ഹുങ്കാര വാത്യയോടൊത്തുയർന്നീടവേ
നീയതിൽപ്പെട്ടുഴന്നീടും സുനിശ്ചിതം
സ്വീയമായ് പോം വഴി കാണാതെ കേണഹോ!
അസ്മജ്ജനകനൊന്നാമതിപ്പാറയെ
ബ്ഭസ്മമാക്കീടുമശനിപാതത്തിനാൽ
പിന്നെബ്ഭവാനെയിപ്പൃഥ്വിതൻരൂക്ഷമാം
കല്ലറയ്ക്കുള്ളിൽപ്പെടുത്തി വലച്ചിടും
എത്രമന്വന്തരം ചെന്നേ ദിനപ്രഭ-
യത്രഭവാനെപ്പുണരൂ രണ്ടാമതും
അപ്പോളവിടെ വന്നീടും കഴുകനൊ-
ന്നത്ഭുതാകാരമാർന്നാരക്തവർണ്ണനായ്
ആരും ക്ഷണിച്ചിടാതേററം ബുഭുക്ഷയോ-
ടാവിരുന്നാളി പകലന്തിയോളവും
ആഹാരമേ ഗതിയായിക്കഴിയുവോൻ
അദ്ദേവരാട്ടിൻ ചിറകുററ വേട്ടനായ്
അക്കഴുകൻ വന്നതിന്നും പഴന്തുണി-
ക്കൊത്തൊരു നിന്നുടൽ കൊത്തിക്കൊറിച്ചുടൻ
നിൻകരളാകെക്കറുകറെമാറക്കഴു-
തൻ കടുംകൊക്കിനാൽ കൊത്തിയശിച്ചിടും

വേണ്ട നീയാശിക്കവേണ്ട രക്ഷോപായ-
മുണ്ടാകയില്ലതിൽനിന്നുനിനക്കിനി.
അല്ലെങ്കിൽ മറെറാരു ദേവനവതരി-
ച്ചല്ലലെല്ലാമവനേല്ക്കണം സ്വേച്ഛയാ.
മൃത്യുലോകത്തിലെപ്പാതാള ഗഹ്വര-
താത്തരസ്സീമയിൽ താണുവാണീടണം.

ചിന്തിക്കവീണ്ടു,മൊരു വെറും ഭീഷണി
പൊന്തിക്കയല്ല ഞാൻ ചൊൽവതു സത്യമാം.
സേയൂസ്സുരയ്ക്കുംമൊഴി പാഴിലാവില്ല
സേയൂസ്സോരിക്കലും പൊയ്യുരയ്ക്കില്ലെടോ
നല്ലപോലെ ഭവാൻ ഞാൻ ചൊന്നകാര്യങ്ങ-
ളെല്ലാം നിരൂപിച്ചു, കൊള്ളുക നന്മകൾ.
സത്യമാം ജ്ഞാനത്തിലേറെ വിശിഷ്ടമാ-
യിത്തരം ദുർവ്വാശിയംഗീകരിക്കൊലാ.

ഗായകസംഘം നേതാവ്

നിയതമിദ്ദൂതോപദേശമേററം
നിയമാനുപൂർവ്വമതീവയുക്തം
വെടിയുക ദുർവാശിദൂരെ, ബുദ്ധി-
യരുളും മൊഴികളെപ്പിൻതുടരൂ
പരമതത്വജ്ഞനും ബുദ്ധിവിട്ടാൽ
പരിഹാസ്യനായിടും, തർക്കമില്ല!

പ്രൊമെത്യൂസ്

ഇന്നെൻ ചെവിയിലലയ്ക്കുമത്യാഹിത-
സന്ദേശമെത്രയോ മുൻപറിഞ്ഞേനഹം,

ശത്രുക്കളാപത്തണച്ചാലപമാന-
മത്രവരില്ലെന്നു വിശ്വസിക്കുന്നു ഞാൻ
ആകയാൽ സേയൂസ്സയയ്ക്കട്ടെയെൻെറമേൽ
ഭീകരം മിന്നൽപ്പിണരുകളായിരം
വാനം സ്തനിതധ്വനികളാ, ലത്യുഗ്ര-
വാത്യകളാലും പിളക്കട്ടെ വിദ്രുതം
നിശ്വസിതത്തിനാൽ പൃഥ്വികീഴ്മേൽമറി-
ച്ചുച്ചലത്സാഗര വീചീചയങ്ങളെ
നക്ഷത്രമണ്ഡലമെത്തിക്കുമാറൊരു
വിക്ഷോഭവുമുളവാക്കട്ടെ വാസവൻ
അല്ലെങ്കിലെന്നെയെടുത്തുപൊക്കി സ്വയ-
മുല്ലാസപൂർവ്വം ചുഴററിയെറിയവേ
ഞാനങ്ങു ചെന്നു പതിച്ചിടാം പാതാള-
നാശഗത്താവത്തകങ്ങളിലക്ഷണം
എങ്കിലും തീർത്തു പറഞ്ഞിടാം സേയൂസ്സി-
നെന്നെ വധിക്കുവാനാവില്ലൊരിക്കലും.

ഹെർമെസ്

പേപിടിച്ചുള്ളവരിങ്ങനെ ചൊല്ലിടും
പേയല്ലയെങ്കിലെന്തീവക ഡംഭുകൾ?
എങ്ങവസാനമീ രൗദ്രതയ്ക്കു്?......
(ഗായകസംഘത്തിനോടു്)
എന്തിനീ
നിങ്ങൾ ദയാകുലമിങ്ങു നിന്നീടുന്നു?
കാരുണ്യലേശമറിയാത്തവൈദ്യുത-
നാളങ്ങൾ വന്നു പതിപ്പതിൻ മുന്നമേ

പോയാലുമിങ്ങനിന്നല്ലെങ്കിലിന്ദ്രിയ-
വ്യാമോഹമാൎന്നസ്വബോധരായ് വീണുപോം!

### ഗായകസംഘംനേതാവ്

ഉചിതമൊരുപദേശം വേറെനോക്കൂ
സദയം, ഞാനെന്നാലനുസരിക്കാം
അവിഷഹ്യാഭാഷണഘോഷണമെൻ
ചെവികളിലേവം മുഴക്കരുതേ
ഒരു മഹാഭീരുവായെന്നെ നിങ്ങൾ
കരുതരുതേതും സഹിച്ചിടാ ഞാൻ.
ഇതുവരെ വഞ്ചകസ്നേഹമാളാ-
നൊരുവരുമെന്നെപ്പഠിപ്പിച്ചില്ല!
അതുപോലെ മററൊന്നും നിന്ദ്യമായെൻ
മനതാരിലോരുന്നതില്ല ചൊല്ലാം.

### ഹെർമെസ്

അങ്ങനെതന്നെ;യെന്നാലുമോൎത്തീടണ-
മങ്ങയെ ഞാൻ ഗുണദോഷിച്ചു,താകയാൽ
ആപൽച്ചുഴിയിലകപ്പെട്ടുഴലവേ
ആകെപ്പഴിക്കൊലാ നിൻെറ ഭാഗ്യത്തിനെ
തെററു ചെയ്യാത്തവൻമേലേ വിപത്തുക-
ളെററിനാനാകസ്മികമെന്നുരയ്ക്കൊലാ
നീയേ നിമിത്തമാണേതുമദ്ദേഹമ-
ല്ലീവിധമാപത്തിനെന്നതുമോൎക്കണം.
അത്രപെട്ടെന്നു രഹസ്യമായല്ല നി-
ന്നത്യാഹിതം ഭവിക്കുന്നതുമിക്ഷണം.

ഇക്കേണി നിന്നുടെ മൗഢ്യത്തിനാൽക്കരു-
ക്കേററതാ,മാരുമഴിക്കില്ല നിർണ്ണയം.

(ഹെർമെസ് പറന്നു മറയുന്നു. ഇടിയും മിന്നലും)

പ്രൊമെത്യൂസ്

നിർണ്ണയം! ഭൂമികുലുങ്ങുന്നു! സത്യമായ്
വന്നിതു വാക്കിനാൽ തന്നോരു ഭീഷണി
ഏററം മുഖരിതം സാഗരഗർഭത്തി-
ലാർത്തുയർന്നീടുന്നു ഘോരസ്തനിതവും
ചുററിവളഞ്ഞു വളയങ്ങളായ് മിന്ന-
ലററമില്ലാതിതാ പാളുന്നു മേല്ക്കുമേൽ
ധൂസരജാലം ചുഴലിയായ്പ്പൊന്തുന്നു
വീശിയടിപ്പൂ കൊടുങ്കാററു ചുററിലും
വാനവുമാഴിയുമൊന്നിച്ചുരുളുന്നു
വാനവവിദ്വേഷവാത്യതാൻ നിശ്ചയം!

ഹാ! പുണ്യശാലിനിയാകുമമ്മേ! ജീവ-
ജാലത്തിനുന്മേഷമേകുന്ന വാനമേ!
കാണുവിൻ നിങ്ങളിരുവരുമെൻെറമേൽ
വീണുപോയ് വിണ്ണിൻെറ നിഷ്ഠുരനീതികൾ!!

(ഇടിമിന്നലിനിടയിൽ പ്രൊമെത്യൂസ് മറയുന്നു;
കൂടെ സാഗരകന്യകകളും.)

# ടിപ്പണി

വരി 4. അസ്മജ്ജനകൻ = നമ്മുടെ പിതാവു്; സേയൂസ്; യവനരുടെ ദേവേന്ദ്രൻ.

7—8. സമുജ്വല...രഹസ്യത്തെ = വിശ്വകർമ്മാവിന്റെ കലാരഹസ്യമായി അഗ്നിയെ കല്പിച്ചിരിക്കുന്നു. ഹെഫെസ്റ്റസ് യവനരുടെ അഗ്നിദേവതയും വിശ്വകർമ്മാവുമാണു്. അനേകം കലകളുടെ ഉത്പത്തിക്കും അഭിവൃദ്ധിക്കും ഹേതുവായതു് അഗ്നിയാണല്ലോ. 'സ്ഫുലിംഗ'ത്തിനു വിശേഷണമായി 'സമുജ്വലപുഷ്പിതം' കൊടുത്തിരിക്കുന്നതു ശ്രദ്ധാർഹമാണു്. സമുജ്വലമാകുംവണ്ണം പുഷ്പിതമായ സ്ഫുലിംഗം; തിളങ്ങി പൂത്തുനിൽക്കുന്ന തീപ്പൊരി. പുഷ്പിതശബ്ദം ഔപചാരികമാണു്.

13. 'ഹിംസാ' സംസ്കൃതത്തിലെന്നപോലെ യവനഭാഷയിലും സ്ത്രീലിങ്ഗമാണു്. സേയൂസ്സിന്നഭിലാഷം വ്യക്തവൈഭവം = സേയൂസ് അഭിലഷിച്ചതു നടക്കാതിരിക്കില്ലെന്നു സാരം.

19. തേമീസ് = ഭൂമീദേവിയുടെ മറെറാരു പേരു്. പ്രൊമെത്യൂസ് ഭൂമീദേവിക്കു വാനദേവനായ യുറാനസ്സിൽനിന്നുണ്ടായ സന്താനമാണു്.

48. വഞ്ചിക = ഭണ്ഡാഗാരം; പാത്രം.

103. പ്രൊമെത്യൂസ് (Fore thoughtful, Far-sighted, Provident) എന്ന വാക്കിനു 'മേധ'കൊണ്ടു് ഭാവി കാണുന്നവൻഎന്നത്രേ. പൂർവ്വമേധസ് (പ്രൊ മേധസ്) എന്നു സംസ്കൃതത്തിൽ പറഞ്ഞാൽ ശരിയാകുമോ എന്തോ? ഏതായാലും ശാബ്ദമായും ആർത്ഥമായും ആ രണ്ടു പദങ്ങൾക്കും സജാതീയത കാണുന്നുണ്ടെന്നു തീർച്ച.

110. സാഗരഭംഗങ്ങൾ = സമുദ്രത്തിലെ തിരമാലകൾ.

134. പ്രൊമെത്യൂസ് ഭൈതകപ്പത്തണ്ടിലായിരുന്നുപോലും തീപ്പൊരി ഒളിച്ചുവെച്ചു മനുഷ്യനു കൊടുത്തതു്.

138. കിന്നരസ്വരൂപകൻ = കിം നരഃ? നരനാണോ? ഗ്രീക്കുകാരുടെ

'Demi God' (അർദ്ധദൈവം) എന്നതിനു് അങ്ഗീകരിച്ച പദമാണിതു്.

146. ഗായകസംഘം (Chorus) ഈ നാടകത്തിൽ സാഗരകന്യകകളാണു്. ഓഷ്യാനസ് എന്ന വരുണദേവൻെറ പുത്രിമാരാണവർ. ഓഷ്യാനസ് പ്രൊമെതൃസിൻെറ ഒരു പിതൃവ്യനായി വരും. (വംശാവലി നോക്കുക. അന്യത്ര കൊടുത്തിട്ടുണ്ടു്.) ആ നിലയ്ക്കു് സാഗരകന്യകകൾ പ്രൊമെതൃസിൻെറ സഹോദരികളാണല്ലോ. ഇവർ പ്രവേശിക്കുന്നതു് ചിറകുള്ള കുതിരകളെ പൂട്ടിയ ഒരു രഥത്തിലാണോ, ഓരോരുത്തരും പ്രത്യേകം കുതിരപ്പുറത്താണോ എന്നു തീർത്തു പറവാൻ ആവില്ല.

161. തെത്തീസ് = ഓഷ്യാനസ്സിൻെറ ഭാര്യ. ഇവരുടെ മക്കളാണു് ഈനാക്കുസ്, ജലദേവതകൾ (സാഗരകന്യകകൾ), ഹെഷ്യോണെ, എന്നിവർ. അടുത്തുതന്നെ ഈ നാടകരംഗത്തു പ്രവേശിക്കുന്ന 'അയോ' എന്ന കന്യക ഈനാക്കുസിൻെറ പുത്രിയാണു്. പ്രൊമെതൃസ് വിവാഹം കഴിച്ചതു് ഓഷ്യാനസ്സിൻെറ ഒടുവിലത്തെ മകളായ 'ഹെഷ്യോണെ'യെ ആണു്. ഹെഷ്യോണെയെപ്പറ്റിയുള്ള പരാമർശവും അടുത്തുതന്നെ വരുന്നു.

166. ജലദേവതകളോടു് സാക്ഷിനിൽക്കണമെന്ന അപേക്ഷ സമുചിതംതന്നെ. അവർ ലോകസാക്ഷികളിൽ ഒരാളായ ജലധിയുടെ (ഓഷ്യാനസ്) അരുമസന്താനങ്ങളാണല്ലോ. "സന്തതമനിമേഷം ലോകത്തെ ചുഴന്നിട്ടും" എന്ന ജലധിവിശേഷണം ഈ അഭിപ്രായത്തിനു ഗമകമാണെന്നും കാണുക. "വിണ്ണിനെച്ചുംബിക്കും കുന്നിൻമുടി"—പ്രൊമെതൃസ് ബന്ദിയായി നിൽക്കുന്ന കുന്നിൻെറ വിശേഷണത്തിൽ അന്തർഭൂതമായ ഔചിത്യവും ശ്രദ്ധാർഹമാണു്. സേയൂസിനോടുള്ള പക 'വിണ്ണിനെച്ചുംബിക്കും' എന്ന പ്രയോഗത്തിൽ ധ്വനിക്കുന്നു. ഈ ഗ്രന്ഥം മൂലഗ്രന്ഥത്തിൻെറ ഇംഗ്ലീഷ്പരിഭാഷകളിൽ അസ്പഷ്ടാർത്ഥമായി നിൽക്കുന്നു.

187. സേയൂസിൻെറ പിതാവാണു് ക്രോണസ്.

231—32. യുറാനസ്സിൻപുത്രരാം ഭൗമന്മാർ = യുറാനസ് എന്ന വാനദേവനു് ഭൂമിയിൽനിന്നും പിറന്നവരത്രെ തൈത്താന്മാർ. സ്വതേ ആസുരാത്മാക്കളാണവർ. 'ഭൗമ'പദം പ്രയോഗിച്ചതും തന്മൂലമാണു്.

256. അന്നങ്ങനെ സേയൂസ് ഒരു നൂതനസൃഷ്ടി ചെയ്യണമായിരുന്നു! മാനവചരിത്രം മറിച്ചു നോക്കുമ്പോൾ ഇങ്ങനെ തോന്നാൻ ന്യായമുണ്ടെന്നാത്രേ ഒരു വ്യാഖ്യാതാവിൻെറ അഭിപ്രായം!

311. ഓഷ്യാനസ്സിൻെറ ഹൃദയം സ്വതേ അനുകമ്പാർദ്രമാണ് എന്നു കാണിക്കാനായിരിക്കും 'തന്നാമം വഹിച്ചീട്ടുമുജ്ജ്വലപ്രവാഹം' എന്നിങ്ങനെ പ്രയോഗിച്ചിരിക്കുന്നതു്. ശിലാമയമായ ഗഹ്വരപ്രദേശം വെടിഞ്ഞു് ഇരുമ്പിൻപെററമ്മയായ ധരയെ സമീപിക്കുന്നുവെന്നു പറഞ്ഞിരിക്കുന്നതും ശ്രദ്ധാർഹമാണ്. ദൃഢചിത്തതയോട്ടുകൂടി കഠിനയാതന കാണാൻ വന്ന ഓഷ്യാനസ്സിനോട്ട് പ്രൊമെതൃസ് ചെയ്യുന്ന ഈ സംബുദ്ധി സമുചിതം തന്നെ.

345—46. വല്ലതുമൊക്കെ വിളിച്ചുപറയുന്ന ആൾക്കാർക്കാണ് സാധാരണ ആപത്തുവരുന്നതെന്നു സാരം.

373. തൈഫൂൺ = നരനാഗസ്വരൂപത്തിലുള്ള ഒരസുരൻ; നൂറു തലയുണ്ട്. ഭൂമിയുടെയും താർത്തരസ്സിൻെറയും മകനാണെന്നു് ഐതിഹ്യം.

383. എററീനാ ധരാധരം = Mount Etna. ബി. സി. 479 മുതൽ 476 വരെ തുടർച്ചയായി മൂന്നാല്യ വഷത്തോളം ഈ അഗ്നിപവ്വതം പൊട്ടി അഗ്നിദ്രാവകം (ലാവ) ഒലിപ്പിച്ചു എന്നു രേഖയുണ്ട്. ഈ സംഭവം അനുസ്മരിച്ചായിരിക്കും 'എസ്ക്കെലസ്',

''അവിടെനിന്നുംപിന്നെയൊഴുകും തീനാളത്തി-
ന്നരുവിയനിഷേധ്യപ്രാഭവമുഖത്തോടെ
സിസിലിദ്വീപത്തിലെ വിസ്തൃതകേദാരങ്ങൾ
ശിഥിലീകൃതമാക്കുമാലാവാപ്രവാഹങ്ങൾ''

എന്ന ഭാഗം എഴുതിയതു്. ഇതിനെ ആസ്പദമാക്കിത്തന്നെയാണ് ഈ നാടകകൃത്തിൻെറ കാലം ഏതാണ്ട് ബി. സി. അഞ്ചാംനൂററാണ്ടെന്നും കണക്കാക്കിയിരിക്കുന്നതു്.

405—6. നല്ലവാക്കുപറഞ്ഞാൽ, അതും സമയംനോക്കിപ്പറഞ്ഞാൽ, സേയൂസ് വഴിപ്പെട്ടുമെന്നാണ് ഓഷ്യാനസ്സിൻെറ മതം. വിങ്ങും ഭാവത്തിൽ = വികാരംകൊണ്ട് ക്ഷോഭിച്ചിരിക്കെ എന്നത്ഥം. കട്ടുംകെട്ടുകെട്ടുക = അറുത്തുമുറിച്ചു് എന്തെങ്കിലും പറയുക. വീക്കം ഉള്ളപ്പോൾ അതിനെ കട്ടുംകെട്ടുകെട്ടി വരിയുന്നതു് ആപത്കരമാണല്ലോ.

425. കൊൾച്ചിസ് (Colchis) കരിങ്കടലിനു തെക്കുകിഴക്കുതീരത്തുള്ള ഒരു രാജ്യമാണ്.

427. മേയോത്തീസ് (Maeotis) അസോവ് (Azov) എന്ന കടലിൻെറ പുരാണനാമം.

443. ആരബ്സേനകളെന്നതു് ആർമീനിയാസേനകളെ ഉദ്ദേശി ച്ചായിരിക്കണം എസ്ക്കിലസ് എഴുതിയതെന്നു് വ്യാഖ്യാതാക്കൾ അ ഭിപ്രായപ്പെട്ടുന്നു. അറബികൾ അവിടെ വരാൻ വഴിയില്ലത്രേ.

515. അൽത്താര (Altar) = ബലിപീഠം.

532. കലകളെപ്പററി തികച്ചും അറിഞ്ഞിരുന്ന പ്രൊമെതൃസ് ആപത്തു നേരിട്ട സമയത്തു് അവ നിഷ്പ്രയോജനങ്ങളെന്നു് ഉത്ഘോ ഷിക്കുന്നു. 'ആവശ്യം' (Necessity) എന്നതു 'വിധി' 'ദൈവഗതി' തുട ങ്ങിയവയെ സൂചിപ്പിക്കുന്നു. യവനന്മാർക്കു് Necessity—ആവശ്യം?— ഒരു ദേവതയാണു്. 'വിധി'യെന്നു പരിഭാഷപ്പെട്ടുത്തിയാൽ ഏതാണ്ടൊ രത്ഥം കിട്ടും. എങ്കിലും മൂലഗ്രന്ഥത്തോട്ടു കൂട്ടുതൽ സത്യസന്ധമാക്കാനും, ഗ്രീക്കുകാരുടെ ആ ദേവതയെ നമ്മുടെ വെറും 'വിധി' യാക്കി മാററാതെ ഇരിക്കാനും മാത്രമാണു് 'ആവശ്യ'മെന്ന പരിഭാഷ സ്വീകരിച്ചതു്. "ഹ ന്ത! ദുർബലമല്ലോ കലകൾ ദൈവേച്ഛയിൽ" എന്നോ മറേറാ തർജ്ജമ ചെയ്താൽ ആശയം സ്പഷ്ടമാകുമെങ്കിലും Necessity എന്ന ദേവതയുടെ രൂപം പക്ഷേ നാം തെററിദ്ധരിച്ചേക്കും.

580. ആർഗസ് (Argus) ഭൂമിയുടെ മറെറാരു സന്താനം; അസുരൻ; കണ്ണുകളനേകമുള്ളവൻ; ഒരിക്കലും കണ്ണടിമയ്ക്കാത്തവൻ. അവൻെറ അധീ നത്തിലാണു് 'അയോ' എന്ന കന്യകയെ 'ഹേരാ' സൂക്ഷിക്കാനേല്പിച്ചതു്. ഹേരാദേവതയുടെ പുരോഹിതയാണു് 'അയോ'. ആർഗോസ് (Argos) രാജ്യത്തിലെ രാജാവും ഒരു നദീദേവതയുമായ 'ഈനാക്കുസി'ൻെറ മക ളാണു് 'അയോ'. അവളെ സേയൂസ് കാമിച്ചു. ശേഷം കഥ പ്രസ്തുത നാ ടകത്തിൻെറ അനന്തരഭാഗങ്ങളിൽനിന്നു ഗ്രഹിക്കുക.

581. 'പേയാം കടന്നലിൻ കുത്തൽ' = ഹേരാദേവത അയോ എന്ന കന്യകയെ ഒരു പശുവാക്കിമാററി. മാത്രവുമല്ല ആ ദേവത ഒരു കടന്ന ലിനെ ആ പാവപ്പെട്ട കന്യകയുടെ പിന്നാലെ വിട്ടു. അവളാകട്ടെ, ഭൂമി മുഴുവൻ കിടന്നു നെട്ടോട്ടമോടിത്തുടങ്ങി. ഈ കടന്നൽക്കുത്തു് അവളെ പേപിടിപ്പിച്ചു!

583. 'ചത്തവനെങ്കിലും...' ആർഗസ്സിനെ വധിക്കാൻ സേയൂസ് ഹെർമെസ്സിനെ വിട്ടിരുന്നു. അങ്ങനെ ആ അസുരൻ വധിക്കപ്പെട്ടു എങ്കി ലും അവൻെറ ക്രൂരവീക്ഷണം ഈ കന്യകയെ പിൻതുടർന്നിരുന്നുവെന്നു സാരം.

(ഈ കഥ എസ്ക്കെലസ്സിൻെറ മററൊരു നാടകത്തിനു "The Suppliants" വിഷയമായിട്ടുണ്ട്.)

591. ആ അസുരൻെറ മെഴുകിട്ട കുഴലിൽനിന്നു പുറപ്പെടുന്ന ഗാനവും ആ കന്യകയെ ശല്യപ്പെടുത്തുന്നു.

673. ലേർണാ (Lerna) = ആർഗോസിനടുത്ത ഒരിടം.

682—83. ദെൽഫി (Delphi) ദോദോണ (Dodona) എന്നീ സ്ഥലങ്ങളിലെ വെളിപാടുകൾ (Oracular sayings) സുപ്രസിദ്ധമാണല്ലോ. ഭാവിഫലമറിയാൻ അവിടങ്ങളിൽ ഗ്രീക്കുകാർ പോവുക പതിവായിരുന്നു.

710. സേർഷേണാ (Cerchneia) എന്ന സ്ഥലം പാർത്തെനൃസ് മലയിലാണെന്നു ചിലരുടെ പക്ഷം. ആധുനികർക്കു തീരെ പിടികിട്ടാത്ത 'ഭൂമിശാസ്ത്ര'മാണ് എസ്ക്കെലസ് പലയിടത്തും ശരണീകരിച്ചിരിക്കുന്നത്. 'അയോ'യുടെ ഗമനമാർഗ്ഗം, നാടകകൃത്തിൻെറ ഭൂമിശാസ്ത്രത്തിലുള്ളഭ്രമത്തെയാണു വസ്തുസ്ഥിതികഥനപാടവത്തേക്കാൾ കൂടുതലായി സൂചിപ്പിക്കുന്നതെന്ന് എല്ലാ വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. 740-നുശേഷമുള്ള ഭാഗങ്ങൾ നാടകകൃത്തിൻെറ ഈ ഭൂമിശാസ്ത്രപ്രേമത്തിനു സാക്ഷ്യംവഹിക്കുന്നു. വ്യാഖ്യാതാക്കൾ പലരും ഉററു പരിശ്രമിച്ചിട്ടുണ്ട്, ഇവിടെ പരാമർശിച്ചിട്ടുള്ള സ്ഥലങ്ങളുടെ ശാസ്ത്രീയമായ വിവരണം നൽകാൻ. മിക്കവരും ഒടുവിൽ പരാജയമടയുകയാണുണ്ടായത്! ഓരോ സ്ഥലവും തിട്ടപ്പെടുത്താൻ ശ്രമിച്ച ഒരാൾ ഇങ്ങനെയാണ് അഭിപ്രായപ്പെട്ടത്: "But all this is mapping fairyland!"

771. "നിന്നുടെ ഓർമ്മയ്ക്കായി... ഇങ്ങനെ വിഖ്യാതമാം" = ബോസ്പൊറസ് (Bosporus) എന്ന വാക്കിനു 'പശുവിൻചാല്' (Cow-ford or Ox-ford) എന്നാണ് അക്ഷരാർത്ഥം. ഗോരൂപിണിയായ 'അയോ' നീന്തിക്കടന്ന ഒരു ചാലാണ് അതെന്നു അനുസ്മരിക്കാനത്രേ പിന്നീടതിനു ബോസ്പൊറസ് എന്ന് അന്വർത്ഥമായി നാമകരണം ചെയ്തത്.

819. ഫോർസിസ് (Phorcys) = നെറേയൂസ്സിനു് (Nereus) ഭൂമിയിൽനിന്നുണ്ടായ മകൻ. അനേകം അസുരന്മാരുടെ ജനകനാണ് ഇയാൾ.

825. "മൂന്നു സഹോദരിമാരുണ്ട്" = നെറേയൂസ്സിൻെറ പുത്രിമാരാണിവരും. ഗോർഗോൺസ് (Gorgons) എന്നറിയപ്പെടുന്ന ഇവർ മെദൂഷാ (Medusa), സ്ത്തേണോ (Stheno), യൂറ്യാലെ (Euryle) എന്നീ മൂന്നു സഹോദരികളാണ്.

838. 'അരിമാസ്പ്യൻ'ജനത സ്വർണ്ണത്തിനുവേണ്ടി സമരംനടത്തിയ ഔത്തരാഹന്മാരാണെന്നു് യവനപുരാണം. മിൽട്ടൺ പറുദീസാനഷ്ടത്തിൽ ഇവരെ സ്മരിച്ചിട്ടുണ്ടു്. "As when a Gryfon through the Wilderness With winged course ore Hill or moarie Dale, Pursues the Arimaspian" (Paradise Lost., ii-943.)

853. മിസ്ര = ഈജിപ്റ്റ്.

865—6. "കേവലം മിഥ്യയല്ലക്കഥ..." എന്നിങ്ങനെ പ്രൊമെത്യൂസ് ഗായകസംഘനേതാവിനെ നോക്കിപ്പറയുന്നതു് നാടകകൃത്തിന്റെ ഭൂമിശാസ്ത്രപരിജ്ഞാനത്തെ ഒന്നുകൂടി പ്രദർശിപ്പിക്കാൻവേണ്ടി മാത്രമാണു്! അതാ വീണ്ടും അനേകമനേകം പൗരാണികഭൂഭാഗങ്ങളുടെ പട്ടിക വരുന്നു.

899. എപ്പാഫ്സ് (Epaphus) = സ്പർശനത്തിൽനിന്നു പിറന്നവൻ എന്നാണുപോലും ഈ പദത്തിനു ഗ്രീക്കിലുള്ള അർത്ഥം.

909. "ബന്ധുക്കളാം നിജ......ഭീതിദം" = ബന്ധുക്കളല്ല, വാസ്തവത്തിൽ സഹോദരന്മാർതന്നെയായിരുന്ന ആ കന്യകകളെ കാമിച്ചതു്. എസ്ക്കൈലസ്സിന്റെ "The Suppliants" എന്ന നാടകത്തിലെ കഥാവസ്തു ഇതത്രേ. എപ്പാഫ്സ്സിനു് (അയോയുടെ പുത്രൻ) രണ്ടാൺമക്കളുണ്ടായി;—ദാനാവുസ്സും ഈജിപ്റ്റസ്സും. (Danaus and Aegyptus). ദാനാവുസ്സിനു് അൻപതു പെൺകുട്ടികളും ഈജിപ്റ്റസ്സിനു് അൻപതു ആൺമക്കളും പിറന്നു. ഈ ആൺമക്കൾ അവരുടെ പിതൃസഹോദരന്റെ പെൺമക്കളെ കല്യാണംകഴിക്കാൻ ആശിച്ചു. ദാനാവുസ്സിനും പുത്രീമാർക്കും ഇതത്ര സമ്മതമായില്ല. സ്വതേ സഹോദരബന്ധം വർജ്യമായതുകൊണ്ടല്ലാ അവർ ഈ വിവാഹത്തിനു വിസമ്മതം പ്രകടിപ്പിച്ചതു്. (അക്കാലത്തു് ഈജിപ്റ്റിൽ സഹോദരൻ സഹോദരിയെ വേട്ടിരുന്നു. ഏഥൻസിലാകട്ടെ സഹോദരസന്താനങ്ങൾ തമ്മിലുള്ള ദാമ്പത്യംവരെ അനുവദിച്ചിരുന്നു.) ഈ യുവകാമുകർ മൃഗീയസ്വഭാവമുള്ളവരായിരുന്നതിനാലാണു് ആ ബന്ധുരഗാത്രികൾക്കു് 'അത്യന്തഭീതിദ'രായതു്.

923. "ആശിച്ചിട്ടുന്നു........." = പ്രൊമെത്യൂസിന്റെ പ്രതീകാരബുദ്ധി അത്രമാത്രം വിജൃംഭിച്ചു! അതുകൊണ്ടാണു് ഇങ്ങനെയൊരു ശാപവാക്യം ഇടയ്ക്കു വിക്ഷേപിച്ചതു്.

951. "തന്നോട്ടസമ.......പ്രാജ്ഞനന്യനില്ലയല്ലോ" = മിതിലീനിൽ പിത്താക്കസ് എന്നൊരു മഹർഷിയുണ്ടായിരുന്നു. (യവനരുടെ സപ്തർഷികളിൽ ഒരാളാണദ്ദേഹം.) അദ്ദേഹത്തോട്ട് ഒരാൾ ഒരു സംശയം ചോദിച്ചു, താൻ ഏതുനിലയ്ക്കുള്ളവളെയാണു വേൾക്കേണ്ടതെന്ന്. അടുത്തുതന്നെ കളിച്ചുകൊണ്ടിരുന്ന കുറെ കുട്ടികൾ ആ സമയം "അവനവൻെറ തണ്ടിമതി" എന്നു പരസ്പരം ഉച്ചത്തിൽ വിളിച്ചുപറയുന്നതു് ആ മഹർഷി ചോദ്യകർത്താവിന്റെ ശ്രദ്ധയിൽപെടുത്തി. ഇതാണു് ഇവിടെ സൂചിപ്പിച്ച കഥ.

1087. "അല്ലെങ്കിൽ മററൊരു ദേവൻ അവതരി........താണു വാണീടണം":—ഷെയ്റോൺ എന്ന ദേവൻ (Cheiron) ഹേരാക്കിൾസിൻെറ വിഷലിപ്തശരമേററു് യാതനാധീനനായി. അമർത്യത അദ്ദേഹത്തിൻെറ തീവ്രയാതനയുടെ മൂർച്ച വർദ്ധിപ്പിച്ചേ ഉള്ളു. അദ്ദേഹം സ്വയം ആ അമർത്യഭാവത്തെ കൈവെടിഞ്ഞു് പാതാളാന്തർഭാഗത്തേക്കു് കിഴിഞ്ഞിറങ്ങി പ്രൊമെത്യൂസിൻെറ സ്ഥാനം ഏറെറടുത്തു. 'താത്തരസ്സീമ' എന്ന സമസ്തപദം താത്തരന്മാരുടെ, പാതാളനിവാസികളുടെ സീമ എന്ന അർത്ഥത്തിലാണു പ്രയോഗിച്ചിരിക്കുന്നതു്.

1163. "ഹാ! പുണ്യശാലിനി......" അമ്മയായ ഭൂദേവിയേയും അച്ഛനായ വാനദേവനേയും വിളിച്ചു കേഴുന്നു.

★

## തിരുത്ത്

| ഭാഗം | വരി | തെററ് | ശരി |
|---|---|---|---|
| 29 | 230 | ഏറേ ശഠിക്കുവോർ | ഏറെശ്ശഠിക്കുവോർ |
| 37 | 383 | ഏററീനാ | ഏററിനാ |
| 55 | 715 | നടപ്പവനായിരം | നടപ്പോനായിരം |
| 67 | 930 | ആർഗസ്സിൽ | ആർഗസിൽ |
| 69 | 953 | ചെന്നതിന്നാദ്യം | ചൊന്നതിന്നാദ്യം |
| 77 | 1047 | സേയ്യൂസ്സിൻ | സേയ്യൂസിൻ |

'ഗായകസംഘം നേതാവ്' എന്ന് അച്ചടിച്ചിരിക്കുന്ന ഭാഗത്തെല്ലാം 'ഗായകസംഘം: നേതാവ്' എന്നു വായിക്കണം.

C. V. BAPAKA GRANDHARANA GRANDHA SALA THENNOORKONAM VENGANOOR P. O.

2523

## അസ്സ്രോളജർ

കാരൂർ നീലകണ്ഠപ്പിള്ള

അനുകമ്പയാൽ ആർദ്രങ്ങളായ രണ്ടു കണ്ണുകൾ നിഷ്കളങ്കമായി പുഞ്ചിരിക്കൊള്ളുകയാണു് ഈ കഥകളിലെല്ലാം. ചുററുപാടുമുള്ള ജീവിതങ്ങൾ സശ്രദ്ധം അദ്ധ്യയനംചെയ്തു് അവയിലെ സാധാരണത്വങ്ങൾ സഹാനുഭൂതിയിൽ കുളിപ്പിച്ച നേർത്ത പരിഹാസത്തോടെ ആവിഷ്കരിക്കുമ്പോൾ നമ്മുടെ തൊണ്ടയിൽ കണ്ണീർ തടഞ്ഞുനില്ക്കുകയും ചുണ്ടുകളിൽ നേരെത്തൊരുപുഞ്ചിരി പരക്കുകയും ചെയ്യുന്നു.

വില ക. 1.00

## കുററവിസ്താര കഥകൾ

വി. മാധവൻനായർ

കുററവാളിയുടെ ലോകം അത്ഭുതകരമായ ഒരു ലോകമാണു്. കുറ്റവാളികളെ സംബന്ധിച്ചും കുററങ്ങളെ സംബന്ധിച്ചും എന്തൊരു വൈവിദ്ധ്യമാണു് നമുക്കനുഭവപ്പെടുക. ഈ അനുഭവകഥകൾ പലതും നമുക്കു് അമാനുഷികങ്ങൾ പോലെ തോന്നും. മനുഷ്യമനസ്സിലെ വൈകൃതങ്ങളും, വൈശിഷ്ട്യങ്ങളുമെല്ലാം ഇതിൽ നിഴലിച്ചുകാണാം..

വില ക. 1.50

## ചുമട്ടുതാങ്ങി

നാഗവള്ളി

സാമൂഹ്യം, സാമ്പത്തികം, രാഷ്ട്രീയം, എന്നീ പശ്ചാത്തലങ്ങളിൽ രചിക്കപ്പെട്ടവയും പുരോഗമനാത്മകമായ ചിന്താഗതിയടങ്ങിയവയുമാണു് ഇതിലെ കഥകൾ. തന്നെയുമല്ല ഈ കഥകൾ ജീവിതത്തിൻെറ വിവിധരംഗങ്ങളിൽ കണ്ടുമുട്ടുന്ന വ്യക്തികളുടെ സജീവചിത്രീകരണംകൊണ്ടു് ഹൃദയസ്പർശികൂടിയാണു്.

വില ക. 1.50

## ഒരുറപ്പിക

ശങ്കരൻ കരിപ്പായി

ജീവിതത്തിൻെറ കണ്ണീരും പുഞ്ചിരിയും നെടുവീർപ്പും തേങ്ങലുകളും എല്ലാം. എല്ലാം പ്രതിഫലിക്കുന്ന പത്തു ചെറുകഥകൾ. ഹൃദയത്തിൻെറ അഗാധതലങ്ങളെക്കൂടി സ്പർശിക്കുന്നവയാണിവ.

വില ക. 1.00

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം—തിരുവനന്തപുരം

VENGANOOR

2053

# പ്രൊമെത്യൂസ്

## എസ്കിലസ്

വിവർത്തനം

ഡാ. എസ്. കെ. നായർ

ശ്രീ